# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6:68)

വാല്യം 7 ഡിസംബർ 2009 ലക്കം 12

## എഡിറ്റോറിയൽ ബോർഡ്

ജോജി ടി. സാമുവൽ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ് (തിരുവല്ല)
ജോബി ചെറിയാൻ (റാന്നി)
സാജു ജോസഫ് (ആലപ്പുഴ)

മാനേജർ
ജേക്കബ് മാത്യു (കായംകുളം)
ഫോൺ 0479-2472643 (Res.)

'മാസിക കിട്ടിയില്ല' തുടങ്ങിയ സർക്കുലേഷൻ സംബന്ധമായ പരാതികൾക്കു താഴെ ചേർക്കുന്ന നമ്പറുകളിൽ ഏതുസമയത്തും ബന്ധപ്പെടാവുന്നതാണ്
9495234087/9249516234

## വാർഷികവരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :

**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള-686 016, ഫോൺ 0481-2392753,
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.

## വിദേശപ്രതിനിധികൾ

**U.S.A**
**Binoy James**
Ph. 512990-2808(R)
512826-5028(O)
Email: benoyjames@hotmail.com

**DUBAI**
**Shabu Kuruvilla**
Ph. 050-7970839
E-mail: skuruvi@gmail.com

# മൊഴി മുത്ത്




നാം ലോകത്തെ ജയിക്കുന്നത് ലൗകികകാര്യങ്ങൾ ഉപേക്ഷിക്കുന്നതിലൂടെയല്ല, മറിച്ച് ചൈതന്യമകമായവിധം ലോകത്തിൽനിന്ന് അന്യരായി നിന്നുകൊണ്ട് പരിശുദ്ധാത്മാവിലുള്ള നീതി, സമാധാനം, സന്തോഷം എന്നിവ സ്വായത്തമാക്കുന്നതിലൂടെയാണ്. ദൈവരാജ്യത്തിന്റെ ഈ ദിവ്യപ്രകാശം സകലജനങ്ങളും കാണുമാറ് അതിനെ വെളിവാക്കുകയാണ് നമ്മുടെ കർത്തവ്യം. അതിനാൽ നമ്മുടെ ലോകത്തിലുള്ള ജോലികൾ ഉപേക്ഷിക്കേണ്ട കാര്യമില്ല. ഒരിക്കലുമില്ല. എന്തെന്നാൽ അതു നമ്മുടെ സുവിശേഷ വയൽപ്രദേശമത്രേ.

വഴിയിലോ വയലിലോ കടയിലോ വ്യവസായശാലയിലോ ആശുപത്രിയിലോ വിദ്യാലയത്തിലോ നാം ചെയ്യുന്ന സകല കാര്യങ്ങൾക്കും ക്രിസ്തുവിന്റെ രാജ്യത്തിന്റേതായ ഒരാത്മീയമൂല്യമുണ്ട്. ലോകത്തിൽനിന്നു പുറത്തുവന്നിട്ടല്ല, പിന്നെയോ ലോകത്തിൽ നിന്നുകൊണ്ടു ദൈവിക പ്രകാശം അവിടെ പ്രശോഭിപ്പിക്കുന്നതിനാലാണ് സഭ ദൈവത്തെ മഹത്വപ്പെടുത്തുന്നത്

-വാച്ച്മാൻ നീ

**എഡിറ്റോറിയൽ**

# മനുഷ്യരെ പേടിക്കരുത്



**ഇ**പ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നത്? അല്ല, ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല.(ഗലാ.1:10)

നാം സാധാരണ കരുതുന്നത് ദൈവത്തെയും മനുഷ്യനെയും പ്രസാദിപ്പിച്ചു ജീവിക്കണം എന്നാണല്ലോ. എന്നാൽ പൗലൊസ് അവ രണ്ടും പരസ്പരവിരുദ്ധമായാണ് ചിത്രീകരിച്ചിരിക്കുന്നത്. 'ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കുകയില്ല.'എന്ന് ഒരർത്ഥശങ്കയ്ക്കും ഇടയില്ലാതെവണ്ണം അദ്ദേഹം തീർപ്പു കൽപ്പിച്ചിരിക്കുകയാണ്. ('നിങ്ങൾക്കു ദൈവത്തെയും പണത്തെയും സേവിപ്പാൻ കഴിയുകയില്ല' എന്ന യേശുവിന്റെ വചനത്തിന്റെ കാർക്കശ്യമാണ് ദൈവത്തെയും മനുഷ്യനെയും താരതമ്യം ചെയ്യുന്ന ഈ വചനത്തിലും മുഴങ്ങിനിൽക്കുന്നത്.)

മനുഷ്യനെ പ്രസാദിപ്പിക്കാനുള്ള എല്ലാ ശ്രമങ്ങൾക്കും പിന്നിലുള്ളതു മനുഷ്യരെക്കുറിച്ചുള്ള, അവരുടെ അഭിപ്രായങ്ങളെക്കുറിച്ചുള്ള പേടിയാണ്. 'മനുഷ്യഭയം ഒരു കെണിയാണെ'ന്നു സദൃശ്യവാക്യകാരനും പറഞ്ഞിട്ടുണ്ടല്ലോ. മറ്റു മനുഷ്യരുമായി ബന്ധപ്പെട്ടു രണ്ടു കാര്യങ്ങൾ നമുക്കു കെണിയായിത്തീരാം. ഒന്ന്: മനുഷ്യരെക്കുറിച്ചുള്ള പേടി(സദൃശ.29:25;മത്താ.10:28). രണ്ട്:മനുഷ്യരുടെ മുഖസ്തുതി.(സദൃശ.29:5; ലൂക്കോ.6:26;യോഹ.5:44;12:43).

ആളുകളുടെ പ്രസക്തമായ അഭിപ്രായം കേൾക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിൽ തെറ്റില്ല. അതു വേണ്ടതുമാണ്. എന്നാൽ തനിക്കു ശരിയെന്നു തോന്നുന്നത് ആളുകളെ പേടിച്ചു ചെയ്യാതിരിക്കുമ്പോൾ അത് ശരിക്കും ഒരു കെണിയാണ്. "നാം ആകെ ഭയപ്പെടേണ്ടതു ദൈവത്തെ മാത്രമാണ്. നമുക്കെല്ലാ മനുഷ്യരെയും തൃപ്തിപ്പെടുത്താനാവില്ല." ഇംഗ്ലണ്ടിന്റെ ടെസ്റ്റുക്രിക്കറ്റുതാരമായിരുന്നശേഷം ചൈനയിലും ഇൻഡ്യയിലും ആഫ്രിക്കയിലും സുവിശേഷകനായി ജീവിതം ചെലവഴിച്ച പ്രശസ്തദൈവദാസൻ സി.ടി.സ്റ്റഡിന്റേതാണീ വാക്കുകൾ. ജീവിതത്തിന്റെ ഒരു നിർണായകഘട്ടത്തിൽ അദ്ദേഹം ഭാര്യക്കെഴുതിയ ഒരു കത്തിലാണ് ഈ വരികൾ ഉള്ളത്.

സി.ടി.സ്റ്റഡ് ജീവിതത്തിലുടനീളം മനുഷ്യരെ നോക്കാതെ ധീരമായ തീരുമാനങ്ങളെടുത്തിരുന്നു. 1879-80ൽ കേംബ്രിഡ്ജിൽ നിയമവിദ്യാർഥിയായിരിക്കേ ഇംഗ്ലണ്ടിനുവേണ്ടി ടെസ്റ്റുമാച്ചുകളിൽ തിളങ്ങിനിൽക്കുന്ന കാലത്താണ് ചൈനയിൽ പ്രേഷിതപ്രവർത്തനത്തിനു പോകാൻ സ്റ്റഡിനു ദൈവവിളിയുണ്ടായത്. പൊതുജനാഭിപ്രായം അതിനെതിരായിരുന്നു. പക്ഷേ അദ്ദേഹം ചൈനയിലേക്കു പോകാൻ തയ്യാറായി. തുടർന്ന് ഇരുപത്തൊന്നു വർഷം ചൈനയിലും ഇൻഡ്യയിലും പ്രവർത്തിച്ചശേഷം അദ്ദേഹം ഇംഗ്ലണ്ടിൽ മടങ്ങിയെത്തി. അവിടെവച്ചു വീണ്ടും പ്രേഷിതവേലയ്ക്കായി ആഫ്രിക്കയിലേക്കു പോകാൻ അദ്ദേഹം ആഗ്രഹിച്ചു. പക്ഷേ ആസ്മാരോഗിയായ സ്റ്റഡ് 52-ാം വയസ്സിൽ ഭാര്യയെ തനിച്ചാക്കി ആഫ്രിക്കയിലേക്കു പോകുന്നതിനെ ആരും അനുകൂലിച്ചില്ല. എന്നാൽ അദ്ദേഹം

ദൈവഹിതത്തിനു മാത്രം പ്രാധാന്യം നൽകി തനിയെ ആഫ്രിക്കയ്ക്കു കപ്പൽ കയറി. ആളുകൾ അദ്ദേഹത്തെ വിമർശിക്കുന്ന കാര്യം ഭാര്യ സ്റ്റഡിനെ എഴുതി അറിയിച്ചു. അതിനു നൽകിയ മറുപടിയിലാണ് മനുഷ്യരെയെല്ലാം തൃപ്തിപ്പെടുത്താനുള്ള ബാധ്യത നമുക്കില്ലെന്ന് അദ്ദേഹം എഴുതിയത്. തന്റെ വാദഗതിക്ക് ഉപോദ്ബലകമായി സ്റ്റഡ്, 'മില്ലറുടെ കഴുത'യുടെ കഥയും ഉദ്ധരിച്ചു.

ആ കഥ കേൾക്കുക: മില്ലർ എന്നൊരാൾ മകനുമായി ചന്തയിൽ പോകുകയായിരുന്നു. മില്ലർ കഴുതപ്പുറത്ത്. മകൻ കാൽനടയായി. നാട്ടുകാർ ഇതു ശ്രദ്ധിച്ചു. അവർ പറഞ്ഞു: "ഇയാൾ എന്തൊരു ദുഷ്ടനാണ്! ആ പാവം ചെറുക്കനെ നടത്തിയിട്ട് ഇയാൾ കഴുതപ്പുറത്ത് സവാരി ചെയ്യുന്നു! ഇതു മര്യാദയാണോ?"

അതു കേട്ടപ്പോൾ മില്ലർക്കു സങ്കടമായി.അദ്ദേഹം കഴുതപ്പുറത്തു നിന്നിറങ്ങി. മകൻ കഴുതപ്പുറത്തു കയറി. പിന്നെയും അവർ മുന്നോട്ടുപോയി. ഇത്തവണ പൊതുജനം ആക്ഷേപിച്ചതു മകനെയാണ്. "വയസ്സനെ നടത്തിയിട്ട് ചെറുപ്പക്കാരനായ മകന് ഇങ്ങനെ യാത്രചെയ്യാൻ നാണമില്ലേ?" എന്നവർ ചോദിച്ചപ്പോൾ അതു ശരിയാണെന്നു മകനും തോന്നി.

എങ്കിൽ രണ്ടുപേരും ഒന്നിച്ച് കഴുതപ്പുറത്തു കയറി യാത്രചെയ്യാമെന്ന് അവർ തീരുമാനിച്ചു. അപ്പോൾ പിന്നെ ഒരാക്ഷേപവും ഉണ്ടാവുകയില്ലല്ലോ! പക്ഷേ ഇക്കുറി ആക്ഷേപം വന്നത് മറ്റൊരു നിലയിലാണ്. മൃഗസ്നേഹികളായ നാട്ടുകാർ മൂക്കിൽ വിരൽ വച്ചു: "ഇതെന്തൊരു ക്രൂരത! രണ്ടു പേർ ഒരു കഴുതപ്പുറത്തോ? സത്യത്തിൽ ഇവന്മാരെ ചുമക്കുന്നതിനു പകരം ഇവന്മാർ ആ കഴുതയെ ചുമക്കുകയാണ് വേണ്ടത്."

'അങ്ങനെയെങ്കിൽ അങ്ങനെ' എന്നു മില്ലറും മകനും തീരുമാനിച്ചു. അവർ കഴുതയുടെ നാലുകാലും കൂട്ടിക്കെട്ടി ഇടയിലൂടെ ഒരു മരക്കമ്പുകടത്തി കമ്പിന്റെ രണ്ടറ്റവും തോളിൽ വഹിച്ച് കഴുതയെ ചുമന്നുകൊണ്ട് നടക്കാൻ തുടങ്ങി. പൊതുജനത്തിനു അതു രസകരമായ കാഴ്ചയായിരുന്നു. അവർ പറഞ്ഞു:"അതു കണ്ടോ? രണ്ടു കഴുതകളും കൂടി മൂന്നാമതൊന്നിനെ ചുമന്നുകൊണ്ടുനടക്കുന്നു."

മില്ലർക്കും മകനും മടുത്തു. അവർ കഴുതപ്പുറത്തു കയറുകയും കഴുതയെ പുറത്തു കയറ്റുകയും ചെയ്തതല്ലേ ഈ വിമർശനങ്ങളെല്ലാം ക്ഷണിച്ചുവരുത്തിയത്? ഇനി അതു വേണ്ട. ആർക്കും ഒരാക്ഷേപത്തിനും ഇടകൊടുക്കാതിരിക്കാനായി കഴുതയെ മുൻപിൽ നടത്തി രണ്ടുപേരും പിന്നാലെ നടക്കാൻ തുടങ്ങി. അതിനെക്കുറിച്ചും ആളുകൾക്ക് അഭിപ്രായം ഉണ്ടായിരുന്നു. അവർ പറഞ്ഞു: "എന്തൊരു വിഡ്ഢികൾ! സ്വന്തമായിട്ടൊരു കഴുതയുണ്ടായിട്ട് വെറുതെ നടന്നു കഷ്ടപ്പെടുന്നു!" എല്ലാവരുടെയും അഭിപ്രായങ്ങൾ അനുസരിച്ചു ജീവിച്ച മില്ലറിനും മകനും ഒടുവിൽ ഒന്നും തൃപ്തികരമായി ചെയ്യാൻ സാധിച്ചില്ല.

കഥ അവസാനിപ്പിച്ച് സി.റ്റി.സ്റ്റഡ് ഭാര്യക്കെഴുതി: "അതുകൊണ്ട് മനുഷ്യരെ തൃപ്തിപ്പെടുത്താൻ നോക്കാതെ നമുക്ക് ദൈവത്തെ മാത്രം ഭയപ്പെട്ടും പ്രസാദിപ്പിച്ചും മുന്നോട്ടുപോകാം."

ശരിയല്ലേ? ദൈവത്തെ മാത്രം ഭയപ്പെട്ടാൽ നമുക്കു മറ്റാരെയും ഒന്നിനെയും ഭയപ്പെടേണ്ട കാര്യം ഇല്ല. മത്തായി എഴുതിയ സുവിശേഷം പത്താം അദ്ധ്യായത്തിൽ തന്റെ ശിഷ്യന്മാരെ പൊതുജനമധ്യത്തിലേക്കു തനിയേ അയയ്ക്കുന്നതിനു മുൻപ് മൂന്നുവട്ടം അവരോടു 'ഭയപ്പെടേണ്ട' എന്നു യേശു

(ശേഷം പേജ് 21 ൽ)



സന്ദേശം

# മനുഷ്യരുടെ മുൻപാകെയുള്ള ജീവിതം

ചാൾസ് ഫിന്നി



**പല ക്രിസ്ത്യാനികളും ദൈവത്താലുള്ള മാനത്തെക്കാൾ മാനുഷികബഹുമതിയെ അധികം സ്നേഹിക്കുന്നവരാണ്.**

**അ**വർ ദൈവത്താലുള്ള മാനത്തെക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു. യോഹ 12:43

യേശുവിനെ ക്രിസ്തുവായി ഏറ്റു പറയാതിരുന്ന ചിലരെക്കുറിച്ചാണ് സുവിശേഷകൻ ഈ വാക്കുകൾ സംസാരിക്കുന്നത്. ശാസ്ത്രിമാരും പരീശന്മാരും ഉൾപ്പെടെ യരുശലേമിലെ പ്രധാനവ്യക്തികളെല്ലാം ഈ പറഞ്ഞ കൂട്ടത്തിൽപ്പെട്ടവരായിരുന്നു.

നിർദ്ദോഷമായ സന്തുഷ്ടിയെ ആഗ്രഹിക്കുന്ന സ്വയസ്നേഹവും സ്വാർത്ഥതയും തമ്മിൽ പ്രകടമായ അന്തരമുണ്ട്. സ്വസ്നേഹം, സന്തുഷ്ടിക്കുവേണ്ടിയുള്ള ആഗ്രഹം, ദുഃഖാനുഭവത്തെപ്പറ്റിയുള്ള ഭയം എന്നിവ ദൈവം സൃഷ്ടിച്ചാക്കിയിട്ടുള്ള മനുഷ്യസ്വഭാവത്തിന്റെ ഭാഗങ്ങളും ദൈവം നമ്മിൽ പ്രതീക്ഷിക്കുന്ന സ്വഭാവഘടകങ്ങളുമത്രേ. ദൈവ കൽപനകളുടെ പരിധിയിൽ നിന്നുകൊണ്ട് ഇവയെ നാം പിന്തുടരുന്നപക്ഷം അതു പാപകരമല്ല. എന്നാൽ ദൈവവ്യവസ്ഥയെ ലംഘിക്കുന്ന വിധത്തിൽ ഇവയെ അന്വേഷിക്കുന്നത് പാപകരം തന്നെ.

ജീവിതത്തിൽ സന്തോഷം അന്വേഷിക്കുന്നതും വിപത്തിനെ ഭയപ്പെടുന്നതും നമ്മുടെ ജീവിതത്തെ നയിക്കുന്ന പ്രമാണങ്ങളായിത്തീർന്നാൽ, ഉയർന്ന ദൈവികതാൽപര്യങ്ങളെക്കാൾ ഇവയ്ക്കു നാം മുൻഗണന നൽകിയാൽ, അത് സ്വാർത്ഥത തന്നെയാണ്. ദുഃഖത്തിൽ നിന്നൊഴിഞ്ഞു നിൽക്കുവാനും സന്തോഷം കൈവരി

ക്കുവാനുംവേണ്ടി ഉയർന്ന ദൈവിക താൽപര്യങ്ങളെ നാം പരിത്യജിക്കുന്ന പക്ഷം സ്വാർത്ഥരഹിതമായ നന്മയെന്ന വിലയേറിയ ദൈവവ്യവസ്ഥയെ ലംഘിക്കുന്നവരായി നാം തീരും. ഇത് നിയമത്തിന്റെ പരിധിയിൽ നിൽക്കുന്ന സ്വസ്നേഹമല്ല, മറിച്ച് സ്വാർത്ഥത തന്നെയാണ്.

തങ്ങൾ ക്രിസ്ത്യാനികളാണെന്നവകാശപ്പെടുന്ന പലരും ചിലപ്പോൾ ഭയത്താലും ചിലപ്പോൾ പ്രത്യാശയാലും നയിക്കപ്പെടുന്നവരാണ്. ചിലപ്പോൾ ഇവർ ജീവിതസന്തോഷം മുൻനിർത്തിയും മറ്റു ചിലപ്പോൾ സ്വാർത്ഥതയെ മുൻനിർത്തിയും പ്രവർത്തിക്കുന്നു. ദൈവത്തെ മഹത്വപ്പെടുത്തുകയല്ല തങ്ങളുടെ രക്ഷ ഉറപ്പുവരുത്തുക എന്നതാണ് ഇക്കൂട്ടരുടെ മുഖ്യലക്ഷ്യം. ദൈവത്തെ സ്നേഹിക്കുന്നവരും മനുഷ്യരെ സ്നേഹിക്കുന്നവരും പല കാര്യത്തിലും തുല്യമായിച്ചിന്തിക്കുന്നവരാണ്. ഇവർ പൊരുത്തപ്പെട്ടുപോകുന്ന കാര്യങ്ങൾമാത്രം പരിഗണിച്ചാൽ അവരെ വേർതിരിച്ചറിയാൻ നിങ്ങൾക്കു സാധ്യമല്ല. അവർ തമ്മിൽ വിയോജിക്കുന്നതെവിടെയെന്നു സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ മാത്രമേ ഈ രണ്ടാമത്തെ കൂട്ടരുടെ മുഖ്യലക്ഷ്യം ദൈവമഹത്വമല്ലെന്നും സ്വന്തം രക്ഷ ഉറപ്പുവരുത്തുകയാണെന്നും നിങ്ങൾ മനസ്സിലാക്കുകയുള്ളു. ദൈവവേലയിൽ ഏർപ്പെട്ടിരിക്കുന്ന ഇക്കൂട്ടർ തങ്ങളുടെ പുറമേയുള്ള പ്രവൃത്തികളിൽ ഭിന്നമായൊരു ലക്ഷ്യം മനസ്സിൽവച്ചുകൊണ്ടു പ്രവർത്തിക്കുന്നു. അതിനാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ ആ പ്രവർത്തനങ്ങൾ തന്നെ തികച്ചും വ്യത്യസ്തമായ അഥവാ പാപകരമായ ഒരു സ്വഭാവത്തോടു കൂടിയവയാണ്.

**അഹന്തയ്ക്കു കീഴ്പ്പെടുന്ന സ്വഭാവം.**

വിശ്വസിക്കുന്നവരായ പല ക്രിസ്ത്യാനികളും ദൈവത്താലുള്ള മാനത്തെക്കാൾ മാനുഷികബഹുമതിയെ അധികം സ്നേഹിക്കുന്നവരാണ്. കേവലം മനുഷ്യപ്രശംസയ്ക്കുവേണ്ടി മാത്രം ഇവർ വിശ്വാസം സ്വീകരിച്ചുവെന്നല്ല ഞാൻ അർത്ഥമാക്കുന്നത്. ക്രിസ്തീയത ഭൂരിപക്ഷമാളുകൾക്കും ഇഷ്ടം തോന്നാത്ത ഒരു കാര്യമായിരിക്കയാൽ ജനപ്രശംസയ്ക്കുവേണ്ടിമാത്രം ആരും വിശ്വാസികളായിത്തീരുന്നില്ല. എന്നാൽ ഒരു ക്രിസ്ത്യാനിയായിത്തീരുന്നത് കൂടുതൽ ജനപ്രീതി നേടാൻ അവസരം നൽകുമെങ്കിൽ അപ്പോൾ സങ്കീർണ്ണമായൊരു ലക്ഷ്യമാകും ജനങ്ങളിൽ പ്രവർത്തിക്കുന്നത്. അങ്ങനെ വന്നാൽ ഭാവിലോകത്തിൽ സന്തോഷം നേടാനും ഒപ്പം തന്നെ ഇവിടെ കൂടുതൽ യശസ്സു സമ്പാദിക്കാനും അത് ഉപകരിക്കുമല്ലോ.

ഇന്ന് പലരും ക്രിസ്തീയവിശ്വാസികളെന്ന് ഏറ്റുപറയുവാൻ മുതിരുന്നുണ്ട്. സൂക്ഷിച്ചു പരിശോധിക്കുമ്പോൾ ഇവരുടെ മുഖ്യലക്ഷ്യം സഹജീവികളായ മനുഷ്യരുടെ നല്ല അഭിപ്രായം നേടുക എന്നതാണെന്ന് വ്യക്തമാകും. ഇക്കൂട്ടരുടെ ക്രിസ്തീയസമർപ്പണം അതിനെ കേന്ദ്രീകരിച്ചായിരിക്കും. ഇവർ ആത്മാർത്ഥതയുള്ള ക്രിസ്ത്യാനികളായി വെളിപ്പെടുന്നുവെങ്കിലും മനുഷ്യരുടെ ബഹുമാനം നഷ്ടപ്പെടുമാറുള്ള ഒരു പ്രവൃത്തിയും അവർ ചെയ്കയില്ല. ഈ ലോകത്തിൽ നിന്ന് പാപത്തെ ഉന്മൂലനം ചെയ്വാനുപകരിക്കുന്ന ഒരു പീഡനവും സഹിക്കുവാൻ ഇക്കൂട്ടർ തയ്യാറാവുകയുമില്ല.

മാനസാന്തരപ്പെടാത്ത പാപികൾ ക്രിസ്തീയത അഭിനയിക്കുമ്പോൾ താഴെപ്പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്നായിരിക്കും അവരെ സ്വാധീനിക്കുന്നത്. ഒന്നുകിൽ അനുകമ്പ,





സ്വസ്നേഹം എന്നിവ പോലെയുള്ള ലൗകികപ്രമാണങ്ങളെക്കുറിച്ചുള്ള തങ്ങളുടെ ആദരം മൂലം അവർ അപ്രകാരം ചെയ്യുന്നു. അല്ലെങ്കിൽ കേവലം സ്വാർത്ഥത മൂലം അവർ ആ വഴിക്കു നീങ്ങുന്നു. തങ്ങളുടെ പ്രശസ്തിക്കോ സന്തുഷ്ടിക്കോ വേണ്ടിയായിരിക്കും അവർ അതൊക്കെ ചെയ്യുന്നത്. അഥവാ യാതൊരു ധാർമ്മികസ്വഭാവവും ഇല്ലാത്ത ഏതെങ്കിലും ലൗകികപ്രമാണം നിറവേറ്റുവാൻ വേണ്ടിയാകാം. ഇതിലൊക്കെയും ദൈവത്തിന്റെ പ്രശംസയെക്കാൾ മനുഷ്യരുടെ പ്രശംസയെയാണ് അവർ ആഗ്രഹിക്കുന്നത്.

തന്റെ കാലത്തുണ്ടായിരുന്ന ചില ആളുകൾ മനുഷ്യന്റെ ബഹുമാനത്തെ ഒരു വിഗ്രഹമാക്കുന്നതിനെപ്പറ്റി അപ്പോസ്തലനായ പൗലോസ് ഒരിടത്തു പ്രസ്താവിച്ചിട്ടുണ്ട്. ദൈവത്തിന്റെ യഥാർത്ഥ ഉപദേശത്തെപ്പറ്റി അവർക്ക് യാതൊരറിവുമില്ല. “ഇവർ തങ്ങളാൽ തന്നെ തങ്ങളെ അളക്കുകയും തങ്ങളോടു തന്നെ തങ്ങളെ ഉപമിക്കുകയും ചെയ്യുന്നതുകൊണ്ട് തിരിച്ചറിവുള്ളവരല്ല”. (2 കോരിന്ത്യർ 10:12)

ഭൂരിപക്ഷം ക്രിസ്ത്യാനികളും യേശുവിനെ തങ്ങളുടെ മാതൃകാപുരുഷനായോ ബൈബിളിനെ തങ്ങളുടെ ജീവിതപ്രമാണമായോ അംഗീകരിക്കുന്നില്ല. ബൈബിൾ തങ്ങളുടെ പ്രമാണഗ്രന്ഥമാക്കിത്തീർക്കുന്നകാര്യം അവർ ഗൗരവമായി പരിഗണിച്ചിട്ടു പോലുമില്ല. തങ്ങളുടെ സഭയിലുള്ള മറ്റാളുകളെപ്പോലെ കാര്യങ്ങൾ ചെയ്യാനും ഒരു ഭക്തിവേഷം കെട്ടുവാനും ഇക്കൂട്ടർ വലിയ താൽപര്യം കാണിക്കുന്നു. മറ്റുള്ളവരാൽ ആദരിക്കപ്പെടുന്ന ഒരു ക്രിസ്തീയജീവിതം നയിക്കുക എന്നതുമാത്രമാണ് ഇവരുടെ ലക്ഷ്യം. ബൈബിൾ എന്തു കല്പിക്കുന്നുവെന്നോ യേശു ഈ സാഹചര്യത്തിൽ എങ്ങനെ പ്രതികരിക്കുമായിരുന്നുവെന്നോ ചോദിക്കുന്നതിനുപകരം തങ്ങൾ സാധാരണ കാണുന്ന ക്രിസ്തീയത്വത്തെ അനുകരിക്കുന്നതിനുമാത്രം ഇവർ ശ്രദ്ധിക്കുന്നു. ബൈബിൾ കല്പിക്കുന്നത് അനുസരിക്കുകയല്ല മറിച്ച് മനുഷ്യരുടെ മുമ്പിൽ മാന്യമായതു ചെയ്യുക മാത്രമാണ് ഇവരുടെ ലക്ഷ്യം.

**ഭൂരിപക്ഷം ക്രിസ്ത്യാനികളും യേശുവിനെ തങ്ങളുടെ മാതൃകാപുരുഷനായോ ബൈബിളിനെ തങ്ങളുടെ ജീവിതപ്രമാണമായോ അംഗീകരിക്കുന്നില്ല. ബൈബിൾ തങ്ങളുടെ പ്രമാണഗ്രന്ഥമാക്കിത്തീർക്കുന്ന കാര്യം അവർ ഗൗരവമായി പരിഗണിച്ചിട്ടു പോലുമില്ല. തങ്ങളുടെ സഭയിലുള്ള മറ്റാളുകളെപ്പോലെ കാര്യങ്ങൾ ചെയ്യാനും ഒരു ഭക്തിവേഷം കെട്ടുവാനും ഇക്കൂട്ടർ വലിയ താൽപര്യം കാണിക്കുന്നു. മറ്റുള്ളവരാൽ ആദരിക്കപ്പെടുന്ന ഒരു ക്രിസ്തീയജീവിതം നയിക്കുക എന്നതു മാത്രമാണ് ഇവരുടെ ലക്ഷ്യം.**

ഇവർ തങ്ങൾക്കു ചുറ്റുമുള്ള വിശുദ്ധിയുടെ നിലവാരം ഉയർത്തുവാനായി പാടുപെടുന്നില്ല. സഭയിലുള്ള പൊതുനിലവാരം താണതാണെന്നകാര്യമോ പാപികളെ മാനസാന്തരത്തിലേക്കു നയിക്കുക എത്ര പ്രയാസമാണെന്ന കാര്യമോ ഇക്കൂട്ടരെ വ്യാകുലചിത്തരാക്കുന്നില്ല. ഇപ്പോഴുള്ള നിലവാരം വേണ്ടുവോളം ഉയർന്നതാണെന്ന് ഇവർ ചിന്തിക്കുന്നു. ദൈവത്തെയും മനുഷ്യരെയും യഥാർത്ഥത്തിൽ സ്നേഹിക്കുന്ന വ്യക്തികൾ സഭയുടെ താണ അവസ്ഥയോർത്ത് ഭാരപ്പെടുന്നു. അതിനെ ഉയർത്തുവാനും ആ വഴിക്ക് സഭയെ ഉണർത്തുവാനും അവർ പരിശ്രമിക്കുന്നു. മറ്റേ കൂട്ടരാക

ട്ടെ, ഇതെല്ലാം അനാവശ്യമായ ഒരേർപ്പാടായി പരിഗണിക്കുന്നു.

യേശുക്രിസ്തു പരീശന്മാരെയും ശാസ്ത്രിമാരേയും പറ്റി കുറ്റാരോപണം ചെയ്ത് അവരെ ഭർത്സിച്ചപ്പോൾ അവന്ന് ഒരു ഭൂതമുണ്ട് എന്ന് അവർ പറഞ്ഞു. (യോഹ 10: 20) അവരുടെ അനന്തരഗാമികൾ ഇന്നു പറയുന്നതോ ഇപ്രകാരമാണ്. "ഇവനെ നോക്കുക, ഇവൻ നമ്മുടെ ദൈവശാസ്ത്രപണ്ഡിതന്മാരെയും ഏറ്റവും നല്ല മനുഷ്യരെയും ശാസിക്കയും "നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ ഒരു നാളും സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല" എന്ന് അവരോട് പറയുകയും ചെയ്യുന്നു. എത്രമോശമായ ഒരാത്മാവ്!

സഭയിലുള്ള ബഹുഭൂരിപക്ഷമാളുകൾക്കും ഈ മനോഭാവമാണുള്ളത്. സഭാംഗങ്ങളുടെ കണ്ണു തുറപ്പിപ്പാനും അവർ കപടഭക്തിയിലാണു ജീവിക്കുന്നതെന്ന് ഓർമ്മിപ്പിക്കുവാനും ചിലർ ശ്രമിക്കുമ്പോൾ അതിനു പ്രതിഫലമായി വിദ്വേഷവും ശകാരവുമാണ് അവർക്കു ലഭിക്കുന്നത്. അവർ പറയും: 'ദൈവപുത്രന്റെ ദയയും സൗമ്യതയുള്ള ആത്മാവല്ല, നേരേമറിച്ച് നിർദ്ദയം വിധിക്കുന്ന ഒരാത്മാവാണ് ഇവനുള്ളത്'. യേശുപരീശന്മാരെ കഠിനമായി ശാസിച്ച വസ്തുത ഇവർ മറന്നുപോകുന്നു. വിശുദ്ധി നടിച്ചുകൊണ്ടുള്ള കപടഭക്തിയുടെ വേഷമാണ് പരീശന്മാരുടെ നേരേ വിമർശനത്തിന്റെയും കോപത്തിന്റെയും പെരുവെള്ളപ്പാച്ചിൽ ക്രിസ്തുവിൽ ഉളവാക്കിയത്. ഭക്തിയുടെ ബാഹ്യവേഷം മാത്രം കാണിച്ച ആ ജനങ്ങളെ ക്രിസ്തു പുറന്തള്ളുകയും അവരുടെ മേൽ ഇടിനാദം പോലെയുള്ള ശകാരം ചൊരിയുകയും ചെയ്തു. ''സർപ്പസന്തതികളേ നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞുപോകും?" എന്നായിരുന്നു അവരോടു കർത്താവു ചോദിച്ചത്. (മത്തായി23:33)

> **സഭാംഗങ്ങളുടെ കണ്ണു തുറപ്പിപ്പാനും അവർ കപടഭക്തിയിലാണു ജീവിക്കുന്നതെന്ന് ഓർമ്മിപ്പിക്കുവാനും ചിലർ ശ്രമിക്കുമ്പോൾ അതിനു പ്രതിഫലമായി വിദ്വേഷവും ശകാരവുമാണ് അവർക്കു ലഭിക്കുന്നത്. അവർ പറയും: 'ദൈവപുത്രന്റെ ദയയും സൗമ്യതയുള്ള ആത്മാവല്ല, നേരെമറിച്ച് നിർദ്ദയം വിധിക്കുന്ന ഒരാത്മാവാണ് ഇവനുള്ളത്'. യേശുപരീശന്മാരെ കഠിനമായി ശാസിച്ച വസ്തുത ഇവർ മറന്നുപോകുന്നു.**

### പ്രശസ്തിയുടെ മതം

ഒരു വലിയ പങ്കാളുകളും ലോകസമക്ഷം സ്വീകാര്യമായ കാര്യങ്ങൾ ചെയ്യുന്നതിന് അത്യന്തം തൽപരരാണ് എന്നാൽ ലോകാഭിപ്രായത്തിന് അനുകൂലമല്ലാത്ത കാര്യങ്ങൾ അവർ നിഷ്പ്രയാസം മറന്നുകളയുന്നു.

ഉദാഹരണമായി മദ്യനിരോധനത്തിന്റെ കാര്യം തന്നെ എടുക്കുക. ലോകാഭിപ്രായം മദ്യനിരോധനത്തിന് അനുകൂലമായപ്പോൾ ദൈവത്തിനും മനുഷ്യനും കീഴടങ്ങാതിരുന്ന എത്ര വ്യക്തികൾ മദ്യം നിർത്തിയതായി നാം കാണുന്നു! എന്താണു സംഭവിക്കുന്നത് എന്ന് അവർ ആദ്യം നിരീക്ഷിച്ചു. മദ്യം വെടിയുവാൻ അവർക്കു മടിയായിരുന്നു. എന്നാൽ മദ്യനിരോധനം ജനസമ്മതമാവുകയും അതുപയോഗിക്കാതെ ജീവിക്കാമെന്ന് അവർ കാണുകയും ചെയ്തപ്പോൾ അതുപേക്ഷിക്കുവാൻ അവർ സന്നദ്ധരായി. എന്നാൽ





ലോകാംഗീകാരം തങ്ങളെ പ്രേരിപ്പിക്കുന്നതിനപ്പുറം പോകേണ്ടതില്ലെന്ന് അവർ തീരുമാനിച്ചു. മദ്യമെന്ന രാക്ഷസനെ കൊല്ലുവാനല്ല അവർ ചിന്തിച്ചത്; നല്ലൊരു ജീവിതചര്യ നിലനിർത്തുക എന്നതു മാത്രമായിരുന്നു അവരുടെ ലക്ഷ്യം. അങ്ങനെ അവർ ദൈവത്തിന്റെ പ്രശംസയെക്കാൾ മനുഷ്യപ്രശംസയെ അധികം വിലമതിച്ചു.

പലരും ഞായറാഴ്ച സഭയിൽപ്പോകുന്നത് ദൈവത്തെ സ്നേഹിക്കുന്നതുകൊണ്ടല്ല. അതു ലോകർക്കു മതിപ്പുളവാക്കുന്ന ഒരു കാര്യമായതിനാലാണ്. തങ്ങളെ അറിയുന്ന ആളുകളുടെ മധ്യേ അവർ ഞായറാഴ്ചതോറും മുടങ്ങാതെ സഭയിൽപ്പോകും. അവർ മറ്റൊരു സ്ഥലത്തേക്കു യാത്രപോയി എന്നു കരുതുക. അവിടെ പൊതുജനദൃഷ്ടിയിൽ അത് ഒരപമാനമായിത്തീരാത്തപ്പോൾ സഭയിൽപ്പോക്ക് പൂർണ്ണമായി വെടിയുവാൻ അവർക്കു ഒരുമടിയും ഉണ്ടാകുകയില്ല.

പൊതുജനങ്ങൾ മ്ലേച്ഛമായിക്കരുതുന്ന എല്ലാ പാപങ്ങളിൽ നിന്നും ഇക്കൂട്ടർ അകന്നു നിൽക്കുന്നു. എന്നാൽ ലോകം അത്രമാത്രം വെറുക്കാത്ത കാര്യങ്ങൾ അത്രത്തോളം തന്നെ ദോഷകരമായാൽപ്പോലും അതുചെയ്വാൻ അവർക്കു മടിയില്ല. ദൈവവചനം കല്പിക്കുന്ന കാര്യങ്ങളെ അവർ അവഗണിക്കുന്നു. ഒരു വ്യക്തി പതിവായി ദൈവകല്പന ലംഘിക്കുന്ന പക്ഷം അയാൾ പുറമേ കാണിക്കുന്ന അനുസരണം ദൈവസ്നേഹത്തിൽ നിന്ന് ഉടലെടുത്തതല്ലെന്നു വ്യക്തമാണല്ലോ. യാതൊരു ദൈവകല്പനയും അയാൾ അനുസരിക്കുന്നില്ല എന്നതാണ് പരമാർത്ഥം.

ഈ പ്രശ്നത്തെ അപ്പോസ്തലനായ യാക്കോബ് എങ്ങനെ വീക്ഷിക്കുന്നുവെന്നതു ശ്രദ്ധിക്കുക. അദ്ദേഹം പറയുന്നു. "ഒരുത്തൻ ന്യായപ്രമാണം മുഴുവൻ അനുസരിച്ചു നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു". (യാക്കോബ് 2:10) ഒരാൾ ദൈവകല്പനകളെ അനുസരിക്കുന്നപക്ഷം അത് അനുസരണശീലമുള്ള അയാളുടെ ഹൃദയാവസ്ഥയെയാണ് കാണിക്കുന്നത്. അതിനാൽ ദൈവികാധികാരത്തെ സർവോന്നതമായിപ്പരിഗണിക്കാത്ത യാതൊരു പ്രവർത്തനത്തെയും അനുസരണമായിപ്പരിഗണിക്കുവാൻ സാധ്യമല്ല.

ഒരുവന്റെ ഹൃദയം നേരുള്ളതെങ്കിൽ ദൈവത്തിന്റെ ഏതൊരു കല്പനെയെയും മറ്റു സകലത്തെയുംകാൾ പ്രധാനമായി അയാൾ കരുതും. എന്നാൽ ദൈവികാധികാരത്തെക്കാൾ വലുതായി ഏതെങ്കിലുമൊരു കാര്യത്തെ അയാൾ വിലമതിക്കുന്നുവെങ്കിൽ അത് അയാൾക്ക് ഒരു വിഗ്രഹം തന്നെ. യാതൊന്നിനെ മറ്റെല്ലാറ്റിലും വലുതായി നാം പരിഗണിക്കുന്നുവോ, അത് പ്രശസ്തിയായാലും സുഖമായാലും സമ്പത്തായാലും ബഹുമതിയായാലും നമ്മുടെ ഹൃദയത്തിൽ സർവ്വോന്നതസ്ഥാനം നേടിയിട്ടുള്ള ആ

> **ഒരുവന്റെ ഹൃദയം നേരുള്ളതെങ്കിൽ ദൈവത്തിന്റെ ഏതൊരു കൽപനെയെയും മറ്റു സകലത്തെയുംകാൾ പ്രധാനമായി അയാൾ കരുതും. എന്നാൽ ദൈവികാധികാരത്തെക്കാൾ വലുതായി ഏതെങ്കിലുമൊരു കാര്യത്തെ അയാൾ വിലമതിക്കുന്നുവെങ്കിൽ അത് അയാൾക്ക് ഒരു വിഗ്രഹം തന്നെ. യാതൊന്നിനെ മറ്റെല്ലാറ്റിലും വലുതായി നാം പരിഗണിക്കുന്നുവോ, അത് പ്രശസ്തിയായാലും സുഖമായാലും സമ്പത്തായാലും ബഹുമതിയായാലും നമ്മുടെ ഹൃദയത്തിൽ സർവ്വോന്നതസ്ഥാനം നേടിയിട്ടുള്ള ആ വസ്തു നമ്മുടെ ദൈവം തന്നെയാണ്.**

വസ്തു നമ്മുടെ ദൈവം തന്നെയാണ്. ദൈവത്തിന്റെ കല്പനയെന്നോ ക്രിസ്തുവിന്റെ രാജ്യത്തിന്റെ പുരോഗതിക്കാവശ്യമായ കാര്യമെന്നോ കരുതപ്പെടുന്ന ഒന്നിനെ നിരന്തരമായി അവഗണിച്ചുകൊണ്ട് ജീവിക്കുവാൻ ഒരുവനെ പ്രേരിപ്പിക്കുന്ന കാര്യം എന്തുതന്നെയായാലും അതാണ് അയാളുടെ സർവോന്നതമൂല്യം. അപ്രകാരമുള്ള ഒരുവന്റെ ശുശ്രൂഷയിൽ യാതൊന്നും തന്നെ ദൈവത്തിന് അംഗീകരിപ്പാൻ സാധ്യമല്ല. ലോകത്തിന്റെ അംഗീകാരമാണ് അയാളുടെ മതം. തന്റെ ഏതു പ്രവൃത്തിയിലും അയാൾ അനുസരിക്കുന്നത് ദൈവമഹത്വത്തെയല്ല, ലോകബോധ്യത്തെ മാത്രമാണ്.

സഹോദരാ, ഈ വിഷയത്തിൽ താങ്കളുടെ നിലയെന്താണ്? ദൈവകല്പനകളെ, അവ ലോകാഭിപ്രായത്തിന് അനുകൂലമല്ലായ്കയാൽ പതിവായി അവഗണിക്കുന്ന ഒരുവനാണോ താങ്കൾ? എന്നിട്ടും ഒരു ക്രിസ്ത്യാനിയെന്ന് നിങ്ങളെക്കുറിച്ചു തന്നെ നിങ്ങൾ അവകാശപ്പെടുന്നുവോ? എന്നാൽ ദൈവികമായ ചില കടമകളെ നിങ്ങൾ തുടർമാനമായിത്തന്നെ അവഗണിക്കുന്നുണ്ടോ? മനുഷ്യർക്കു സ്വീകാര്യമെങ്കിലും ദൈവികനിയമത്തിനു വിരുദ്ധമെന്നു നിങ്ങൾ കരുതുന്ന എന്തിനെയെങ്കിലും നിങ്ങൾ അനുഷ്ഠിക്കുന്നുണ്ടോ? അങ്ങനെയെങ്കിൽ ദൈവകല്പനകളെക്കാൾ മനുഷ്യന്റെ അഭിപ്രായങ്ങളെ ഉന്നതമായിക്കരുതുന്ന ഒരുവനാണ് താങ്കൾ, തീർച്ച തന്നെ.

സ്വന്തം വീട്ടിൽ അനുസരണജീവിതം നയിക്കുന്ന ഒരുവൻ ദൂരദേശത്തായിരിക്കുമ്പോൾ ഒരു ഗ്ലാസ് ബ്രാൻഡി അകത്താക്കുന്നത് നിസ്സാരകാര്യമെന്നു കരുതിയേക്കാം. അഥവാ കൂട്ടുകാരുമൊത്ത് മദ്യക്കടയിൽക്കയറി മദ്യം ഓർഡർ ചെയ്തെന്നുവരാം. ഒരിക്കൽ ഞാൻ മെഡിറ്ററേനിയൻ പ്രദേശത്തുള്ള മെസ്സീനയിൽ ആയിരുന്നപ്പോൾ ഒരു മനുഷ്യൻ തന്നോടൊപ്പം ബാറിലേക്കു പോകുവാൻ എന്നെ ക്ഷണിച്ചു. ഞാൻ ചോദിച്ചു "എന്ത്? ഒരു ദൈവശുശ്രൂഷകൻ ബാറിൽപ്പോകുകയോ?"

"നിങ്ങൾ വീട്ടിൽനിന്നും ദൂരെയല്ലേ? ഇതാരും അറിയാൻ പോകുന്നില്ല" അയാൾ പറഞ്ഞു.

"എന്നാൽ ദൈവം ഇതറിയുന്നില്ലേ? ഞാൻ ചോദിച്ചു.

ഞാൻ സഭാശുശ്രൂഷകനായിരുന്നാലും വീട്ടിൽ നിന്നകലെയായിരിക്കുമ്പോൾ ബാറിൽപ്പോകുന്നതിൽ തെറ്റില്ലെന്നാണ് അയാൾ ചിന്തിച്ചത്. ദൈവം അത് അറിയുന്നുണ്ടെങ്കിലും മനുഷ്യർ അറിയാതിരിക്കുന്ന കാലത്തോളം കുഴപ്പമൊന്നുമില്ലെന്നാണ് അയാളുടെ പക്ഷം.

അയാൾക്ക് ഈ ആശയം എവിടെനിന്നു കിട്ടി? അപ്രകാരം പ്രവർത്തിക്കുന്ന മറ്റു സഭാശുശ്രൂഷകന്മാരിൽ നിന്നുതന്നെ.

നിങ്ങൾ രഹസ്യപാപങ്ങൾക്ക് ജീവിതത്തിൽ ഇടം കൊടുക്കുകയും ആരും അതറിയുന്നില്ലെന്നു ചിന്തിക്കുകയും ചെയ്യുന്നപക്ഷം ദൈവം അതു കാണുന്നുവെന്നും നിങ്ങളുടെ പേർ കപടഭക്തിക്കാരൻ എന്ന് അവിടുന്ന് എഴുതിയിരിക്കുന്നുവെന്നും അറിഞ്ഞുകൊള്ളുക. ദൈവമുമ്പാകെയുള്ള അപമാനത്തെക്കാൾ മനുഷ്യന്റെ മുമ്പിലുള്ള അപമാനത്തെയാണ് നിങ്ങൾ അധികം ഭയപ്പെടുന്നത്. നിങ്ങൾ എല്ലാറ്റിലുമധികം ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ സകലമനുഷ്യരും നിങ്ങളുടെ പാപത്തെ അറിയുന്നുവെന്നത് ദൈവം അതറിയുന്നുവെന്നതിനെ അപേക്ഷിച്ച് എത്രയും ലഘുകാര്യമായി നിങ്ങൾ പരിഗണിക്കും. ഏതെങ്കിലുമൊരു പാപം ചെയ്യാനുള്ള പ്രലോഭനം നിങ്ങൾക്കുണ്ടാകു

(തുടരും)





മൂകസന്ദേശം-24

# ശുദ്ധിയുള്ള മൃഗങ്ങളും ശുദ്ധിയില്ലാത്തവയും

സന്ദീപ് പുന്നൻ

**ബൈബി**ളിലെ ലേവ്യപുസ്തകം പലരും വായിച്ചിരിക്കാൻ ഇടയില്ല. വായിച്ചവരിൽത്തന്നെ ആ പുസ്തകത്തിൽനിന്നും പ്രായോഗികമോ ആത്മീയമോ ആയ പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുള്ളവർ തന്നെ ചുരുക്കമായിരിക്കും. ഇന്നത്തെ സമൂഹത്തിനു പ്രസക്തമല്ലാത്ത പല ചട്ടങ്ങളും പ്രമാണങ്ങളും ലേവ്യപുസ്തകത്തിൽ കാണാം. ആത്മീയമായ കാരണങ്ങളാൽ അല്ലാതെ മരുഭൂമിയിലൂടെ സഞ്ചരിക്കുന്ന യിസ്രായേൽജനത്തിന് ആരോഗ്യസംരക്ഷണത്തിനായി നൽകപ്പെട്ടവയായിരുന്നു ഇത്തരം പ്രമാണങ്ങൾ. എന്നാൽ ആത്മീയപാഠങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന ചില പ്രമാണങ്ങൾ ഈ പുസ്തകത്തിൽ കണ്ടെത്താൻ കഴിയും. ആ കൂട്ടത്തിൽ ശുദ്ധിയുള്ളതും ശുദ്ധിയില്ലാത്തതുമായ മൃഗങ്ങളെ സംബന്ധിച്ച് രണ്ടു നിയമങ്ങൾ ലേവ്യർ 11-ാം അദ്ധ്യായത്തിൽ കാണാം. അവയെപ്പറ്റിയാകട്ടെ ഈ മാസത്തെ നമ്മുടെ ചിന്ത.

യിസ്രായേൽജനത്തിനു ശുദ്ധിയുള്ള മൃഗങ്ങളെ സംബന്ധിച്ചു നൽകപ്പെട്ട രണ്ടു പ്രമാണങ്ങൾ ആ അദ്ധ്യായത്തിന്റെ മൂന്നാം വാക്യത്തിലും ഒൻപതാം വാക്യത്തിലും കാണുന്നു. 1. മൃഗങ്ങളിൽ കുളമ്പു പിളർന്നിരിക്കുന്നതും അയവിറക്കുന്നതുമായതൊക്കെയും നിങ്ങൾക്കു തിന്നാം.(ലേവ്യ.11:3).

2. കടലുകളിലും നദികളിലും ഉള്ള വെള്ളത്തിൽ ചിറകും ചെതുമ്പലും ഉള്ളതൊക്കെയും നിങ്ങൾക്കു തിന്നാം.(9)

പുതിയനിയമം ഗ്രഹിച്ചിട്ടുള്ള നമുക്കറിയാം അക്ഷരാർത്ഥത്തിൽ ഈ പ്രമാണം ഇന്നു ദൈവജനം അനുസരിക്കേണ്ടവയല്ലെന്ന്. അപ്പോസ്തലപ്രവൃത്തികൾ പത്താമദ്ധ്യായത്തിൽ ദൈവം പത്രോസിനോട് സംസാരിക്കുമ്പോൾ ഈ കാര്യം വ്യക്തമാക്കുന്നുണ്ട്. ഉദാഹരണത്തിനു ശുദ്ധിയില്ലാത്തതെന്നു ലേവ്യർ പതിനൊന്നാം അദ്ധ്യായത്തിൽ പറയുന്ന പന്നിയുടെ ഇറച്ചി വിശ്വാസികളായ ക്രിസ്ത്യാനികൾക്കു ഭക്ഷിക്കാം.

എന്നാൽ ശുദ്ധിയുള്ള മൃഗങ്ങളെക്കുറിച്ചു പറഞ്ഞിരിക്കുന്ന വിശേഷതകൾക്ക് ഒരു ആത്മീയപ്രസക്തിയുണ്ട്. ഈ വ്യാഖ്യാനത്തെ സംബന്ധിച്ചിടത്തോളം എനിക്കു യാതൊരു പിടിവാശിയുമില്ല. ദൈവത്തെക്കുറിച്ചും അവിടുത്തെ മനസ്സിനെക്കുറിച്ചും കുറച്ചുകൂടി മെച്ചമായ ധാരണ ലഭിക്കുവാൻ സഹായകരമാകുമെങ്കിൽ ഈ ചിന്തകൾ നിങ്ങൾക്കും സ്വീകരിക്കാം. ആത്മീയമായി ശുദ്ധിയുള്ളവരായിരിക്കുവാൻ മേൽപ്പറഞ്ഞ രണ്ടു വചനങ്ങളിൽനിന്നു നാലു പ്രമാണങ്ങൾ കാണാം. 1) അയവിറക്കുന്ന സ്വഭാവം. 2) കുളമ്പു പിളർന്നിരിക്കുക. 3)ചെതുമ്പൽ ഉണ്ടായിരിക്കുക. 4) ചിറകുകൾ ഉണ്ടായിരിക്കുക.

1) അയവിറക്കുക: മൃഗങ്ങൾ തിന്നുന്ന ഭക്ഷണം അല്പനേരത്തിനു ശേഷം ആമാശയത്തിൽനിന്നു വീണ്ടും വായിലേക്കു കൊണ്ടുവന്ന് നല്ലവണ്ണം

ചവച്ചരച്ച് വീണ്ടും വിഴുങ്ങുന്ന പ്രക്രിയയാണല്ലോ അയവിറക്കൽ. ഏറ്റവും നന്നായി ചവച്ചരയ്ക്കുന്നതിന്റെ ലക്ഷണമാണ് അയവിറക്കൽ. ദൈവവചനമാണ് എന്റെ ആത്മീയഭക്ഷണം. യേശു തന്റെ മരുഭൂമിയിലെ പരീക്ഷാസമയത്ത് പിശാചിനോട് ഈ കാര്യം വ്യക്തമാക്കുന്നുണ്ട്.(മത്താ.4:4). ദൈവവചനം ഇടവിടാതെ ധ്യാനിക്കുന്നത് അയവിറക്കുന്നതിനു തുല്യമാണ്. ഏതെങ്കിലും ഒരു ദൈവവചനം പ്രാഥമികമായി ചിന്തിച്ചതിനുശേഷം പിന്നീട് അതേ വചനം ഓർമ്മയിലേക്കു കൊണ്ടുവന്ന് ധ്യാനിക്കേണ്ട ആവശ്യമുണ്ട്. ദൈവവചനമാകുന്ന ഭക്ഷണം ഞാൻ വെറുതേ വിഴുങ്ങാതെ അയവിറക്കാൻ പഠിക്കണം. വെറും വായനയിൽ തൃപ്തരാകാതെ ധ്യാനിക്കുന്നത് പരിചയമാക്കണം. ദൈവവചനം കൂടെക്കൂടെ ധ്യാനിക്കുമ്പോൾ ഞാൻ ഈ ലോകത്തിൽ ശുദ്ധിയുള്ളവനായി ജീവിക്കും. ഊണിലും ഉറക്കത്തിലും ജോലിക്കു പോകുമ്പോഴും കുളിക്കുമ്പോഴും ഒക്കെ നമുക്കു വചനം അയവിറക്കാൻ കഴിയുമല്ലോ.

2) <u>കുളമ്പുകൾ പിളർന്നിരിക്കുക:</u> ഒരു മൃഗം ശുദ്ധിയുള്ളതാവാൻ ഭക്ഷണം അയവിറക്കിയാൽ മാത്രം പോരാ, കുളമ്പു പിളർന്നിരിക്കുകയും വേണം. എന്റെ ആത്മീയജീവിതത്തിൽ ഞാൻ ധ്യാനിക്കുന്ന ദൈവവചനം എന്റെ പ്രായോഗികനടപ്പുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കണം. എന്റെ ജീവിതത്തിൽ കുളമ്പുകൾ പോലെ ഏറ്റവും അധികം കഠിനമായ ഭാഗങ്ങൾ തകർക്കപ്പെടുന്ന തരത്തിൽ വചനം എന്നിൽ ക്രിയ ചെയ്യണം. മുമ്പു പിളർക്കുവാൻ പ്രയാസമായിരുന്ന ജീവിതത്തിന്റെ കാഠിന്യമേറിയ മേഖലകൾ ദൈവസന്നിധിയിൽ സമർപ്പിക്കപ്പെട്ട് നുറുക്കപ്പെടേണ്ടതുണ്ട്. ഒരു മൃഗത്തിനു പിളർന്ന കുളമ്പുകൾ ഉണ്ടെങ്കിലും അയവിറക്കുന്നില്ലെങ്കിൽ അത് ശുദ്ധിയുള്ളതല്ല എന്നോർക്കുക. എന്റെ സ്വന്തശക്തിയിൽ ആശ്രയിച്ച് എന്നിൽ ഉണ്ടാകുന്ന ഒരുതരം നുറുക്കം ദൈവസന്നിധിയിൽ സ്വീകാര്യമല്ല. ദൈവവചനംനിമിത്തം ശക്തിയായുള്ള ഒരു നുറുക്കം-ആത്മാവും ദേഹിയും തമ്മിലുള്ള ഒരു വിഭജനം- അതാണ് എനിക്കാവശ്യമായിരിക്കുന്നത്.

3) ചെതുമ്പലുകൾ: മത്സ്യങ്ങൾക്കു ചെതുമ്പലുകൾ ഒരു സംരക്ഷണ കവചമാണ്. മരണകാരണമാകാവുന്ന ജലത്തിലെ വസ്തുക്കളിൽനിന്നു മത്സ്യത്തെ സംരക്ഷിക്കുവാൻ ചെതുമ്പലുകൾക്കു കഴിവുണ്ട്. ദൈവത്തിൽനിന്നും എന്നെ അകറ്റിക്കളയുന്ന ഒരു ലോകവ്യവസ്ഥിതിയിൽ ജീവിക്കുന്ന എനിക്ക് എപ്പോഴും ആത്മീയചെതുമ്പലുകൾ ആവശ്യമാണ്. ദൈവികസംസർഗ്ഗത്തിലുള്ള ആത്മീയജീവിതം ഈ വിധം സംരക്ഷിക്കപ്പെടും. ലോകത്തെ പ്രതിയോഗിയായി കാണുകയാണ് എന്റെ അടിസ്ഥാനപരമായ ആവശ്യം. ലോകത്തെ ഒരു മിത്രമായിക്കാണുന്ന ഒരാൾ ലോകത്തിൽനിന്നുള്ള ആക്രമണത്തെപ്പറ്റി അശ്രദ്ധയുള്ളവനായിരിക്കും. 'ലോകമെനിക്കു വൈരി' എന്നോർമ്മിപ്പിക്കുന്ന ദൈവവചനം ഞാൻ കൂടെക്കൂടെ അയവിറക്കേണ്ടതുണ്ട്. ദൈവത്തെയും മാമോനെയും സേവിക്കാൻ ഒരേ സമയം എനിക്കു കഴിയുകയില്ല(മത്താ.6:24). യേശുവിന്റെ മുഖത്തുള്ള ദൈവതേജസ്സ് കാണാതെ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ കണ്ണു കുരുടാക്കിയിരിക്കുന്നു(2കൊരി.4:4). ഞാൻ ലോകത്തിനും ലോകം എനിക്കും ക്രൂശിക്കപ്പെട്ടിരിക്കുന്നു.(ഗലാ.6:14). ഈ വചനങ്ങൾ ധ്യാനിക്കുമ്പോൾ ഞാൻ എന്റെ ജീവിതത്തെ ശോധന ചെയ്യുകയും ലോകവ്യവസ്ഥിതിക്കെതിരെയുള്ള എന്റെ സംരക്ഷണകവചത്തെ ശക്തമാക്കുകയും

(ശേഷം പേജ് 41ൽ)







# പ്രത്യേകശ്രദ്ധ ആവശ്യമുള്ള മക്കൾ

-ജോസ് മാത്യു, തിരുവനന്തപുരം

**ആ**ൺമക്കളെയും പെൺമക്കളെയും നന്നായി പരിശീലിപ്പിച്ച് സ്വതന്ത്രമായി ജീവിക്കാൻ പ്രാപ്തിയുള്ളവരാക്കി വിട്ടയയ്ക്കുകയാണ് മാതാപിതാക്കളുടെ കർത്തവ്യം എന്നാണല്ലൊ നാം ചിന്തിച്ചുവന്നത്. മക്കൾ സാധാരണ നിലവാരം പുലർത്തുന്നവരാണെന്ന അനുമാനത്തിൽ അധിഷ്ഠിതമായാണ് ഇത്രത്തോളം നാം കാര്യങ്ങളെ വിശകലനം ചെയ്തത്.

എന്നാൽ ചുരുക്കം ചില മാതാപിതാക്കൾക്ക് സാധാരണ നിലവാരത്തിൽ നിന്നും വ്യത്യസ്തരായ മക്കളേയും വളർത്തിയെടുക്കാനുള്ള ദൈവിക നിയോഗം ലഭിക്കാറുണ്ട്. വിവിധയിനം വൈകല്യമുള്ള കുഞ്ഞുങ്ങൾ, ഒട്ടേറെ കഴിവുകളും താലന്തുകളുമുള്ളവർ, ദത്തെടുത്ത മക്കൾ, മാതാപിതാക്കളിൽ ആരെങ്കിലുമൊരാളുടെ മാത്രം സംരക്ഷണയിൽ വളരുന്ന മക്കൾ, അപ്രതീക്ഷിതമായി ലഭിച്ച മക്കൾ എന്നീവിധം അഞ്ചുഗണത്തിൽപ്പെടുന്നവരാണ് അവർ.

സാമാന്യനിലയിൽ നിന്നു വ്യത്യസ്തരായ ഇവരെ വളർത്തിയെടുക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയല്ല ഈ ലേഖനത്തിന്റെ ലക്ഷ്യം. അതിന് ഏറെ അനുഭവജ്ഞാനം കൂടിയേ തീരൂ. എന്നാൽ ഇത്തരം കുഞ്ഞുങ്ങളോടുള്ള ക്രിസ്തീയ മാതാപിതാക്കളുടെ സമീപനം, മനോഭാവം എന്നിവ സംബന്ധിച്ച് ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ വിചിന്തനം ചെയ്യാനാണിവിടെ ഉദ്ദേശിക്കുന്നത്. മക്കളോടുള്ള ഇപ്പോഴത്തെ നമ്മുടെ സമീപനരീതിയിൽ കാതലായ മാറ്റം വരുത്താൻ ഈ ചിന്തകൾ സഹായകമാവും. അഥവാ ഭാവിയിൽ ദൈവം കഴിവുകളിൽ വ്യത്യസ്തരായ കുഞ്ഞുങ്ങളെ നമ്മുടെ കൈകളിൽ ഏൽപ്പിക്കുന്ന പക്ഷം ശരിയായ പ്രതികരണവും സമീപനവും നമുക്കുണ്ടാകാൻ ഇവ പ്രേരകമാവും.

**<u>ശരിയായ കാഴ്ചപ്പാട്</u>** :

സാധാരണനിലയിൽ നിന്നു വ്യത്യസ്തമായി മേൽ പ്രസ്താവിച്ച ഏതെങ്കിലും തരത്തിൽപ്പെട്ട കുഞ്ഞുങ്ങളെ ലഭിക്കുമ്പോൾ അവരെ ക്രിയാത്മകമായ കാഴ്ചപ്പാടോടെ സ്വീകരിക്കാൻ പലർക്കും സാധിക്കാറില്ല. ഇനി വരാൻ പോകുന്ന അനേകവർഷങ്ങൾ ഈ കുട്ടി കാരണം ജീവിതം ദുരിതപൂർണ്ണമായേക്കുമോ എന്ന ഭയമാകാം ചിലരെ ഭാരപ്പെടുത്തുന്നത്. എന്നാൽ മിക്കപ്പോഴും ഇത്തരം ഭയങ്ങൾ അവരുടെ ഭാവനാസൃഷ്ടികൾ മാത്രമാണ്. മറ്റു ചിലരെ കുറ്റബോധമാകാം ബാധിക്കുക; തങ്ങൾ ചെയ്ത തെറ്റുകൾക്കോ സംഭവിച്ച അശ്രദ്ധയ്ക്കോ ഒക്കെയുള്ള ദൈവശിക്ഷയായിട്ടാണ് അവരീ കുട്ടിയുടെ അവസ്ഥയെ കാണുന്നത്. ചില മാതാപിതാക്കൾ നിരാശതയും ഈർഷ്യയും അസ്വസ്ഥതയും നിറഞ്ഞവരായിത്തീരാറുണ്ട്; ചിലരിൽ വല്ലാത്ത ആശയക്കുഴപ്പവും പിരിമുറുക്കവും വർദ്ധിച്ചുവരുന്നു. മറ്റുചിലരുടെയുള്ളിൽ നിഷേധചിന്തകളും, ദൈവത്തോടുള്ള

വെറുപ്പും മറുതലിപ്പും വെല്ലുവിളിയും ഉയർന്നെന്നു വരാം.

എന്തുകൊണ്ടാണ് ദൈവം നൽകിയ ഒരു അസാധാരണശിശുവിനെ സംബന്ധിച്ച് അമ്മയപ്പന്മാർ ഇവ്വിധം അസ്വസ്ഥരാകുന്നത്? ഈയൊരു കുഞ്ഞിനെ സംബന്ധിച്ച് ദൈവത്തിന് എന്തോ അബദ്ധം പിണഞ്ഞുപോയി എന്നാണോ നിങ്ങൾ കരുതുന്നത്? ഇല്ല, ഒരിക്കലുമില്ല! ഇന്നേവരെ നമ്മുടെ പിതാവായ സ്നേഹസ്വരൂപിയും സർവ്വവല്ലഭനുമായ ദൈവത്തിന് ഒരബദ്ധവും പറ്റിയിട്ടില്ല, മേലാൽ ഇനിയൊരിക്കലും അവിടുത്തേക്ക് യാതൊരബദ്ധവും സംഭവിക്കുകയുമില്ല. ഇതാ, ഈ രണ്ടു തിരുവചനഭാഗങ്ങൾ ശ്രദ്ധിക്കുക:

“എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുന്ന് പ്രസാദിച്ച് വിളിച്ചുചേർക്കുന്നവർക്കു തന്നേ, സകലകാര്യങ്ങളും അവിടുന്ന് നന്മയ്ക്കായി പ്രവർത്തിപ്പിക്കുന്നുവെന്ന് നാം അറിയുന്നു” (റോമ : 8.28 ലളിത പരിഭാഷ)

“മനുഷ്യർക്കു സാധാരണമല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ തന്നെ നിങ്ങളുടെ കഴിവിനുമീതേയുള്ള പരീക്ഷ നേരിടാൻ അവിടുന്നു സമ്മതിക്കയില്ല; നിങ്ങൾക്കു സഹിക്കാൻ കഴിയുമാറ് പരീക്ഷയോടൊപ്പം അവിടുന്ന് ഒരു രക്ഷാമാർഗ്ഗവും ഒരുക്കും” (1കൊരി. 10:13 ലളിതപരിഭാഷ).

ഇവയിൽ ആദ്യത്തേത് ദൈവം ചെയ്യുന്ന പ്രവൃത്തിയുടെവിധം സംബന്ധിച്ച ഒരു സത്യപ്രസ്താവനയാണ് നമുക്കതു കണ്ണുമടച്ചു വിശ്വസിക്കാം. രണ്ടാമത്തേതാകട്ടെ ഉറപ്പേറിയ ഒരു ദൈവവാഗ്ദാനമാണ്. നമുക്കത് മുറുപ്പിടിക്കാം. ആകയാൽ പ്രിയ മാതാപിതാക്കളേ ദൈവം നൽകുന്ന ദാനങ്ങളേയും ജീവിതസാഹചര്യങ്ങളേയും അംഗീകരിച്ച് നന്ദിപൂർവം സ്വീകരിച്ചുകൊള്ളുക; അവിടുന്ന് നിശ്ചയമായും സകലവും നന്മയ്ക്കായിത്തന്നെ കൂടി വ്യാപരിപ്പിക്കും.

### 1. വൈകല്യമുള്ള കുട്ടികൾ

വൈകല്യം ശാരീരികമോ മാനസികമോ ബുദ്ധിപരമോ ആകാം; ചിലപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കാനാവാത്ത അമിത ഉത്സാഹാവസ്ഥ (hyperactive condition) ആകാം.

ജന്മനാതന്നെ കാഴ്ച, കേൾവി, സംസാരം, കൈകാലുകളുടെ ശേഷി എന്നിവ കുറവുള്ളതോ തീർത്തും ഇല്ലാത്തതോ ആയ അവസ്ഥയുണ്ടാകും; ബുദ്ധിമാന്ദ്യം ആന്തരിക അവയവങ്ങളുടെ കേടുപാടുകൾ എന്നിവയെല്ലാം വിവിധയിനം വൈകല്യങ്ങളത്രേ. ചിലപ്പോൾ രോഗങ്ങൾ ബാധിച്ചോ അഥവാ അപകടങ്ങളിൽപ്പെട്ടോ കുട്ടികൾ ഈ അവസ്ഥയിൽ ആകാറുണ്ട്.

ഈ വിധമുള്ള ജന്മവൈകല്യങ്ങൾ സംബന്ധിച്ച് നമുക്കുള്ള തെറ്റായ ധാരണകൾ തിരുത്തപ്പെടേണ്ടതുണ്ട്. അവ ദൈവകോപമോ ദൈവശാപമോ ദൈവശിക്ഷയോ അല്ല എന്ന് ആദ്യം തന്നെ നാം തിരിച്ചറിയണം. വൈകല്യങ്ങൾ സാത്താന്റെ പ്രവൃത്തിയുമല്ല. ചുരുക്കം ചില അവസരങ്ങളിൽ പാപവഴികളുടെ അനന്തരഫലമെന്നോണം(consequences) വൈകല്യമുള്ള കുഞ്ഞുങ്ങൾ ജനിക്കാറുണ്ട്, എന്നുമാത്രം.

ഇതു സംബന്ധിച്ച് ചില വേദഭാഗങ്ങൾ പരിശോധിക്കുന്നത് ഉചിതമായിരിക്കും.

“യഹോവ മോശയോട്: മനുഷ്യന് വായ് കൊടുത്തത് ആർ? അല്ല. ഊമനെയും ചെകിടനെയും കാഴ്ചയുള്ളവനെയും കുരുടനെയും ഉണ്ടാക്കിയത് ആർ? യഹോവയായ ഞാൻ അല്ലയോ? (പുറ:4.11)





“നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചത്; എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു. ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കുകയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു” (സങ്കീ: 139.13-14)

“കാറ്റിന്റെ ഗതി എങ്ങോട്ടെന്നും ഗർഭിണിയുടെ ഉദരത്തിൽ അസ്ഥികൾ ഉരുവായി വരുന്നത് എങ്ങനെയെന്നും നീ അറിയാത്തതുപോലെ സകലവും ഉണ്ടാക്കുന്ന ദൈവത്തിന്റെ പ്രവൃത്തികളെ നീ അറിയുന്നില്ല” (സഭാ:11.5)

നോക്കുക, അവിടുത്തെ സർവജ്ഞതയിൽ വലിയവനായ ദൈവം തന്നെ സകലവും പ്രവർത്തിക്കുന്നു; നമ്മുടെ പരിമിതമായ ബുദ്ധിക്ക് ഗ്രഹിച്ചുകൂടാതവണ്ണം തന്റെ പ്രവൃത്തികൾ അത്യന്തം ഉന്നതമായിരിക്കുന്നു! അവിടുത്തെ നാമം മഹത്വപ്പെടട്ടെ.

‘‘ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അതിന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു” (റോമ 11:33).

ഗർഭാശയത്തിൽ ഉരുവാകുന്ന ഓരോ കുഞ്ഞും- വൈകല്യമുള്ളതോ ഇല്ലാത്തതോ എന്ന വ്യത്യാസം വയ്ക്കാതെ - സ്രഷ്ടാവായ ദൈവത്തിന്റെ നല്ല പ്ലാനിൻപ്രകാരമത്രേ വളർന്നു വരുന്നത്. വൈകല്യമുള്ളവയെ കാലേക്കൂടി കണ്ടെത്തി വകവരുത്താനുള്ള ഇന്നത്തെ മനുഷ്യന്റെ ആവേശം തികച്ചും പൈശാചികമാണ്, ദൈവനിന്ദയാണ്. തന്നിമിത്തം ഒരു ക്രിസ്തീയ വിശ്വാസിക്ക് ഗർഭഛിദ്രമെന്ന(abortion) ആശയത്തോട് ഒരിക്കലും യോജിക്കാനാവില്ല - അത് ഭ്രൂണഹത്യയാണല്ലോ.

**ഗർഭാശയത്തിൽ ഉരുവാകുന്ന ഓരോ കുഞ്ഞും- വൈകല്യമുള്ളതോ ഇല്ലാത്തതോ എന്ന വ്യത്യാസം വയ്ക്കാതെ - സ്രഷ്ടാവായ ദൈവത്തിന്റെ നല്ല പ്ലാനിൻപ്രകാരമത്രേ വളർന്നു വരുന്നത്. വൈകല്യമുള്ളവയെ കാലേക്കൂടി കണ്ടെത്തി വകവരുത്താനുള്ള ഇന്നത്തെ മനുഷ്യന്റെ ആവേശം തികച്ചും പൈശാചികമാണ്, ദൈവനിന്ദയാണ്. തന്നിമിത്തം ഒരു ക്രിസ്തീയ വിശ്വാസിക്ക് ഗർഭഛിദ്രമെന്ന(abortion) ആശയത്തോട് ഒരിക്കലും യോജിക്കാനാവില്ല - അത് ഭ്രൂണഹത്യയാണല്ലോ.**

എന്തുകൊണ്ടാണ് നിങ്ങളുടെ കുഞ്ഞിനെ വൈകല്യമുള്ള അവസ്ഥയിൽ ദൈവം സൃഷ്ടിച്ചതെന്ന് നിങ്ങൾക്ക് ഒരു പക്ഷേ ഒരിക്കലും ഗ്രഹിക്കാനായില്ലെന്നു വരാം. ഇവിടെ സ്നേഹനിധിയായ സ്വർഗ്ഗീയപിതാവിന്റെ സർവജ്ഞതയും നമ്മുടെ അറിവിന്റെ പരിമിതികളും അംഗീകരിച്ചു സ്വീകരിക്കുകയാണ് നാം ചെയ്യേണ്ടത്. ചില മാതാപിതാക്കളെങ്കിലും തങ്ങളുടെ പാപങ്ങൾ നിമിത്തമാണ് വൈകല്യമുള്ള കുഞ്ഞു പിറന്നത് എന്നീവിധം സ്വയം കുറ്റപ്പെടുത്തുന്നവരാണ്; ദൈവത്തിന്റെ ശിക്ഷയായി അവരതിനെ കാണുന്നു. തികച്ചും തെറ്റായ ഒരു മനോഭാവമത്രേ ഇത്. പിന്നെ എന്താണ് ശരിയായ മനോഭാവം?

**ദൈവത്തിനു പറയാനുള്ളത് കേൾക്കുക** : മറ്റേതു ജീവിത പ്രതിസന്ധിയിലുമെന്നപോലെ ദൈവത്തിന് നമ്മോട് അറിയിക്കാനുള്ള സന്ദേശം ശ്രവിക്കാനായി ഈയവസരത്തിലും നാം കാതോർക്കേണ്ടതാണ്. കുറവുകളെ കണ്ടെത്താനും കാര്യങ്ങൾ ക്രമപ്പെടുത്താനും മുൻഗണനകൾ ശരിപ്പെടുത്താനും കർത്താവിനോട് അടുത്തു

ചെല്ലാനും മാതാപിതാക്കൾ ഉത്സാഹം കാട്ടണം.

<u>ദൈവപ്രവൃത്തി വെളിവാകട്ടെ</u> : ജന്മമാ കുരുടനായിരുന്ന മനുഷ്യനെ കണ്ടപ്പോൾ ശിഷ്യൻമാർ യേശുവിനോട് അതിന്റെ കാരണം തിരക്കി. "റബ്ബീ, ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആര് പാപം ചെയ്തു ഇവനോ ഇവന്റെ അമ്മയെപ്പന്മാരോ എന്നു ചോദിച്ചു. അതിന് യേശു: അവൻ എങ്കിലും അവന്റെ അമ്മയപ്പന്മാർ എങ്കിലും പാപം ചെയ്തിട്ടില്ല; ദൈവപ്രവൃത്തി അവനിൽ വെളിവാകേണ്ടതിനത്രേ" (യോഹ:9:2-3) അതേ. നിങ്ങളിലൂടെയും നിങ്ങളുടെ വൈകല്യമുള്ള കുട്ടിയിലൂടെയും ദൈവപ്രവൃത്തിയും അവിടുത്തെ മഹത്വവും വെളിപ്പെടുത്തുകയാണ് ദൈവോദ്ദേശ്യം. കുറവുകളുള്ള കുഞ്ഞിനെക്കുറിച്ച് പരിതപിക്കാതെ ദൈവത്തിന് സ്തോത്രം ചെയ്യാൻ തുടങ്ങുക നിങ്ങൾ ദൈവമഹത്വം കാണാൻ പോകുകയാണ്!

ജന്മമാ മുടന്തനായിരുന്ന ഭിക്ഷക്കാരനായ ഒരു സാധുമനുഷ്യനെ പത്രോസ് യേശുക്രിസ്തുവിന്റെ നാമത്തിൽ വലങ്കൈക്ക് പിടിച്ച് എഴുന്നേൽപ്പിച്ച് സൗഖ്യമാക്കിയ വസ്തുത പ്രവൃത്തികൾ മൂന്നാമധ്യായത്തിൽ നാം കാണുന്നു. കാലുകൾക്കു സ്വാധീനമില്ലാത്ത ആ മനുഷ്യൻ കഴിഞ്ഞ നാൽപതുവർഷത്തോളം മാതാപിതാക്കൾക്കും മറ്റുള്ളവർക്കും ഒരു ഭാരമായിരുന്നു. ഈ വൈകല്യത്തിന്റെ ഉദ്ദേശ്യം ഗ്രഹിക്കാതെ പലരും അവനെ മനസ്സിലെങ്കിലും ശപിച്ചിട്ടുണ്ടാകണം. എന്നാലിതാ നാൽപതുവർഷങ്ങൾക്കുശേഷം ദൈവപ്രവൃത്തി അവന്റെ ജീവിതത്തിൽ പ്രകടമായി. ഈ സൗഖ്യത്തിലൂടെ ദൈവം തന്റെ ദാസനായ യേശുവിനെ മഹത്വപ്പെടുത്തി".(പ്രവൃ:3:13) അല്ല ഒരു വൈകല്യവും വെറുതേ ഉണ്ടാകുന്നതല്ല.

**നിങ്ങളുടെ കുട്ടിക്കുള്ള വൈകല്യം ഏതുവിധത്തിലുള്ളതുമാകട്ടെ, നന്ദിയോടും സ്ത്രോത്രത്തോടും കൂടെ അതു സ്വീകരിച്ചുകൊള്ളുക; യഥാസമയം ദൈവപ്രവൃത്തി അഥവാ മഹത്വം നിങ്ങൾ ദർശിക്കും.ക്ഷമയോടെ കാത്തിരുന്ന് നല്ല മനസ്സോടെ നിങ്ങൾക്കു ചെയ്യാവുന്നതൊക്കെ ചെയ്യുക.**

നിങ്ങളുടെ കുട്ടിക്കുള്ള വൈകല്യം ഏതുവിധത്തിലുള്ളതുമാകട്ടെ, നന്ദിയോടും സ്ത്രോത്രത്തോടും കൂടെ അതു സ്വീകരിച്ചുകൊള്ളുക; യഥാസമയം ദൈവപ്രവൃത്തി അഥവാ മഹത്വം നിങ്ങൾ ദർശിക്കും.ക്ഷമയോടെ കാത്തിരുന്ന് നല്ല മനസ്സോടെ നിങ്ങൾക്കു ചെയ്യാവുന്നതൊക്കെ ചെയ്യുക.

<u>നിങ്ങളെ വിശ്വസിപ്പിച്ചേൽപ്പിച്ചിരിക്കുന്നു</u> : വാസ്തവമിതാണ്, വളരെ കുറച്ചുമാത്രം മാതാപിതാക്കൾക്കേ വൈകല്യമുള്ള കുട്ടികളെ സ്വീകരിക്കാനും കരുണയോടെ പരിചരിക്കാനുമുള്ള കൃപ ലഭിച്ചിട്ടുള്ളൂ. അപ്രകാരമുള്ളവരെ മാത്രമാണ് ദൈവം അത്തരം കുട്ടികളുടെ ചുമതല ഏൽപ്പിക്കുന്നത്. ബലഹീനരായ മക്കൾ നിങ്ങൾക്കുണ്ടെങ്കിൽ ഒരു കാര്യം ഉറപ്പാക്കിക്കൊള്ളുക നിങ്ങളുടെ കഴിവിൽ വിശ്വാസമർപ്പിച്ച് ദൈവം അവരെ നിങ്ങളുടെ പക്കൽ വിശ്വസിച്ചേൽപ്പിച്ചിരിക്കുകയാണ്! ഭൂരിപക്ഷം വരുന്ന മറ്റു മാതാപിതാക്കൾക്കും വൈകല്യമുള്ള കുട്ടികളെ സ്വീകരിച്ചു വളർത്താനുള്ള സഹനവും കരുണയും ലഭിച്ചിട്ടില്ല എന്നതാണ് സത്യം. ആകയാൽ നിങ്ങൾസ്വയം സഹതപിക്കുകയല്ല





വേണ്ടത്; ദൈവം നിങ്ങളെ വിശേഷപ്പെട്ട ചുമതല ഏൽപ്പിച്ചുവെന്നതിൽ സന്തോഷിക്കുകയും അഭിമാനം തോന്നുകയുമാണ് വേണ്ടത്.

ജനിച്ച് ചില വർഷങ്ങൾക്കുശേഷവും ചിലപ്പോൾ കുഞ്ഞുങ്ങൾക്ക് വൈകല്യങ്ങൾ സംഭവിക്കാറുണ്ട്. രോഗം നിമിത്തമോ അപകടങ്ങൾ സംഭവിച്ചോ ഒക്കെ. ഇവിടെയും മാതാപിതാക്കൾ മേൽ പ്രസ്താവിച്ച നല്ല മനോഭാവങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് ദൈവാശ്രയത്തോടെ പ്രതിസന്ധികളെ അഭിമുഖീകരിക്കുകയാണ് വേണ്ടത്. ഒരിക്കലും 'ദൈവം ഞങ്ങളെ കൈവിട്ടു' എന്ന് നിരാശയോടെ ചിന്തിക്കുരുത്. "ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല, ഉപേക്ഷിക്കുകയുമില്ല' എന്നു അവൻ തന്നേ അരുളിച്ചെയ്തിരിക്കുന്നുവല്ലോ" (എബ്രാ : 13:5)

അഞ്ചുവയസ്സുള്ളപ്പോഴാണ് ഒരു ഡോക്ടറുടെ അശ്രദ്ധ കാരണം ഫാനി ക്രോസ്ബിക്ക് ഇരുകണ്ണുകളുടെയും കാഴ്ച നഷ്ടമായത്. മാതാപിതാക്കൾ നല്ല മനോഭാവത്തോടെ ഫാനിയെ പരിചരിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ചെറുപ്പത്തിലേ അവൾ യേശുവിനെ രക്ഷകനായി സ്വീകരിക്കുകയും ഹൃദയസ്പർശിയായ ക്രിസ്തീയഗാനങ്ങൾ രചിച്ചു തുടങ്ങുകയും ചെയ്തു. 90 വയസ്സോളം അന്ധയായി ജീവിച്ച ആ മഹതി പതിനായിരത്തോളം ക്രിസ്തീയഗാനങ്ങൾ രചിച്ചത്രേ! യേശു എൻ സ്വന്തം ഹല്ലേലൂയ്യാ(Blesses assurance) പോകല്ലേ കടന്നെന്നെ നീ...' തുടങ്ങിയുള്ള നിരവധി അനശ്വരഗീതങ്ങൾ അവരുടെ സംഭാവനയാണ്.

<u>ശ്രദ്ധയും പരിചരണവും</u> : വൈകല്യമുള്ള കുട്ടികളെ ദൈവത്തിന്റെ ദാനങ്ങളായി അംഗീകരിച്ച് സ്വീകരിക്കുകയാണ് പ്രാരംഭ പടി. കുഞ്ഞുങ്ങളുടെ പഠനം, പരിശീലനം, വിദഗ്ദ്ധചികിത്സ, പുനരധിവാസം എന്നിവയ്ക്ക് സന്മനസ്സും അറിവുമുള്ളവരുടെ മാർഗ്ഗ നിർദ്ദേശവും സഹായവും തേടേണ്ടതാണ്. സഹായം സ്വീകരിക്കുന്നത് മോശമായോ അപമാനമായോ കരുതരുത്. ഈ മേഖലയിൽ സഹായകമായ പല നല്ല പുസ്തകങ്ങളും ഇന്ന് ലഭ്യമാണ്. എല്ലാ ഘട്ടങ്ങളിലും കുഞ്ഞുങ്ങൾക്കാവശ്യമായ ആത്മവിശ്വാസവും പ്രോത്സാഹനവും നൽകിക്കൊണ്ടിരിക്കണം. തങ്ങൾ കുടുംബാംഗങ്ങൾക്ക് ഒരു ഭാരമാണെന്ന തോന്നൽ ഒരിക്കലും അവർക്കുണ്ടാകാൻ ഇടവരുത്തരുത്.

ബലഹീനതയുള്ള കുട്ടിക്ക് വളരെ കരുണയും അമിതശ്രദ്ധയും ലഭിക്കുമ്പോൾ മറുവശത്ത് മറ്റൊരു ആപൽ സാധ്യതയും നാം കാണേണ്ടതുണ്ട്. ഈ കുട്ടിയുടെ ആരോഗ്യമുള്ള മറ്റു സഹോദരങ്ങൾ അവഗണിക്കപ്പെടാനുള്ള സാധ്യതയാണത്. ഭവനത്തിലുള്ള എല്ലാ മക്കൾക്കും സ്നേഹവും കരുതലും സന്തുലിതമായ അളവിൽ ലഭിക്കുന്നുവെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തണം.

**2 അസാധാരണ കഴിവുകളുള്ള കുട്ടികൾ**

വളരെ ചുരുക്കം ചില കുട്ടികൾ അസാമാന്യപ്രതിഭാശാലികളായി ജനിക്കുന്നു. ഉയർന്ന ബുദ്ധിശക്തി, ഓർമ്മശക്തി, നേതൃത്വഗുണങ്ങൾ ആകർഷകമായ വ്യക്തിത്വം ഇവയൊക്കെ ഇവർക്കുണ്ടാകും. കല, സംഗീതം, ശാസ്ത്രം സാങ്കേതിക മികവ്, പ്രസംഗപാടവം ഇവകളിൽ ചില കുട്ടികൾ പ്രത്യേക വാസനപ്രകടമാക്കും. ചെറുപ്പത്തിൽത്തന്നെ മാതാപിതാക്കൾ ഇവരുടെ താലന്തുകൾ/വാസനകൾ തിരിച്ചറിഞ്ഞ് പ്രോത്സാഹനം നൽകുന്നതായാൽ അവർ അനുഗൃഹീത പ്രതിഭകളായി വളർന്നുവരും.

സമാഗന കൂടാരവും അതിന്റെ ഉപകരണങ്ങളും ഉണ്ടാക്കാനായി ഇത്തരക്കാരയ രണ്ടു പ്രതിഭകളെയാണ് ദൈവം വിളിച്ചു വേർതിരിച്ചത് ബെസ

ലേലും ഓഹോലിയാബും ..”കൗശല പ്പണികളെ സങ്കൽപ്പിച്ചു ചെയ്യാനും, പൊന്ന്, വെള്ളി എന്നിവകൊണ്ടു പണിചെയ്യാനും രത്നം വെട്ടിപ്പതി പ്പാനും മരത്തിൽ കൊത്തുപണിചെ യ്യാനും സകല വിധമായ പണിത്തരം ഉണ്ടാക്കുവാനും..” ദൈവം അവർക്ക് ദിവ്യജ്ഞാനവും ബുദ്ധിയും സകല വിധ സാമർത്ഥ്യവും നൽകി (പുറ: 31: 1-6 നോക്കുക)

ബാലനായിരുന്ന യേശുവും പന്ത്രണ്ടു വയസ്സുള്ളപ്പോൾ തന്നെ യെരുശലേം ദേവാലയത്തിൽ വളരെ മുതിർന്ന ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരുന്ന് അവരോട് ചോദിക്കുകയും സംസാരിക്കുകയും ചെയ്യുന്നതായി നാം വായിക്കുന്നു (ലൂക്കോ 2:46-47)

ഈവിധം ഏറെ കഴിവുകളും താലന്തുകളുമുള്ള മക്കളും പ്രത്യേക ശ്രദ്ധ അർഹിക്കുന്നവരാണ്. അവർക്ക് പ്രോത്സാഹനവും വളരാനാവശ്യമായ സാഹചര്യങ്ങളും പഠനോപാധികളും നൽകി നാമവരെ മുമ്പോട്ടു തള്ളിവിടണം. ഇക്കൂട്ടർ വളരെ വേഗം തെറ്റായ കൂട്ടുകെട്ടുകൾ, പുകവലി, മദ്യം മയക്കുവരുന്ന് എന്നിവയിലെല്ലാം പെട്ടുപോകുക സാധാരണയാണ്. ആകയാൽ ഇക്കാര്യത്തിൽ നാം വളരെ ജാഗ്രത പുലർത്തണം.

കൂടാതെ ഇക്കൂട്ടർ അധികപങ്കും പൂർണ്ണതാവാദികൾ(perfectionist) ആയിരിക്കും; എന്നാൽ പല കാര്യങ്ങളും പ്രതീക്ഷിച്ചതുപോലെ പൂർണ്ണതയോടെ ചെയ്യാൻ കഴിയാതെ വരുമ്പോൾ ഇവർ സ്വയം ഉൾവലിയുകയും അപകർഷതാബോധത്തിന് അടിമകളാവുകയും ചെയ്യും. മാതാപിതാക്കൾ ഈ വസ്തുതകൾ ഗ്രഹിക്കുകയും എപ്പോഴും മക്കളുമായി ആശയവിനിമയത്തിനുള്ള വാതിൽ തുറന്നിടുകയും വേണം; തുറന്നു സംസാരിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും സ്നേഹത്തിൽ മുമ്പോട്ടു നയിക്കുകയും ചെയ്യണം.

### 3. ദത്തെടുത്ത മക്കൾ :

ശാരീരികവൈകല്യങ്ങൾ കാരണം മക്കൾ ജനിക്കാതെ വരുമ്പോഴാണ് സാധാരണ ഭാര്യ,ഭർത്താക്കന്മാർ മക്കളെ ദത്തെടുക്കുന്നത്. മറ്റു ചില കാരണങ്ങളാലും ചിലർ അപ്രകാരം ചെയ്യാറുണ്ട്. മോശെ, എസ്ഥേർ എന്നിവർ ദത്തെടുക്കുപ്പെട്ട മക്കളായിരുന്നല്ലോ.

വീണ്ടുംജനനാനുഭവത്തിലൂടെ നാം ദൈവമക്കളായിത്തീരുമ്പോൾ വാസ്തവത്തിൽ സ്വർഗ്ഗീയപിതാവ് നമ്മെ തന്റെ പുത്രീപുത്രന്മാരായി ദത്തെടുക്കുകയാണ് (എഫെ 1:4-6). അങ്ങനെ നാം സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങൾക്കും പിതാവിന്റെ ആദ്യജാതനായ യേശുവിനോടൊപ്പം കൂട്ടവകാശികളായിത്തീരുന്നു!

ദത്തെടുക്കുന്ന കുഞ്ഞുങ്ങളെ സംബന്ധിച്ച് മിക്കപ്പോഴും നമുക്ക് വളരെയൊന്നും അറിവുണ്ടാവുകയില്ല- വിശേഷിച്ചും അവരുടെ പൈതൃക ഗുണം,സ്വഭാവസവിശേഷതകൾ, ആരോഗ്യചരിത്രം ഇത്യാദി. സാധാരണ ഗതിയിൽ നഷ്ടസാധ്യത(risk) മുമ്പിൽകണ്ടേ കുഞ്ഞുങ്ങളെ ദത്തെടുക്കാനാവൂ. മറ്റൊരു പശ്ചാത്തലത്തിൽ നിന്ന് നമ്മുടെ ഭവനത്തിലേക്കു കൊണ്ടുവരുന്ന ഈ മക്കളെ സംബന്ധിച്ച് മാതാപിതാക്കൾ കൂടുതൽ ജാഗ്രതയും സംവേദനക്ഷമതയും ഉള്ളവരായിരിക്കണം. അവരുടെ മാനസികാവസ്ഥ മനസ്സിലാക്കി, വളരെ കരുണയോടും സ്നേഹത്തോടും കൂടെ അവരെ കരുതേണ്ടതുണ്ട്.

അവർ ദത്തെടുക്കപ്പെട്ട മക്കളാണെന്ന സത്യം മാതാപിതാക്കൾ മറച്ചുവെയ്ക്കാൻ ശ്രമിക്കരുത്. ചെറുപ്പത്തിൽത്തന്നെ ഇക്കാര്യം അവർ ഗ്രഹിച്ചിരിക്കണം. അതിൽ അപാകത ഒന്നുമില്ല.





ദത്തെടുത്ത മക്കൾ നേരിടുന്ന ഒരു സുപ്രധാന പ്രശ്നം തങ്ങൾക്ക് സുരക്ഷിതത്വമില്ല എന്ന തോന്നലാണ്; ഇതൊരു ഭയമായി പിൽക്കാലത്ത് രൂപപ്പെട്ടേക്കാം. മറ്റൊരു പ്രശ്നം തങ്ങൾ ആർക്കും വേണ്ടാത്തവരാണ് എന്ന ചിന്തയാണ്. എന്നാൽ ഈ കുട്ടികൾക്ക് യഥാർത്ഥസ്നേഹവും കരുതലും ആത്മവിശ്വാസവും പകർന്നു നൽകുക വഴി ഈ പ്രശ്നങ്ങൾക്ക് വലിയൊരളവുവരെ ശമനമുണ്ടാക്കാൻ സാധിക്കും. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുമല്ലോ.

### 4. മാതാവോ പിതാവോ തനിയേ

: ഇതൊരു പ്രത്യേക അവസ്ഥാവിശേഷമാണ്. ഒരാൾ തനിയേ മക്കളെ വളർത്തേണ്ടിവരുന്ന സ്ഥിതി. ഒരാളുടെ അകാലമരണം, വിവാഹമോചനം, കുടുംബകലഹം, മാരകരോഗങ്ങൾ ഇവയൊക്കെയാണിതിനു കാരണം. പാശ്ചാത്യനാടുകളിൽ വിവാഹമോചനം ഒരു സാധാരണ സംഭവം പോലെ ലഘുവായി ഗണിക്കപ്പെടുന്നതിനാൽ ഒരാൾ തനിയേ മക്കളെ വളർത്തേണ്ട അവസ്ഥയും (Single parent) അതിന്റെ വ്യഥകളും ഒട്ടേറെ പേർക്ക് വഹിക്കേണ്ടിവരുന്നുണ്ട്. നമ്മുടെ നാട്ടിൽ ഒന്നും മൂന്നും കാരണങ്ങളാണ് ഏറിയ പങ്കും.

കാരണം എന്തുതന്നെ ആയാലും ഒറ്റയ്ക്കു കുടുംബഭാരം പേറേണ്ടിവരുന്നവർ നമ്മുടെ സഹതാപവും സഹായവും അർഹിക്കുന്നവർ തന്നെയാണ്. വിവിധ സമ്മർദ്ദങ്ങളും മാനസിക വ്യഥകളും പിരിമുറുക്കങ്ങളും അവർക്കു മേൽ വന്നുകൊണ്ടിരിക്കും. എന്നാൽ മുമ്പു നാം ചിന്തിച്ചതുപോലെ, സഹനശക്തിക്കതീതമായ പ്രതിസന്ധികൾ അഥവാ പരീക്ഷകൾ ആർക്കും ദൈവം അനുവദിക്കുന്നില്ല; പ്രതിസന്ധികൾക്കൊപ്പം രക്ഷാമാർഗ്ഗവും അവിടുന്ന് പ്ലാൻ ചെയ്തിട്ടുണ്ട്.

**ദത്തെടുത്ത മക്കൾ നേരിടുന്ന ഒരു സുപ്രധാന പ്രശ്നം തങ്ങൾക്ക് സുരക്ഷിതത്വമില്ല എന്ന തോന്നലാണ്; ഇതൊരു ഭയമായി പിൽക്കാലത്ത് രൂപപ്പെട്ടേക്കാം. മറ്റൊരു പ്രശ്നം തങ്ങൾ ആർക്കും വേണ്ടാത്തവരാണ് എന്ന ചിന്തയാണ്. എന്നാൽ ഈ കുട്ടികൾക്ക് യഥാർത്ഥ സ്നേഹവും കരുതലും ആത്മവിശ്വാസവും പകർന്നു നൽകുക വഴി ഈ പ്രശ്നങ്ങൾക്ക് വലിയൊരളവുവരെ ശമനമുണ്ടാക്കാൻ സാധിക്കും. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുമല്ലോ.**

ഏകരായി കുടുംബഭാരം വഹിക്കുന്നവരുടെ ശ്രദ്ധയ്ക്കായി ചില വസ്തുതകൾ കുറിക്കട്ടെ:

1) ദൈവത്തോട് ഏറെ അടുത്ത്, ഞെരുങ്ങി ജീവിക്കാൻ ഉത്സാഹിക്കുക; അവിടുന്നാണല്ലോ അശരണർക്ക് അത്താണി. ഇപ്പോഴത്തെ പ്രതിസന്ധികൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധനയാകുന്നു. തീയിലൂടെ ശോധനകഴിക്കപ്പെടുന്ന പൊന്നുപോലെ ഈ വിഷമഘട്ടം തരണം ചെയ്ത് നിങ്ങൾക്ക് ദൈവസ്വഭാവമുള്ള, അനുഗൃഹീത വ്യക്തിയായി മാറാൻ കഴിയും. (1 പത്രൊ: 1:7;4:12-13) ദൈവഭക്തരായ ആത്മീയ സഹോദരങ്ങളോടുള്ള കൂട്ടായ്മയെ വിലമതിക്കുകയും പ്രാദേശികസഭയിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുക (സങ്കീ: 68: 5-6 നോക്കുക) അത് നിങ്ങളുടെ ഭാരങ്ങളെ ലഘൂകരിക്കാൻ സഹായിക്കും.

2) നല്ല സ്നേഹിതരെ കണ്ടെത്തുക: കുഞ്ഞുങ്ങളുമായി ഒറ്റയ്ക്കു ജീവിക്കുന്നവർ കാലക്രമേണ തങ്ങളിലേക്കു തന്നെ ഉൾവലിഞ്ഞ് സ്വയം സൃഷ്ടിച്ച ഒരു തോടിനുള്ളിൽ ഒതുങ്ങി

പ്പോകാൻ സാധ്യതയുണ്ട്. പ്രാർത്ഥന യോടെ, ദൈവഭയമുള്ള ആരോഗ്യക രമായ കുടുംബജീവിതം നയിക്കുന്ന നല്ല ചില കുടുംബ സുഹൃത്തുക്കളെ അന്വേഷിക്കുക, വിവേകവും വിവേച നശേഷിയും കൈവിടാതെ.

നിങ്ങൾക്കും മക്കൾക്കും ആവശ്യ മായ നല്ല ഉപദേശങ്ങൾ, തിരുത്തലു കൾ, മാർഗ്ഗനിർദ്ദേശങ്ങൾ ഇവ യൊക്കെ ഈ നല്ല സ്നേഹിതരിൽ നിന്ന് ലഭിക്കും. മിക്കപ്പോഴും അവർ നിങ്ങൾക്കൊരു സംരക്ഷണവും ആയി രിക്കും.

3) ഒരിക്കലും ആശ കൈവി ടാതെ ദൈവത്തിൽ ആശ്രയിച്ചുകൊ ള്ളുക, അവിടുന്ന അനാഥരുടെയും വിധവമാരുടെയും അശരണരുടെയും ദൈവമാകുന്നു. "ആകയാൽ കർത്താവ് എനിക്കു തുണ ഞാൻപേടിക്കയില്ല, മനുഷ്യർ എന്നോടെന്തു ചെയ്യും എന്നു നമുക്കു ധൈര്യത്തോടെ പറയാം" (എബ്രാ 13:6). നിശ്ചയമായും ദൈവം നിങ്ങളുടെ കൈകളെ ബല പ്പെടുത്തും, പ്രത്യേകം കൃപ നൽകി മക്കളെ നന്നായി പരിപാലിക്കാൻ സഹായിക്കും.

മധ്യവയസ്കയും വിധവയുമായ ഒരു സഹോദരിയെ എനിക്കറിയാം; ഒരു മകൻ കോളജിൽ പഠിക്കുന്നു, ഇളയ മകൻകൗമാരം കടന്നിട്ടേയുള്ളൂ, മന്ദബുദ്ധിയാണ്. അവന് പറ്റിയ സ്കൂൾ നാട്ടിൽ ഇല്ലാത്തതുകാരണം അവർ നൂറുകിലോമീറ്റർ ദൂരെയുള്ള പട്ടണത്തിൽ വന്ന് വാടകവീട്ടിൽ താമ സിച്ച് അവനെ പഠിപ്പിക്കുന്നു. മകനെ സ്കൂളിൽ കൊണ്ടു വിടുകയും നാലു മണിക്ക് തിരികെ വിളിച്ചുകൊണ്ടുവരി കയും ചെയ്യണം. അതിനായി ആ മാതാവ് ഡ്രൈവിംഗ് പഠിച്ചു. ഒരു പഴ യകാർ വാങ്ങി സ്വയം ഓടിക്കുന്നു. ഇതിനിടെ പല വാടക വീടുകൾ മാറേണ്ടി വന്നു... എത്രയെത്ര മാന സിക സംഘർഷങ്ങൾ! എന്തെല്ലാം

**ഇപ്പോഴത്തെ സാഹചര്യങ്ങ ളെക്കുറിച്ച് പിറുപിറുക്കാതെ ക്രിയാത്മകമായ കാഴ്ചപ്പാ ടോടെ ദൈവത്തിന് നന്ദി യർപ്പിച്ച് മുമ്പോട്ടു പോകുക. കഴിഞ്ഞുപോയ കാലത്തെക്കു റിച്ച് ഇനി ഒന്നും ചെയ്യാനാവി ല്ലല്ലോ- പശ്ചാത്തപിക്കുകയും തെറ്റുകൾ തിരുത്തുകയും ചെയ്യുന്ന തൊഴികെ. വാശിയും വിദ്വേഷവും വിരോ ധവുമെല്ലാം വിട്ടുകളയുക; മറ്റേ വ്യക്തിയോട് അവരുടെ തെറ്റുകളെ ദൈവനാമത്തിൽ ക്ഷമിച്ചു കൊടുക്കുക- ദൈവം ക്രിസ്തുവിലൂടെ എത്രയധികം നമ്മോട് ക്ഷമിച്ചിരിക്കുന്നു!**

പ്രതിസന്ധികൾ!

എന്നാൽദൈവാശ്രയമുള്ള ആ മാതാവ് പ്രാർത്ഥനയിലൂടെയും ആത്മീ യകൂട്ടായ്മയിലൂടെയും ദൈവകൃപ സംഭരിച്ച് ആവലാതികൾ കൂടാതെ ഈ പ്രതിസന്ധികളെയെല്ലാം തരണം ചെയ്ത് മുമ്പോട്ടുപോകുകയാണ്. തക്ക സമയത്ത് ആവശ്യമുള്ള കൃപ നേടാ നായി നാം ദൈവമുമ്പാകെ സ്വയം താഴ്ത്തുക.

4) ഇപ്പോഴത്തെ സാഹചര്യങ്ങളെ ക്കുറിച്ച് പിറുപിറുക്കാതെ ക്രിയാത്മക മായ കാഴ്ചപ്പാടോടെ ദൈവത്തിന് നന്ദിയർപ്പിച്ച് മുമ്പോട്ടു പോകുക. കഴി ഞ്ഞുപോയ കാലത്തെക്കുറിച്ച് ഇനി ഒന്നും ചെയ്യാനാവില്ലല്ലോ- പശ്ചാത്ത പിക്കുകയും തെറ്റുകൾ തിരുത്തുകയും ചെയ്യുന്നതൊഴികെ. വാശിയും വിദ്വേ ഷവും വിരോധവുമെല്ലാം വിട്ടുകളയു ക; മറ്റേ വ്യക്തിയോട് അവരുടെ തെറ്റു കളെ ദൈവനാമത്തിൽ ക്ഷമിച്ചു കൊടുക്കുക- ദൈവം ക്രിസ്തുവിലൂടെ എത്രയധികം നമ്മോട് ക്ഷമിച്ചിരി ക്കുന്നു! സ്വയസഹതാപവും ദണ്ഡ ങ്ങളും ഉപേക്ഷിച്ച് ദൈവത്തിലേക്കു നോക്കുക. ഗതകാലസ്മരണകളെ





ചുമ്മാ അയവിറക്കി ജീവിതം ദുരിത പൂർണ്ണമാക്കാതിരിക്കുക. നല്ല മന സ്സോടെ ദൈവം നൽകിയ 'ഡബിൾ റോൾ' (പിതാവിന്റെയും മാതാവി ന്റെയും) പൂർത്തിയാക്കാൻ പരിശ്രമി ക്കുക.

5. **പ്രതീക്ഷിക്കാതിരുന്ന മക്കൾ:**

മക്കൾ യഹോവ നൽകുന്ന ദാന മാകുന്നു എന്നറിയാമെങ്കിലും ചില പ്പോൾ അപ്രതീക്ഷിതമായി വന്നെ ത്തുന്ന മക്കളെച്ചൊല്ലി മാതാപിതാ ക്കൾ കൈപ്പും ഈർഷ്യവും നിറഞ്ഞ വരാകാറുണ്ട്. ഒരു കുഞ്ഞ് പിറന്നതേ യുള്ളൂ; മാതാവിന് ആരോഗ്യപ്രശ്നങ്ങ ളുമുണ്ട് ഇതാ ഒരു വർഷം തികയും മുമ്പ് അടുത്ത കുഞ്ഞും. കൂട്ടുകാർ എന്തുപറയും.. നാട്ടുകാർ എന്തു ചിന്തി ക്കും.... മോശമല്ലേ? ഇങ്ങനെ പോകുന്നു ആ യുവ മാതാവിന്റെ സങ്ക ടങ്ങൾ.

അമ്മയുടെ ആരോഗ്യം കുടുംബ ത്തിലെ സാഹചര്യങ്ങൾ പരിമിതികൾ എല്ലാം കണക്കിലെടുത്ത് മക്കളുടെ പ്രായത്തിനുള്ള അകലം സംബന്ധിച്ച് ഒരു പദ്ധതിയുണ്ടായിരിക്കേണ്ടത് ആവശ്യം തന്നെ. എന്നാൽ ചിലപ്പോൾ നിങ്ങളുടെ പ്ലാനുകൾ തെറ്റിച്ചുകൊണ്ട് ഒരു കുഞ്ഞിന്റെ ആഗമനം സംഭവി ച്ചെന്നു വരാം. ഇനി അത് ഇരട്ടക്കുട്ടി കൾ ആയാലോ?

എന്താണ് ശരിയായ പ്രതികരണം? നന്ദിയോടും സ്തോത്രത്തോടും കൂടെ ദൈവത്തിന്റെ പ്ലാൻ സ്വീകരിക്കുക. അതേ അവിടുന്ന് സകലവും നന്നായി ചെയ്യുന്നു. കുറ്റപ്പെടുത്തലുകളോ ശാപ വാക്കുകളോ ഒന്നും ഒരു ദൈവപൈ തലിന് യോജിച്ചതല്ല എന്നോർക്കുക. അതേ എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതി യാകുന്നു''(ഫിലി.4:3). എന്നു നിങ്ങൾക്കു പ്രഖ്യാപിക്കാൻ കഴിയും.

**സംക്ഷേപം** : സാധാരണ നിലവാ രത്തിൽ നിന്നും വ്യത്യസ്തരായ മക്ക ളേയും ചിലപ്പോൾ ദൈവം നൽകാറു ണ്ട്. വൈകല്യങ്ങളുള്ളവർ, അധികം കഴിവുകളും താലന്തുകളുമുള്ളവർ, ദത്തെടുത്ത മക്കൾ, മാതാവോ പിതാവോ ഒരാൾ മാത്രം സംരക്ഷി ക്കുന്ന മക്കൾ, അപ്രതീക്ഷിതമായി ലഭിച്ച മക്കൾ ഇങ്ങനെ വിവിധ ഗണ ത്തിൽപ്പെടുന്നവർ. ശരിയായ മനോഭാ വത്തോടെ ദൈവികമായ കാഴ്ചപ്പാ ടോടെ വ്യത്യസ്തസ്വഭാവക്കാരായ മക്കളെ അംഗീകരിച്ച് സ്വീകരിക്കുക യാണ് ക്രിസ്തീയ മാതാപിതാക്കളുടെ കർത്തവ്യം. ആവലാതികളോ പരിഭവ ങ്ങളോ കൂടാതെ നന്ദിയോടും സ്തോത്രത്തോടും കൂടെ മക്കളെ സ്വീകരിച്ച് വളർത്താൻ സഹായകമായ ദൈവകൃപ ക്രിസ്തീയ മാതാപിതാക്ക ൾക്കിന്ന് ലഭ്യമാണ്. (തുടരും)

# എഡിറ്റോറിയൽ തുടർച്ച.....

അരുളിച്ചെയ്തതു നോക്കുക(26, 28, 31 വാക്യങ്ങൾ) മൂന്നു പ്രാവശ്യം 'ഭയ പ്പെടേണ്ട' എന്നു പറഞ്ഞ യേശു അവിടെ ഒരു വട്ടം 'ഭയപ്പെടുവിൻ' എന്നും അരുളിച്ചെയ്തു. അത് ആരെയാണ്? 'ദേഹിയേയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ'-ദൈവത്തെ.

യെശയ്യാവും ഇതേ സത്യത്തിന് അടിവരയിടുന്നത് ഇങ്ങനെ: 'അവർ ഭയ പ്പെടുന്നതിനെ നിങ്ങൾ ഭയപ്പെടരുത്. ഭ്രമിച്ചുപോകയുമരുത്. സൈന്യങ്ങളുടെ യഹോവയെ ശുദ്ധീകരിപ്പിൻ. അവൻതന്നെ നിങ്ങളുടെ ഭയവും നിങ്ങളുടെ ഭീതിയും ആയിരിക്കട്ടെ'(8:12, 13).

അതെ ദൈവത്തെ ഭയപ്പെടാം. മനുഷ്യരെ ഭയപ്പെടാതിരിക്കാം. 'വേട്ടക്കാ രുടെ കെണിയിൽനിന്നു പക്ഷിയെന്നപോലെ മനുഷ്യഭയം എന്ന കെണി പൊട്ടിച്ചു നമുക്കു വഴുതിപ്പോരാം'(സങ്കീ.124:7).

വചനം

# സ്തോത്രത്തിലൂടെ വിജയജീവിതം



**യിസ്രായേൽ മക്കൾ ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. അവർ നൃത്തം ചെയ്ത് ആർത്തു വിളിച്ചു. വളരെ ദൂരത്തു തന്നെ ഈ ഘോഷം കേൾക്കുവാൻ കഴിഞ്ഞു.**

**യേ**ശുക്രിസ്തുവിന്റെ ശിഷ്യന്മാർ എന്ന നിലയിൽ വിശ്വാസത്താൽ ജീവിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിശ്വാസത്തിന്റെ പ്രധാനമായ അടയാളം സ്തോത്രമാണ്. ``അവർ അവന്റെ വചനങ്ങളെ വിശ്വസിച്ചു; അവന് സ്തുതിപാടുകയും ചെയ്തു. (സങ്കീ106:12) അവർ എന്ന പദം ഇവിടെ യിസ്രായേൽ ജനങ്ങളെ കുറിക്കുന്നു. മിസ്രയീമ്യരും അവരുടെ രഥങ്ങളും കുതിരകളുമെല്ലാം ചെങ്കടലിൽ മുങ്ങി നശിച്ചതു കണ്ടപ്പോൾ മാത്രമേ അവർക്കു വിശ്വസിക്കുവാനും സ്തുതി പാടുവാനും കഴിവുണ്ടായുള്ളു. അവർ കാഴ്ചയാൽ നടക്കുന്നവരായിരുന്നു. നാമോ വിശ്വാസത്താൽ ജീവിക്കുന്നവരാകയാൽ ശത്രുക്കൾ നമ്മുടെ കൺമുന്നിൽ നിൽക്കുമ്പോൾത്തന്നെ ദൈവം അവരെ ഒന്നാകെ നമ്മുടെ കാൽക്കീഴെയാക്കുമെന്ന വിശ്വാസത്തോടെ സ്തോത്രം പാടുവാൻ നമുക്കു കഴിയും. ഈ കാരണത്താലാണ് പുതിയ നിയമത്തിൻ കീഴിൽ ജീവിക്കുന്ന നമുക്ക് എല്ലാ സാഹചര്യങ്ങളിലും എല്ലാറ്റിനുവേണ്ടിയും ദൈവത്തെ സ്തുതിക്കാൻ കഴിയുന്നത്.

എബ്രായർ 2:12,13 എന്നീ വാക്യങ്ങളിൽ യേശുക്രിസ്തു തന്നെ തന്റെ സഭയുടെ മധ്യത്തിൽ സ്ഥിതിചെയ്തുകൊണ്ട് പിതാവായ ദൈവത്തെ സ്തുതിക്കുന്നതായി നാം വായിക്കുന്നു. 13-ാം വാക്യത്തിൽ "ഞാൻ അവനിൽ ആശ്രയിക്കും". എന്ന ഭാഗം വിശ്വാസത്തെ കുറിക്കുന്നു. ഈ വിശ്വാസം ഉള്ളതുകൊണ്ടാണ് നമുക്കു സ്തോത്രം ചെയ്യാൻ കഴിയുന്നത്. വിശ്വാസവും സ്തോത്രവും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. അതിനാൽ സ്തോത്രമില്ലാത്ത വിശ്വാസം കള്ളവിശ്വാസമാണ്. അഥവാ ചത്ത വിശ്വാസമാണ്.





എബ്രായർ 2:11ൽ പറയുന്നതുപോലെ യേശുവിന്റെ ഇളയസഹോദരന്മാരായ നാം രഹസ്യജീവിത്തിലെന്നപോലെ സഭാമധ്യേയുള്ള പരസ്യാരാധനയിലും നമ്മുടെ ജ്യേഷ്ഠസഹോദരന്റെ വിശ്വാസം പിന്തുടർന്നുകൊണ്ട് പിതാവായ ദൈവത്തെ സ്തുതിക്കുവാൻ വിളിക്കപ്പെട്ടവരാണ്.

പിതാവായ ദൈവം സകലപ്രപഞ്ചത്തിന്റെയും രാജാവാണ്. അവിടുന്ന് ഇരുന്നരുളുന്ന സിംഹാസനം വെള്ളികൊണ്ടോ പൊന്നുകൊണ്ടോ നിർമ്മിക്കപ്പെട്ടതല്ല, അത്തരമൊരു സിംഹാസനത്തിന് ദൈവം ഇരുന്നരുളുവാൻ തക്ക ശ്രേഷ്ഠത ഉണ്ടായിരിക്കയില്ല. "യിസ്രായേലിന്റെ അഥവാ ദൈവജനത്തിന്റെ സ്തുതികളിൽമേൽ വസിക്കുന്നവനേ എന്നാണ് സങ്കീർത്തനക്കാരൻ ദൈവത്തെ സംബോധനചെയ്യുന്നത്(സങ്കീർ 22:3). ദൈവം രാജാവായി ഇരുന്നരുളുന്ന സിംഹാസനം സ്തോത്രത്താൽ നിർമ്മിതമാണ്. ഇതുകൊണ്ടാണ് സ്വർഗ്ഗം നിരന്തരമായ സ്തോത്രത്തിന്റെ സ്ഥലമായിരിക്കുന്നത്. ദൈവദൂതന്മാർ എല്ലായ്പ്പോഴും ഇടതടവില്ലാതെ ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിലേക്കു വരുമ്പോൾ ദൈവത്തിനു സ്തോത്രനിർമ്മിതമായ ഒരു സിംഹാസനം നമ്മുടെ ഹൃദയങ്ങളിൽ ഒരുക്കപ്പെടുന്നു. അങ്ങനെ നമ്മുടെ ഹൃദയത്തിലും ഭവനത്തിലും സഭയിലും ദൈവം സിംഹാസനസ്ഥനായി വാഴുന്ന അനുഭവം നമുക്കു ലഭിക്കുന്നു.

ഇതുമൂലമാണ് എല്ലാ പരാതിപറച്ചിലിൽനിന്നും പിറുപിറുപ്പിൽ നിന്നും വാദപ്രതിവാദത്തിൽ നിന്നുമുള്ള വിടുതലിനുവേണ്ടി നാം ഭയത്തോടും വിറയലോടുംകൂടി പ്രവർത്തിക്കേണ്ടിയിരിക്കുന്നത്. അങ്ങനെ നാം പ്രവർത്തിക്കുന്ന പക്ഷം ദൈവം (പരിശുദ്ധാത്മാവ്) തന്നെ തിരുവുള്ളമുണ്ടായിട്ട് നമ്മുടെ ഹൃദയത്തിൽ സ്വർഗ്ഗസിംഹാസനം ഒരുക്കുവാനായി ഇച്ഛിക്കുകയും പ്രവർത്തിക്കുകയും ചെയ്യും. ഫിലിപ്പ്യർ 2:12-14 നോക്കുക. ഇപ്രകാരം നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്ന ദൈവംതന്നെ പുറമേയും നമ്മുടെ നന്മയ്ക്കായി എല്ലാ കാര്യങ്ങളെയും ഒരുമിച്ചുചേർത്ത് വ്യാപരിപ്പിക്കുന്നുണ്ട്. റോമർ 8:28 ൽ പറയുന്ന ഈ കാര്യം നാം വിശ്വസിക്കുന്നപക്ഷം നമുക്കു പരാതിപ്പെടുവാനോ പിറുപിറുക്കുവാനോ യാതൊരാവശ്യവുമില്ല. നമ്മുടെ വീട്ടിലോ ജോലിസ്ഥലത്തോ നാം അസംതൃപ്തരും പരാതിപറയുന്നവരുമായി ജീവിക്കുന്നുവെങ്കിൽ സഭയിൽവന്ന് ദൈവത്തെ സ്തുതിക്കുവാൻ നമുക്കു സാധ്യമല്ല.

യഥാർത്ഥമായ സ്തുതി ക്രൂശിക്കപ്പെട്ട ഒരു ജീവിതത്തിൽ നിന്നു മാത്രമേ ഉത്ഭവിക്കുകയുള്ളു. ദൈവം തന്റെ ജനത്തിന്റെ സ്തുതികളിന്മേൽ വസിക്കുന്നു. ഈ സത്യം വെളിപ്പെടുത്തുന്നതായി തിരുവചനത്തിലുള്ള ഒരേയൊരു വാക്യം കാണപ്പെടുന്നത് ക്രൂശീകരണത്തെ വ്യക്തമായി ചിത്രീകരിക്കുന്ന ഒരു സങ്കീർത്തനത്തിലാണെന്നുള്ള വസ്തുത തികച്ചും അർത്ഥവത്താണ്(സങ്കീർ 22:3). യേശുക്രിസ്തു ക്രൂശിൻമേൽവച്ച് ഉച്ചത്തിൽ നിലവിളിച്ച നിലവിളിയോടുകൂടിയാണ് ഈ സങ്കീർത്തനം ആരംഭിക്കുന്നത്. ഇതിന്റെ 16-ാം വാക്യത്തിൽ യേശുവിന്റെ കൈകളും കാലുകളും തുളയ്ക്കപ്പെട്ടതിനെപ്പറ്റിയും പ്രസ്താവിക്കുന്നു. അനന്തരം ഈ സങ്കീർത്തനത്തിന്റെ മധ്യഭാഗത്ത് (വാക്യം 22,23) യേശു നമ്മെ തന്റെ സഹോദരന്മാർ എന്നു വിളിക്കുകയും തന്നോടൊപ്പം ചേർന്ന് തന്റെ പിതാവിന് സ്തുതികളാൽ നിർമ്മിതമായ ഒരു സിംഹാസനം ഒരുക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. നാമും ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു. അപ്രകാരം നമ്മുടെ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി

നാം ക്രൂശിക്കുമ്പോൾ നമ്മുടെ പിതാവിന് അർത്ഥവത്തായ സ്തുതിപാടുവാൻ നമുക്കു കഴിവുണ്ടാകുന്നു. കാരിസ്മാറ്റിക്, പെന്തക്കോസ്ത് സമൂഹങ്ങളിൽ കേൾക്കപ്പെടുന്ന, ഒരു വലിയ പങ്ക് സ്തുതി ഗാനങ്ങളുടെ പൊള്ളത്തരം ഇവിടെയാണ് വ്യക്തമാകുന്നത്. ഈ സമൂഹങ്ങളിൽ ക്രൂശിന്റെ വചനത്തിന് അതർഹിക്കുന്ന കേന്ദ്രസ്ഥാനം നൽകപ്പെട്ടിട്ടില്ലാത്തതിനാൽ അവിടെ നാം കേൾക്കുന്ന സ്തുതിഗാനങ്ങൾ അർത്ഥശൂന്യങ്ങളായിപ്പരിണമിക്കുന്നു. അത്തരം സ്തുതി ദൈവം അംഗീകരിക്കുന്നില്ല. ഈ പൊള്ളത്തരം മനസ്സിലാക്കിയ ചില വ്യക്തികൾ ഈ വിധത്തിലുള്ള സ്തോത്രവും ആരാധനയും പുതിയനിയമസഭകളിൽ ആവശ്യമില്ലെന്നു വിധിയെഴുതി അവയെ പുറംതള്ളുന്നു. ഇപ്രകാരം ഒരു വശത്തുള്ള പടുകുഴിയിൽനിന്നു രക്ഷപെടുവാൻ ശ്രമിക്കുന്നതിനിടയിൽ അവർ മറുവശത്തുള്ള മറ്റേ കുഴിയിലേക്ക് വീണുപോകുന്നു.

ക്രിസ്തുവിനോടുകൂടി ക്രൂശിന്മേൽ മരിക്കുവാൻ നാം നമ്മെത്തന്നെ ഏൽപിക്കുമ്പോൾ പിതാവായ ദൈവത്തിന് സ്തോത്രനിർമ്മിതമായ ഒരു സിംഹാസനം ഒരുക്കുവാൻ നാം പ്രാപ്തരായിത്തീരുന്നു. 118-ാം സങ്കീർത്തനം യേശുവിന്റെ ക്രൂശിനെ ചിത്രീകരിക്കുന്ന മറ്റൊരു സങ്കീർത്തനമാണ്. ഇതിന്റെ 11 മുതൽ 14 രെയുള്ള വാക്യങ്ങളും 22-ാം വാക്യവും നോക്കുക. 27-വാക്യത്തിൽ നാം നമ്മെത്തന്നെ യാഗപീഠത്തിന്മേൽ അർപ്പിക്കുകയും ക്രൂശിനോടുചേർത്ത് നമ്മെ യാഗപശുവായി കയറുകൊണ്ടു കെട്ടുകയും ചെയ്യുന്നു. ആ നിലയിൽ സ്ഥിതിചെയ്തുകൊണ്ടാണ് 28,29 എന്നീ വാക്യങ്ങളിൽ നാം ദൈവത്തെ ഉച്ചത്തിൽ സ്തുതിക്കുന്നത്. അപ്പോൾ നമുക്ക് "ഇത് യഹോവ ഉണ്ടാക്കിയ ദിവസം; ഇന്നു നാം സന്തോഷിച്ച് ആനന്ദിക്കുക". എന്നു പാടുവാൻ കഴിവുണ്ടാകും (വാക്യം 24).

വിഷണ്ണ മനസ്സിനെയും ദുഃഖത്തെയും നിരാശതയെയും നമ്മുടെ ജീവിതത്തിൽ നിന്നു നീക്കിക്കളഞ്ഞ് തൽസ്ഥാനത്ത് ആനന്ദതൈലംകൊണ്ടു നമ്മെ അഭിഷേകം ചെയ്യുവാനും സ്തുതി എന്ന മേലാട നമ്മെ അണിയിക്കുവാനുമാണ് ദൈവം യേശുക്രിസ്തുവിനെ അഭിഷേകം ചെയ്തിട്ടുള്ളത്. (യെശയ്യാവ് 61:1-3 ലൂക്കോസ് 4:18-19 എന്നീ ഭാഗങ്ങൾ നോക്കുക) നിങ്ങൾ നിരാശതയുടെ ആത്മാവിലാണ് ജീവിക്കുന്നതെങ്കിൽ അത് സാത്താന്റെ പ്രവർത്തനമാണെന്ന കാര്യത്തിൽ സംശയമില്ല. നിന്റെ ജീവിതത്തിൽനിന്ന് ആ ദുരാത്മാവിനെ എന്നെന്നേക്കുമായി പുറത്താക്കിയ ശേഷം നിന്നെ സ്തുതിയെന്ന മേലാടയും സന്തോഷമെന്ന അലങ്കാരമാലയും അണിയിക്കുന്നതിനുവേണ്ടിയാണ് യേശുക്രിസ്തു ലോകത്തിൽ വന്നത്. നാം മ്ലാനവദനരായി വിഷണ്ണരും ദുഃഖിതരുമായി, വാടിയ മുഖത്തോടെ ജീവിക്കണമെന്നു ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല. എന്തെന്നാൽ യേശുക്രിസ്തു ഒരിക്കൽപോലും ഏറ്റവും വലിയ പ്രതികൂലസാഹചര്യങ്ങളെ നേരിട്ടപ്പോൾപോലും നിരാശനോ മ്ലാനവദനനോ ആയിത്തീർന്നിട്ടില്ല. ഒരിക്കൽപ്പോലും എന്തെങ്കിലും കാര്യത്തെപ്പറ്റി അവിടുന്ന് പരാതിപ്പെട്ടിട്ടില്ല. "അവൻ നടന്നതുപോലെ നടക്കുവാ'നാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. യേശു ഓരോ ദിവസവും ക്രൂശുവഹിച്ചതുപോലെ നാമും നാൾതോറും ക്രൂശെടുത്ത് തന്നെ അനുഗമിച്ചാൽ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ.

ശത്രുവിനെ മിണ്ടാതാക്കുവാനും തോൽപിക്കുവാനും ദൈവം ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽ നിന്നു ബലം നിയമിച്ചിരിക്കുന്നു എന്ന് സങ്കീർത്തനം 8:2ൽ വായിക്കുന്നു. ദാവീദുപുത്രനു ഹോശന്നാ എന്ന് ബാലന്മാർ ദേവാലയത്തിൽ ആർത്തുവിളിച്ചതിനെ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും എതിർത്തപ്പോൾ കർത്താവ് ഈ വാക്യം ഉദ്ധരിച്ചതായി നാം കാണുന്നുണ്ട്. (മത്തായി. 15:16). ഈ യഹൂദനേതാക്കന്മാരെപ്പോലെയുള്ള പല നേതാക്കന്മാരും ഇന്ന് ഇതേ അഭിപ്രായം ഉള്ളവരാണ്. ദേവാലയത്തിൽ ഉച്ചശബ്ദത്തോടെ ആരും ആർത്തുപാടി സ്തുതിക്കേണ്ടതില്ല. ശാന്തമായി വാടിയ മുഖത്തോടെ ഇരുന്നാൽ മതി എന്നാണ് അവരുടെ പക്ഷം. എന്നാൽ കുട്ടികളുടെ ഈ ഉച്ചനാദം യേശുവിനെ ആഹ്ലാദിപ്പിച്ചു. തന്റെ പിതാവിന്റെ സ്വർഗ്ഗീയ ഭവനത്തിൽ ദൂതന്മാർ തകർത്ത ഇടിമുഴക്കം പോലെ സ്തുതിഗാനം മുഴുക്കുന്നതിനെ ഇത് അനുസ്മരിപ്പിച്ചതിനാലാണ് യേശു സന്തോഷിച്ചത്. ഉച്ചശബ്ദത്തിൽ ദൈവത്തെ സ്തുതിക്കുന്ന ശബ്ദം സാത്താന് ഏറ്റവും അസഹ്യമാണ്. ഈ കാരണത്താലാണ് സാത്താനും അവന്റെ അനുയായികൾക്കും സ്വർഗ്ഗത്തിൽ വസിക്കുവാൻ കഴിയാതെ വന്നത്. ഇന്ന് ഭൂമിയിലുള്ള ദൈവത്തിന്റെ സഭയിലും അതു സഹിക്കുവാൻ അവനു പ്രയാസമാണ്. അതുകൊണ്ട് ഒന്നുകിൽ ആ സ്തോത്രത്തിന്റെ ആത്മാർത്ഥത നശിപ്പിക്കുവാനോ അല്ലെങ്കിൽ ആ സ്തോത്രം തന്നെ ഒന്നാകെ നിർത്തിക്കളയുവാനോ അവൻ പരിശ്രമിക്കുന്നു. ഇന്ന് നമ്മുടെ ചുറ്റുമുള്ള അനേകം ക്രൈസ്തവ സമൂഹങ്ങളെ നോക്കിയാൽ ഈ രണ്ടു മാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്നിൽ അവൻ വിജയം നേടിയിട്ടുള്ളതായി നമുക്ക് കാണാൻ കഴിയും.

ആത്മാർത്ഥമായ സ്തുതിയെ സാത്താൻ എന്തുകൊണ്ടാണ് വെറുക്കുന്നത്? യേശുക്രിസ്തു സങ്കീർത്തനം 8:2 ഉദ്ധരിച്ച ഭാഗത്ത് ഈ ചോദ്യത്തിന്റെ ഉത്തരം നാം കാണുന്നു. ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽ നിന്നു

**നാമും ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു. അപ്രകാരം നമ്മുടെ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി നാം ക്രൂശിക്കുമ്പോൾ നമ്മുടെ പിതാവിന് അർത്ഥവത്തായ സ്തുതിപാടുവാൻ നമുക്കു കഴിവുണ്ടാകുന്നു. കാരിസ്മാറ്റിക്, പെന്തക്കോസ്ത് സമൂഹങ്ങളിൽ കേൾക്കപ്പെടുന്ന ഒരു വലിയ പങ്ക് സ്തുതി ഗാനങ്ങളുടെ പൊള്ളത്തരം ഇവിടെയാണ് വ്യക്തമാകുന്നത്.**

പുറപ്പെടുന്ന ബലം സ്തോത്രശബ്ദത്തിന്റെ ബലം തന്നെയാണ്. ശത്രുവായ സാത്താനെ ആട്ടിപ്പായിക്കാൻ പര്യാപ്തമായ ബലം ഇതു തന്നെ. ആത്മാർത്ഥതയോടെ വിശുദ്ധമായ ജീവിതത്തിൽ നിന്നു പുറപ്പെടുന്ന സ്തോത്രം.

എന്നാൽ വിശുദ്ധ ജീവിതത്തിൽ നിന്നുത്ഭവിക്കാത്ത പൊള്ളയായ സ്തോത്രശബ്ദത്തിന് ഈ ശക്തിയില്ല. പുറപ്പാടുപുസ്തകം 32-ാം അധ്യായത്തിൽ യിസ്രായേൽ മക്കൾ ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കിയതായും അതിനെ 'യഹോവ' എന്നു തന്നെ വിളിച്ചുകൊണ്ട് (വാക്യം 5) തങ്ങളുടെ ആ 'യഹോവ'യുടെ മുമ്പിൽ നൃത്തം ചെയ്ത് ആർത്തുവിളിച്ചതായും നാം വായിക്കുന്നു. വളരെ ദൂരത്തുവച്ചു തന്നെ മോശയ്ക്കും യോശുവായ്ക്കും ഈ ഘോഷം കേൾക്കുവാൻ കഴിഞ്ഞു. (വാക്യം 17-19) എന്നാൽ ഈ കാരിസ്മാറ്റിക് സ്തോത്രശബ്ദത്തിന്റെയും ആരവാരത്തിന്റെയും മധ്യത്തിൽ സാത്താൻ സന്നിഹിതനായിരുന്നു. ഇന്ന് 'യേശു'വിന്റെ നാമത്തിൽ


ജീവമൊഴികൾ

ആർക്കുകയും തുള്ളിച്ചാടുകയും ചെയ്യുന്ന പല കൂട്ടങ്ങളിലും കാണുന്നതു പോലെ അധാർമ്മികത അവരുടെ മധ്യത്തിൽ കൊടികുത്തി വാഴുകയായിരുന്നു.

അതിനാൽ നേരത്തെ പറഞ്ഞതുപോലെ നമ്മുടെ സ്തോത്രം ക്രൂശിക്കപ്പെട്ട ഒരു ജീവിതത്തിൽ നിന്ന്, വിശുദ്ധ ജീവിതത്തിൽ നിന്നു തന്നെ, പുറപ്പെടുമ്പോൾ മാത്രമേ അതിന് പിശാചിനെ ജയിക്കുവാനുള്ള ശക്തി ഉണ്ടാകുന്നുള്ളു.

ലൂക്കോസ് 19:37-38 എന്നീ വാക്യങ്ങളിൽ യേശുവിന്റെ ശിഷ്യന്മാർ **അത്യുച്ചത്തിൽ** ദൈവത്തെ പുകഴ്ത്തിയ സമയത്ത് പരീശന്മാർക്ക് അത് ഇടർച്ചയുണ്ടാക്കിയതായും അവരോടു മിണ്ടാതിരിക്കുവാൻ കൽപിക്കണമെന്ന് അവർ യേശുവിനോട് അപേക്ഷിച്ചതായും നാം കാണുന്നു. ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തുവിളിക്കും എന്നായിരുന്നു ഇതിനു കർത്താവു നൽകിയ മറുപടി. (വാക്യം 40) അത്യുച്ചത്തിൽ സ്തോത്രം ചെയ്യുന്നതിനെപ്പറ്റി യേശുവിനുള്ള അഭിപ്രായവും പരീശന്മാർക്കുള്ള അഭിപ്രായവും ഇവിടെ നാം കാണുന്നു. നിങ്ങളുടെ സഭയിൽ ഇതിൽ ഏതഭിപ്രായമാണ് ആദരിക്കപ്പെടുന്നത്? നിങ്ങൾ പരീശന്മാരെയോ യേശുവിനെയോ പിന്തുടരുന്നത്? മനുഷ്യരിൽ നിന്ന്, വിശിഷ്യ ചില ക്രിസ്തീയ നേതാക്കന്മാരിൽ നിന്നുള്ള മാനം നാം വളരെയധികം അന്വേഷിക്കുന്നതു കൊണ്ടാണ് സഭയിൽ ശബ്ദമുയർത്തി ദൈവത്തെ സ്തുതിപ്പാൻ നാം ഭയപ്പെടുന്നത്. ഏതെങ്കിലും ഗ്രൂപ്പിലെ മതപരമായ പാരമ്പര്യം അത്യുച്ചത്തിലുള്ള സ്തോത്രത്തെ നിന്ദിക്കുകയും വിലക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. അതു നിമിത്തം ആ ഗ്രൂപ്പിൽപ്പെട്ട എല്ലാ ജനങ്ങളും ആ പാരമ്പര്യത്തെ അന്ധമായി അനുസരിക്കുന്നു. എന്നാൽ യേശുവിനെ പിന്തുടരുവാനും സ്വർഗ്ഗരാജ്യം അവകാശമാക്കുവാനും നാമാഗ്രഹിക്കുന്നപക്ഷം ആ പാരമ്പര്യങ്ങളുടെ നേരെ ബലാൽക്കാരം കാട്ടുകയും അവയെ തട്ടിമാറ്റുകയും ചെയ്യാതെ മറ്റൊരു പോംവഴിയുമില്ല. ഇത് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള ഒരു മുൻവ്യവസ്ഥയായി കർത്താവ് എടുത്തുകാണിച്ചിട്ടുള്ളത് ശ്രദ്ധിക്കുക. (മത്തായി 11:12)

യേശു തന്റെ മനുഷ്യാവതാരത്തിനുമുമ്പ് അനന്തയുഗങ്ങൾ തന്റെ പിതാവിനോടൊപ്പം വസിച്ചിരുന്നു. പിതാവിന്റെ ആ ഭവനത്തിലെ അന്തരീക്ഷം നിരന്തരമായ സ്തോത്രത്തിന്റെയും ആരാധനയുടെയും അന്തരീക്ഷമായിരുന്നു. അനന്തരം അവിടുന്ന് ഭൂമിയിൽവന്ന് മ്ലാനരും വിഷണ്ണമുഖരുമായ മതനേതാക്കന്മാർക്കിടയിൽ ജീവിച്ചപ്പോൾ അത് അത്യന്തവിഭിന്നമായ ഒരന്തരീക്ഷമായി അവിടത്തേക്ക് അനുഭവപ്പെട്ടു. എന്നാൽ വല്ലപ്പോഴുമൊരിക്കൽ സ്വർഗ്ഗത്തിലെ സ്തോത്രഘോഷത്തെ അനുസ്മരിപ്പിക്കുന്ന ചിലരെ കാണാനും അവരുടെ സമ്പർക്കം അനുഭവിപ്പാനം ഇടയായിട്ടുള്ളപ്പോഴെല്ലാം കർത്താവിന്റെ ഹൃദയം ആനന്ദംകൊണ്ടു തുടിച്ചിരുന്നു. മുകളിൽ ഉദ്ധരിച്ച വേദഭാഗങ്ങൾ ഈ വസ്തുതയെയാണ് തെളിയിക്കുന്നത്.

വെളിപ്പാടുപുസ്തകത്തിൽ പൂർണ്ണതയെ സൂചിപ്പിക്കുന്ന ഏഴ് എന്ന സംഖ്യ പലവട്ടം ഉപയോഗിച്ചിട്ടുണ്ട്. അതോടൊപ്പം സ്വർഗ്ഗഭവനത്തിന്റെ ഏഴു വീക്ഷണങ്ങൾകൂടി അവിടെ നമുക്കു കാണുവാൻ കഴിയും. താഴെക്കൊടുക്കുന്ന വേദഭാഗങ്ങൾ നോക്കുക. വെളിപ്പാട് 4:8-11, 5:8-14, 7:9-12; 11:15-18; 14: 1-4; 15: 1-4;19:1-6 ഈ ഓരോ ഭാഗത്തും നമ്മുടെ ഭാവിഭവനത്തെപ്പറ്റി നമുക്കു ലഭിക്കുന്ന വീക്ഷണം ഏതു വിധത്തിലുള്ളതാണെന്നു ശ്രദ്ധിക്കുക. തകർത്ത ഇടിമു





ഴക്കംപോലെയും പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും സന്തോഷസാന്ദ്രമായ സ്തോത്രശബ്ദം മുഴങ്ങിക്കേൾക്കുന്ന ഒരന്തരീക്ഷമാണ് അവിടെയെല്ലാം നാം കണ്ടെത്തുന്നത്. ഹല്ലേലൂയ്യാ, ആമേൻ മുതലായ പദങ്ങൾ അർത്ഥശൂന്യമായിട്ടല്ല അവിടെ പ്രയോഗിച്ചിട്ടുള്ളത്. നമ്മുടെ കർത്താവിന്റെയും പിതാവായ ദൈവത്തിന്റെയും ശക്തി, അധികാരം, വിശുദ്ധി, ന്യായവിധിയുടെ നീതിനിഷ്ഠ എന്നിവയെല്ലാം അനുസ്മരിച്ചുകൊണ്ട് സകാരണമായ സ്തോത്രഘോഷമാണ് വിശുദ്ധിയുടെ സൗന്ദര്യത്തോടിടകലർന്ന് അവിടെ മുഴങ്ങിക്കേൾക്കുന്നത്.

വെളിപ്പാടു 14:1-4 ഭാഗത്ത് കുഞ്ഞാടിനോടൊപ്പം സീയോൻ മലയിൽ നിൽക്കുന്നവരായി കാണപ്പെടുന്ന 144,000 വിശുദ്ധന്മാർ ഭൂമിയിൽവച്ച് ഒരുപുതിയ പാട്ടു പഠിച്ചിരുന്നതായി പറയുന്നുണ്ട്. ഭൂമിയിൽ എല്ലാവരും പാടുന്ന പഴയപാട്ട് അസംതൃപ്തിയുടെയും പരാതിപറച്ചിലിന്റെയും പിറുപിറുപ്പിന്റെയും പാട്ടാണ്. ഇതിന്റെ മധ്യത്തിൽ ഒരു ചെറിയ പങ്കാളുകൾ മാത്രം കുഞ്ഞാടു പോകുന്നിടത്തൊക്കെയും അവനെ അനുഗമിക്കുകയും തങ്ങളെത്തന്നെ വെറുത്ത് നാൾതോറും ക്രൂശെടുത്തുകൊണ്ട് അവനെ അനുഗമിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ സർവാധിപത്യത്തിൽ ഇവർ വിശ്വസിക്കുന്നു. തന്മൂലം പരാതിയും പിറുപിറുപ്പും കൂടാതെ എല്ലാറ്റിലും (1തെസ്സ 5:18) എല്ലാറ്റിനു വേണ്ടിയും (എഫേ 5:20) എല്ലാ മനുഷ്യർക്കുവേണ്ടിയും (1 തിമോഥി 2:1) സ്തോത്രം ചെയ്തുകൊണ്ട് ഇവർ ജീവിക്കുന്നു. ഭൂമിയിൽ തങ്ങൾക്കു നേരിടേണ്ടിവരുന്ന എല്ലാ അഗ്നി പരീക്ഷകളിലും അവർ യേശുവിന്റെ മരണം തങ്ങളുടെ ശരീരത്തിൽ വഹിക്കുകയാൽ സ്തോത്രത്തിന്റെയും ആരാധനയുടെയും പുതിയപാട്ട്

**ഏതെങ്കിലും ഗ്രൂപ്പിലെ മതപരമായ പാരമ്പര്യം അത്യുച്ചത്തിലുള്ള സ്തോത്രത്തെ നിന്ദിക്കുകയും വിലക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. അതു നിമിത്തം ആ ഗ്രൂപ്പിൽപ്പെട്ട എല്ലാ ജനങ്ങളും ആ പാരമ്പര്യത്തെ അന്ധമായി അനുസരിക്കുന്നു. എന്നാൽ യേശുവിനെ പിന്തുടരുവാനും സ്വർഗ്ഗരാജ്യം അവകാശമാക്കുവാനും നാമഗ്രഹിക്കുന്നപക്ഷം ആ പാരമ്പര്യങ്ങളുടെ നേരെ ബലാൽക്കാരം കാട്ടുകയും അവയെ തട്ടിമാറ്റുകയും ചെയ്യാതെ മറ്റൊരു പോംവഴിയുമില്ല**

അവർ അഭ്യസിക്കുന്നു. ഇങ്ങനെയാണ് ഒടുവിൽ സീയോൻ മലയിൽ കുഞ്ഞാടിനോടൊപ്പം നിൽക്കുവാൻ അവർ യോഗ്യരായിത്തീരുന്നത്.

നാം നമ്മുടെ ഹൃദയങ്ങൾകൊണ്ടുമാത്രം ദൈവത്തെ സ്തുതിച്ചാൽ മതിയാകുകയില്ല. നമ്മുടെ അധരങ്ങൾ കൊണ്ടുതന്നെ ദൈവത്തിന് സ്തോത്രയാഗം അർപ്പിക്കേണ്ടതാണ്. യേശുവിന്റെ ശിഷ്യന്മാർ എപ്പോഴും നിരന്തരമായി ചെയ്യേണ്ട ഒരു കാര്യമായിട്ടാണ് പുതിയനിയമത്തിൽ ഇതിനെപ്പറ്റി പറഞ്ഞിട്ടുള്ളത്. എബ്രായർ 13:15 നോക്കുക. "ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത് അതിനാൽ നമ്മുടെ അധരങ്ങളിലൂടെ സ്തോത്രശബ്ദം പുറത്തു വരുന്നില്ലെങ്കിൽ ഹൃദയത്തിൽ സ്തോത്രം നിറഞ്ഞു കവിയുന്നില്ല. എന്നുതു സ്പഷ്ടം. ഇപ്രകാരം അധരങ്ങൾകൊണ്ടു നാം അർപ്പിക്കുന്ന സ്തോത്രയാഗമാണ് എല്ലാ പൈശാചികബന്ധനങ്ങളിൽ നിന്നും നമ്മെ സ്വതന്ത്രരാക്കുന്നത്. സങ്കീ 50:23 നോക്കുക. അതിന്റെ ഒരു പുതിയ

തർജ്ജമ ഇപ്രകാരമാണ്: “സ്തോത്രമെന്ന യാഗമർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുകയും തദ്വാരാ ദൈവികമായ വിടുതൽ ഞാൻ കാണിച്ചുകൊടുക്കുമാറ് അവൻ വഴിയൊരുക്കുകയും ചെയ്യുന്നു.”(NIV)

ആത്മാർത്ഥമായ സ്തോത്രാർപ്പണംകൊണ്ട് യുദ്ധത്തിൽ വിജയം കരസ്ഥമാക്കുകയും ബന്ധനങ്ങളിൽനിന്നു സ്വാതന്ത്ര്യം നേടുകയും ആപത്തിൽനിന്നു വിടുതൽ പ്രാപിക്കയും ചെയ്ത ഒട്ടനേകം സംഭവങ്ങൾ തിരുവെഴുത്തിൽ നാം വായിക്കുന്നുണ്ട്. അമ്മോന്യർ, മോവാബ്യർ, സെയീർപർവതനിവാസികൾ എന്നു മൂന്നു ജാതിക്കാരുടെ സംയുക്തമായ ഒരാക്രമണത്തിൽ സമുദ്രം പോലെ പരന്നു കാണപ്പെട്ടു ശത്രുസൈന്യത്തെ യഹോശാഫാത്ത് രാജാവ് സ്തോത്രഗാനം കൊണ്ടുമാത്രം തോൽപിച്ച സംഭവം 2 ദിനവൃത്താന്തം 20ൽ നാം കാണുന്നു. മൂന്നു ദിവസം മത്സ്യത്തിന്റെ വയറ്റിൽക്കഴിഞ്ഞ യോനാ ഒടുവിൽ തന്റെ നിസ്സഹായത മനസ്സിലാക്കി ദൈവത്തെ സ്തുതിച്ചപ്പോൾ മത്സ്യം അവനെ സുരക്ഷിത നിലയിൽ കരയ്ക്കു ഛർദ്ദിച്ചു. (യോന2) അർദ്ധരാത്രിക്കു പൗലോസും ശീലാസും ദൈവത്തെ പാടി സ്തുതിച്ചപ്പോൾ കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി. വാതിലുകൾ താനേ തുറന്നു.ചങ്ങല അഴിഞ്ഞു വീണു. എല്ലാ വാതിലുകളെയും തുറക്കുകയും ചങ്ങലകളെ അഴിക്കുകയും ബന്ധനങ്ങൾ തകർക്കുകയും ചെയ്യുന്ന ഈ ദൈവികമാർഗ്ഗം നമുക്കു സ്വീകരിക്കാം. ഇനി ശേഷിക്കുന്ന നമ്മുടെ ജീവിതകാലത്ത് എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും ദൈവത്തെ ആത്മാർത്ഥമായി സ്തുതിക്കുക എന്ന പുതിയ പാട്ടുപഠിച്ച് ഒടുവിൽ ക്രിസ്തുവിന്റെ കാന്തയെന്ന തേജോമയമായ പദവിയിലെത്തുവാൻ നമുക്കു ജാഗരിക്കാം.

## പരാതിയും പിറുപിറുപ്പും

സഭാശുശ്രൂഷകൻ ഭവനസന്ദർശനത്തിനു ചെന്നപ്പോൾ ഗൃഹനായിക മെതിച്ച നെല്ല് കളത്തിൽ കൂമ്പാരമായി കൂട്ടുകയായിരുന്നു. ശുശ്രൂഷകൻ പറഞ്ഞു: “ദൈവം ഇത്രത്തോളം നല്ല വിളവു തന്നല്ലോ. സ്തോത്രം.” എന്നാൽ ആ സ്ത്രീ കളത്തിൽ കൂട്ടിയിട്ടിരുന്ന ഒരു ചെറിയ കൂമ്പാരം പതിര് അദ്ദേഹത്തെ ചൂണ്ടിക്കാട്ടിയിട്ട് പരാതിപ്പെട്ടു: “കണ്ടോ, ഇത്രയും പതിരാണ്. എന്തു ചെയ്യും?”

അടുത്ത വിളവെടുപ്പുസമയത്ത് സഭാശുശ്രൂഷകൻ ചെന്നപ്പോൾ നെല്ല് വീണ്ടും വലിയ കൂമ്പാരമായി കൂട്ടിയിരിക്കുന്നു. പതിരിന്റെ കൂമ്പാരം കാണാനേയില്ല. ശുശ്രൂഷകൻ സ്ത്രീയോട്: “ദൈവം ഇത്തവണ കൂടുതൽ നല്ല വിളവു തന്നല്ലോ. പതിരൊട്ടും ഇല്ലല്ലോ.”

പരാതിക്കാരിയായ സ്ത്രീയുടെ മറുപടി ഇങ്ങനെ: “പതിരില്ല. ശരിയാ.പക്ഷേ ഞാനിനി കോഴികൾക്കു തിന്നാൻ എന്തോ കൊടുക്കും?”

(കൊലോ.3:17)





# ഫ്രാങ്കോ ഫെനലൻ: ദൈവം പരിശോധനകളെ ഉപയോഗപ്പെടുത്തുന്ന വിധം

**സ്നേഹം** എപ്പോഴും നമ്മെ സന്തുഷ്ടരാക്കുന്നു എന്നുള്ള ഒരു ചിന്താഗതി ഇന്ന് പ്രചരിക്കുന്നുണ്ട്. മാരകമായ ഒരു ചിന്താഗതിയാണിത്. ദൈവത്തോടുള്ള ബന്ധത്തിൽ ഈ ചിന്താഗതിക്കാർ പറയും. “ദൈവം നിങ്ങളെ സ്നേഹിക്കുന്നതിനാൽ നിങ്ങൾ ആഗ്രഹിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്കു നൽകും.” ഈ മനോഭാവം ഉള്ളവർ കഷ്ടതയിൽ അകപ്പെടുമ്പോൾ സംശയത്തിന്റെ ചുഴിയിൽ ആകുമെന്നു മാത്രം, പുഞ്ചിരി തൂകു ദൈവം നിന്നെ സ്നേഹിക്കുന്നു എന്നുള്ള മുദ്രാവാക്യവുമായി നടക്കുന്നവർ ദൈവം കോപിഷ്ഠനാണെന്ന് ചിന്തിക്കുമ്പോൾ ആശയക്കുഴപ്പത്തിലാകുന്നു. പരിശോധനകളോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണം? ആകാശക്കോട്ടയിൽ നിന്നും നാം നിലംപതിക്കുമ്പോൾ നമുക്കൊരു വിശ്രമസ്ഥലം ഉണ്ടോ? അങ്ങനെ ഒരു വിശ്രമസ്ഥലം ഉണ്ട് എന്ന് മിക്ക ആത്മീയ ഗുരുക്കന്മാരും ഉറപ്പുപറയുന്നു. എന്നാൽ കഷ്ടതയിൽ ദൈവസ്നേഹം അനുഭവിക്കാൻ നാം ആത്മീയമായി വളരേണ്ട ആവശ്യമുണ്ടെന്ന് വിശ്വസിച്ചിരുന്ന ആത്മീയ ഗുരുക്കന്മാരിൽ എല്ലാം കൊണ്ടും ശ്രദ്ധേയനാണ് ഫ്രാങ്കോ ഫെനലൻ.



നമ്മിൽ മിക്കവരെയും പോലെ ഫെനലൻ ഒരു കീറാമുട്ടിയാണ്. ഒരു കടങ്കഥപോലെയുള്ള അദ്ദേഹത്തിന്റെ വ്യക്തിത്വം ആത്മീയ പ്രാമാണികത്വത്തിന്റെയും വിശാലമായ മാനുഷികമൂല്യങ്ങളുടെയും അമ്പരപ്പിക്കുന്ന ഒരു മിശ്രിതമത്രേ. ഒരു വശത്ത് പാപ്പാമാരുടെ അപ്രമാദിത്വത്തെ പിന്തുണച്ചിരുന്ന ഫെനലൻ മറുവശത്ത് മാഡം ഗയോണിന്റെ അദ്ധ്യാത്മദർശനവുമായി പൊരുത്തപ്പെട്ടിരുന്നു എന്ന കാര്യം തന്നെ മേൽപ്പറഞ്ഞതിന് വ്യക്തമായ ഉദാഹരണമാണ്.

പാരീസിൽ ജെസ്യൂട്ട് സന്യാസിനിമാരുടെ കീഴിൽ വിദ്യാഭ്യാസത്തിനു ശേഷം 1675ൽ ഫെനലൻ പൗരോഹിത്യശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടു. ഫ്രഞ്ച് പ്രൊട്ടസ്റ്റന്റുകാരെ റോമാ സഭയിലേക്ക് തിരികെ കൊണ്ടുവരാനായി ദീർഘമായ പതിമൂന്നു വർഷങ്ങൾ അദ്ദേഹം ചെലവഴിച്ചു. 1684 മുതൽ 1697 വരെ ലൂയി പതിനാലാമന്റെ പൗത്രന്റെ അധ്യാപകനായി ഫെനലൻ സേവനം അനുഷ്ഠിച്ചു. തന്റെ വ്യക്തിപ്രഭാവത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ 1695ൽ അദ്ദേഹത്തെ കേംബ്രായി ആർച്ച് ബിഷപ്പായ് നാമനിർദ്ദേശം ചെയ്തു.

മാഡം ഗയോണിനെ കണ്ടുമുട്ടുന്നതോടെയാണ് ഫെനലന്റെ കഷ്ടപ്പാടു

കൾ തുടങ്ങിയതെന്നു പറയാം. നിശ്ശബ്ദതയിലും ആത്മാവിന്റെ നിശ്ചലതയിലും ദൈവത്തെ ആരാധിക്കുന്നതിനെപ്പറ്റിയുള്ള മാഡം ഗയോണിന്റെ വീക്ഷണങ്ങളെ പിന്താങ്ങിയതിനാൽ റോമാസഭയ്ക്ക് അദ്ദേഹം അനഭിമതനായി. വിശുദ്ധന്മാരുടെ സുഭാഷിതങ്ങൾ എന്ന ഫെനലന്റെ ഗ്രന്ഥത്തെ അപലപിച്ച പോപ്പ് ഇന്നസെന്റ് പന്ത്രണ്ടാമൻ അദ്ദേഹത്തെ തന്റെ സ്വന്തം ഇടവകയായ കേംബ്രായിലേക്ക് നാടുകടത്തി. അടുത്ത പതിനെട്ടു സംവത്സരങ്ങൾക്കിടയിൽ ഒരിക്കൽ മാത്രമേ ഫെനലൻ കേംബ്രായി വിട്ട് പുറത്തു പോയിട്ടുള്ളൂ. എന്നാൽ ബന്ധുക്കൾക്കും, സ്നേഹിതർക്കും, പുരോഹിതന്മാർക്കും തന്റെ അടുത്ത് ആലോചനയ്ക്കായി വരുന്ന ഏവർക്കും ആത്മീയ ഉപദേശം നൽകുന്ന കത്തുകൾ അദ്ദേഹം അയക്കുന്നുണ്ടായിരുന്നു. വ്യക്തികളുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾക്ക് ഉതകുന്ന ഈ ഉപദേശങ്ങൾക്ക് എക്കാലത്തും പ്രസക്തിയുണ്ട്. ആത്മീയ ജീവിതത്തിലെ പരീക്ഷകളെപ്പറ്റിയുള്ള അത്തരം ഒരു കത്ത് താഴെ ചേർക്കുന്നു.

# വിശ്വാസത്തിന്റെ മങ്ങൽ

**ദൈവം** സ്നേഹിക്കുന്ന മക്കളെ കുരിശുകൾ കൊണ്ട് ചതച്ചുകളയുന്നതിലെ കരുണ ദർശിച്ചാൽ നമുക്ക് അതു ഗ്രഹിക്കുവാൻ വളരെ ബുദ്ധിമുട്ടാണ്. നമ്മെ കഷ്ടപ്പെടുത്തുന്നതിൽ ദൈവം എന്തിന് സന്തോഷിക്കണം? നമ്മെ അരിഷ്ടതയിലൂടെ കടത്തിവിടാതെ നല്ലവരാക്കാൻ ദൈവത്തിന് അറിഞ്ഞുകൂടേ? ദൈവത്തിന് സകലവും സാധ്യമാകയാൽ ഈ കാര്യവും സാധ്യമത്രേ. തന്റെ സർവശക്തിയുള്ള കരങ്ങളിൽ അവിടുന്ന് മനുഷ്യഹൃദയങ്ങളെ വഹിക്കുകയും തനിക്ക് ഇഷ്ടമുള്ളിടത്തേക്ക് തിരിക്കയും ചെയ്യുന്നു... കുരിശിന്റെ അനുഭവം കൂടാതെ നമ്മെ രക്ഷിക്കാൻ കഴിവുള്ള ദൈവം അപ്രകാരം ചെയ്യാനല്ല പ്രസാദിച്ചത്. ഈ വിഷയത്തിൽ അവിടുന്ന് പരമാധികാരിയാണ്. നമുക്ക് ഗ്രഹിക്കാൻ കഴിയുന്നില്ലെങ്കിലും നിശ്ശബ്ദമായി അവിടുത്തെ മഹാജ്ഞാനത്തെ വണങ്ങുകയാണ് നമുക്ക് കരണീയം. എന്നാൽ നാം വ്യക്തമായി മനസ്സിലാക്കുന്ന ഒന്നുണ്ട്, നാം താഴ്മയുള്ളവരാകാതെ, സ്വയത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കാതെ എല്ലാം ദൈവത്തിൽ അർപ്പിക്കാതെ പൂർണ്ണനന്മയുള്ളവരായിത്തീരുകയില്ല എന്ന സത്യമാണത്. നമ്മെ സ്വയത്തിൽ നിന്നും രക്ഷിക്കുകയും സ്വയസ്നേഹത്തിന്റെ വേരുകൾ അറുത്തുമാറ്റുകയും ചെയ്യുന്ന പ്രവൃത്തി കൃപയുടെ ഒരത്ഭുതം മൂലമല്ലെങ്കിൽ വേദനാജനകം തന്നെ ആയിരിക്കും. പ്രകൃതിയിലെന്നപോലെ കൃപയുടെ കാര്യത്തിലും ദൈവം ദിനംപ്രതി അത്ഭുതങ്ങൾ ചെയ്യാറില്ല. ആത്മീയ മണ്ഡലത്തിൽ തികച്ചും ശ്രദ്ധേയമല്ലാത്ത സംഭവങ്ങളിലൂടെ ദൈവം തന്റെ പ്രവൃത്തിയെ മറയ്ക്കുന്നു. ഇവ്വണ്ണം വിശ്വാസത്തിന്റെ മങ്ങലിൽ ദൈവം നമ്മെ നില നിർത്തുന്നു.

തന്റെ സൃഷ്ടികളുടെ ചാഞ്ചല്യവും നന്ദികേടും, സമൃദ്ധിയുടെ നടുവിലുള്ള നിരാശതയും മോഹഭംഗവും, ധനത്തിന്റെ വഞ്ചനയിൽ നിന്നും തന്റെ സൃഷ്ടിയെ രക്ഷിക്കാനായി ദൈവം ഉപയോഗിക്കുന്നു. നമ്മുടെ ബലഹീനതയും ജീർണ്ണതയും എണ്ണമറ്റപരാജയങ്ങളും കൊണ്ട് നമ്മെക്കുറിച്ചുതന്നെ നാം മടുപ്പുള്ളവരായിത്തീരുന്നു. തികച്ചും സ്വാഭാവികം എന്നുതോന്നുന്ന





സംഭവപരമ്പരകളിലൂടെ തീയിൽ നമ്മെ സാവധാനം പാകപ്പെടുത്തുന്ന പ്രവൃത്തിയാണ് നടക്കുന്നത്.

നീണ്ടു നിൽക്കുന്ന കഷ്ടതകളോട് നാം മറുത്തു നിൽക്കുന്നത എന്തുകൊണ്ട്? നമ്മുടെ സ്വയത്തോടുള്ള അത്യധികമായ സ്നേഹമാണ് ഈ മറുത്തു നിൽപ്പിന്റെ കാരണം. ആ സ്വയസ്നേഹമാണ് ദൈവം ഇല്ലാതെയാക്കാൻ ആഗ്രഹിക്കുന്നത്. നാം നമ്മുടെ സ്വയത്തെ മുറുകെ പിടിച്ചുകൊണ്ടിരിക്കുമ്പോൾ ദൈവിക പ്രവൃത്തി നമ്മിൽ നടക്കുന്നില്ല. അങ്ങനെയെങ്കിൽ എന്തുകാര്യത്തിലാണ് പരാതിപ്പെടാൻ നമുക്ക് കഴിയുന്നത്? മറ്റു സൃഷ്ടികളോടും പ്രത്യേകിച്ച് നമ്മോടും പറ്റിച്ചേരുന്നതാണ് നമ്മുടെ പ്രശ്നം.

മറ്റ് സൃഷ്ടികളിൽ നിന്ന് അൽപാൽപമായി നമ്മെ വേർപെടുത്തുകയും ആത്യന്തികമായി നമ്മിൽ നിന്നുതന്നെ നമ്മെ പറിച്ചുമാറ്റുകയും ചെയ്യാനായി ദൈവം പല പല കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ക്രമീകരിക്കുന്നു. ഈ പ്രക്രിയ വേദനാജനകമാണ്. എന്നാൽ നമ്മുടെ വീഴ്ചയാണ് ഈ പ്രക്രിയ അനിവാര്യവും വേദനാജനകവുമാക്കുന്നത്. നമ്മുടെ ഈ ജഡം ആരോഗ്യമുള്ളതായിരുന്നെങ്കിൽ കർത്താവ് ഇത്തരം ഒരു ശസ്ത്രക്രിയയ്ക്ക് ഒരുമ്പെടുകയില്ലായിരുന്നു. നല്ല വൈദ്യനായ അവിടുന്ന് വ്രണത്തിന്റെ ആഴവും രോഗബാധയുടെ കാഠിന്യവും അനുസരിച്ചുമാത്രമേ ശരീരത്തിൽ മുറിവുണ്ടാക്കുകയുള്ളൂ. അണുബാധയുള്ളിടത്തോളം ആഴത്തിൽ കത്തി ഉപയോഗിക്കുന്ന ഡോക്ടർ ക്രൂരനാണോ? ഒരിക്കലും അല്ല. അത് കരുണയുടെയും സ്നേഹത്തിന്റെയും പ്രവൃത്തിയാണ്. സ്വന്തം മക്കളോടുമാത്രമേ പിതാവ് അവ്വണ്ണം പ്രവർത്തിക്കുകയുള്ളു

അത്യധികം ഹൃദയവേദനയോടെയാണ് ദൈവം നമ്മെ മുറിക്കുന്നത്. ആ പിതൃഹൃദയം നമ്മെ ദുരിത പൂർണ്ണരാക്കാനല്ല മറിച്ച് നമ്മുടെ ഹൃദയത്തിന്റെ പഴുപ്പ് സുഖപ്പെടുത്താനത്രെ നമ്മെ വേദനിപ്പിക്കുന്നത്. നാം തെറ്റായനിലയിൽ വിവേചനമില്ലാതെ സ്നേഹിക്കുന്ന വസ്തുക്കളിൽ നിന്നും വ്യക്തികളിൽ നിന്നും നമ്മെ സ്വതന്ത്രനാക്കാനാണ് അവിടുന്ന് പരിശ്രമിക്കുന്നത്. അവിടുന്ന് എങ്ങനെയാണ് അത് ചെയ്യുന്നത്? സ്വയം മുറിവേൽപ്പിക്കാനോ മരണത്തിനു കാരണമാകുകയോ ചെയ്യാൻ ഉതകുന്ന മൂർച്ചയുള്ള പേനാക്കത്തി പിടിച്ചുവാങ്ങുമ്പോൾ കരയുന്ന കുട്ടിയെപോലെ നാമും കരയുവാൻ ദൈവം അനുവദിക്കുന്നു. നാം നിരാശരായി ഉച്ചത്തിൽ കരയുന്നു. അമ്മയോട് പരിഭവിച്ചിരിക്കുന്ന ആ കുട്ടിയെപ്പോലെ നാമും ദൈവത്തിനെതിരെ പിറുപിറുക്കുന്നു. ദൈവം നമ്മെ കരയാൻ അനുവദിക്കുന്നത് നമ്മുടെ രക്ഷയ്ക്കായിട്ടാണ്. അവൻ നമ്മെ തിരുത്താനാണ് കഷ്ടതയിലൂടെ കടത്തിവിടുന്നത്.....

ദൈവം എത്ര നല്ലവനാണ്! അവിടുന്ന് നമ്മെ ചതച്ചുകളയുന്നു എന്ന് തോന്നുമ്പോഴും സ്വയസഹതാപത്തിൽ വീണ് പോകാൻ നാം ശക്തമായി പരീക്ഷിക്കപ്പെടുമ്പോഴും ദൈവം ആർദ്രതയോടും കരുണയോടും നമ്മുടെ ആത്മീയ രോഗങ്ങളെ സുഖപ്പെടുത്താൻ മനസ്സുവെച്ചിരിക്കയാണ് എന്ന സത്യം നാം ഗ്രഹിച്ചെങ്കിൽ!!

**മാസം ഗയോൺ :**

*“കഷ്ടതയുടെ ഇരുട്ടിനെ സ്നേഹിക്കാൻ ഞാൻ പഠിച്ചിട്ടുണ്ട്. ഈ ഇരുട്ടിലാണ് കർത്താവിന്റെ മുഖം അധികം ഞാൻ ദർശിക്കുന്നത്.”*

(കടപ്പാട്: All the saints adore Thee- Bruce Shelly)

സമ്പാദകൻ:- **മാത്യു ജോർജ്**



# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

**അദ്ധ്യായം–15**

*കഥ ഇതുവരെ*

***അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമാർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. തെരുവുകുട്ടികൾക്കുവേണ്ടി ഒരു യോഗം ക്രമീകരിക്കുന്നു. യോഗത്തിന്റെ അവസാനരാത്രി വന്ന മൗമൗ സംഘക്കാരെ പരിശുദ്ധാത്മാവ് സ്പർശിച്ചു. അവരുടെ പ്രസിഡന്റ് യിസ്രായേലും വൈസ്പ്രസിഡന്റ് നിക്കിയും ഉൾപ്പെടെ പലരും മാനസാന്തരപ്പെട്ടു. നിക്കി പ്രേഷിതവൃത്തിക്കായി സ്വയം സമർപ്പിച്ചു. ഇതിനിടെ ഇസ്രായേൽ വീണ്ടും ജയിലിലായി. ദൈവനിയോഗപ്രകാരം വിൽക്കേഴ്സൺ സഭാശുശ്രൂഷ മതിയാക്കി ന്യൂയോർക്കിലെത്തി ടീനേജ് ഇവാൻജലിസത്തിനു തുടക്കം കുറിച്ചു. ക്ലിന്റൻ അവന്യൂയിൽ ഒരു പുതിയ സെന്റർ ആരംഭിച്ചു.***

*..തുടർന്നു വായിക്കുക*

പ്രായമുള്ള ഒരു മനുഷ്യന് ഇത്രയും ആക്രിസാധനങ്ങൾ കുന്നുകൂട്ടാൻ കഴിഞ്ഞത് ഞങ്ങളെ അത്ഭുതപ്പെടുത്തി. ചില ഭാഗത്തു മുറികൾ ഉണ്ടെന്നുപോലും മനസ്സിലാക്കാൻ കഴിയാത്ത വിധം വാതിൽ മറച്ച് സീലിംഗിന്റെ പൊക്കത്തിൽ ആക്രിവസ്തുക്കൾ കൂമ്പാരം കൂട്ടിയിരുന്നു.

എന്നോടൊപ്പം ഒരു ദിവസം വീടു കാണാൻ വന്ന ജെൻ അത്ഭുതപ്പെട്ടു. "ഈ ചപ്പുചവറുകളെല്ലാം എങ്ങനെ ഇവിടെ നിന്ന് ഒഴിപ്പിക്കും?" അവൾ തന്നെ തന്റെ ചോദ്യത്തിന് ഇങ്ങനെ മറുപടി നൽകി: "ചില പാസ്റ്റർമാരെ സംഘടിപ്പിച്ച് കൗമാരക്കാരായ വിശ്വാസികളുടെ ഒരു ശ്രമദാനം നടത്തിയാലോ?"





അതുതന്നെയാണു ഞങ്ങൾ നടത്തിയത്. ജനുവരി ഒടുവിൽ ഒരു ശനിയാഴ്ച സുപ്രഭാതത്തിൽ മൂന്നു കാറുകളിൽ 15 ആൺകുട്ടികളും പെൺകുട്ടികളും കലപിലാ ചിലച്ചു കൊണ്ട് വന്നിറങ്ങി. ഏത് ആക്രിസാധനങ്ങളും കാണിച്ചുതന്നാൽ നിമിഷനേരം കൊണ്ടു ക്ലീനാക്കിത്തരാം എന്നവർ പ്രഖ്യാപിച്ചു. കെട്ടിടത്തിനു പുറത്തുനിന്നു കൊണ്ടായിരുന്നു അവരുടെ വീര വാദം. പക്ഷേ ഉള്ളിൽ ചെന്ന് മുകളിലത്തെ മുറി മുതൽ താഴത്തെ നിലവറ വരെ കണ്ടു കഴിഞ്ഞപ്പോൾ അവരുടെ ആദ്യത്തെ ഉത്സാഹം ചോർന്നുപോകുന്നതു കാണാമായിരുന്നു. ഈ ആക്രിസാധനങ്ങൾക്കിടയിലൂടെ ഒരോ ചുവടും നടക്കാൻ അവർക്കു കാലുകൾ ഉയർത്തി കുത്തണമായിരുന്നു. വർത്തമാനക്കടലാസ്സുകളും കണ്ണാടിച്ചീളുകളും വാരിവലിച്ചു കിടക്കുന്നതിനിടയിലൂടെ അണച്ചും കിതച്ചു അവർ നീങ്ങി.

പക്ഷേ അത്ഭുതകരമായ ഒരു പ്രവൃത്തിയാണ് അവർ പൂർത്തയാക്കിയത്. അവർ കെട്ടിടത്തിന്റെ മുൻപിലത്തെ മുറിയിൽ നിന്നു തുടങ്ങി ഉള്ളിലേക്ക് ആദ്യം ഒരു പാത തെളിച്ചു. പിന്നെ ഓരോ മുറിയിലേക്കും ഓരോ നിലയിലേക്കും അവർ മെല്ലെ നീങ്ങി. അതു മുഴുവൻ ഒരു പൊടിപോലും ശേഷിക്കാതെ അവർ വീട്ടിൽ നിന്നു പിന്നാമ്പുറത്തെ സ്ഥലത്ത് എത്തിച്ചു.

ഇവിടെ പോൾ ഡൈലനെ രംഗപ്രവേശം ചെയ്തു. അദ്ദേഹം നഗരത്തിലെ ശുചീകരണവിഭാഗത്തെ വിവരം അറിയിച്ചിരുന്നു. "ഏറ്റവും കുറഞ്ഞത് നാലു ട്രക്കു നിറയെ ചപ്പുചവറുകൾ നീക്കേണ്ടിവന്നേക്കുമെന്നാണ് എനിക്കു തോന്നുന്നത്".

ശുചീകരണ വിഭാഗത്തിൽ നിന്നു വന്ന സംഘത്തിന്റെ തലവൻ, ഈ കേന്ദ്രത്തിന്റെ പിന്നിലുള്ള കഥ അറിഞ്ഞപ്പോൾ ആദ്യം ചോദിച്ചുറപ്പിച്ചിരുന്ന ടിപ്പ് നിരസിച്ച രസകരമായ സംഭവവും പോൾ പിന്നീടു പറഞ്ഞു. പോൾ പറഞ്ഞ കഥ ഇങ്ങനെ:

കൃത്യസമയത്തു തന്നെ 416 ക്ലിന്റൺ അവന്യുവിൽ നഗരസഭയുടെ ശുചീകരണ വിഭാഗത്തിന്റെ ട്രക്കുകൾ എത്തി. പക്ഷേ അവർ വട്ടംതട്ടി നിന്നതല്ലാതെ ട്രക്കിൽ സാധനങ്ങൾ കയറ്റാൻ തുനിഞ്ഞില്ല. കുട്ടികൾ കൊണ്ടുവന്ന് തെരുവിന്റെ വശങ്ങളിൽ മതിൽപോലെ ചപ്പുചവറുകൾ കൂനകൂട്ടി. ആ മതിലുകൾ ഉയർന്നു പോകുമ്പോഴും ശുചീകരണ വിഭാഗത്തിലെ ഫോർമാൻ ഒന്നും ചെയ്യാതെ വെറുതെ നിന്നതേയുള്ളൂ. കാര്യങ്ങളുടെ പോക്കു കണ്ടപ്പോൾ പോളിനു 'രോഗം' പിടികിട്ടി. അദ്ദേഹം നേരെ കാര്യത്തെ സമീപിച്ചു. ഫോർമാനെ സ്റ്റാൻഡിൽ പിടിച്ച് ചോദിച്ചു : "ശരി, എത്ര നിങ്ങൾക്കു വേണ്ടത്?"

"മുപ്പതുഡോളർ" കൃത്യം ഉത്തരം വേഗം വന്നു.

അതുകേട്ട് ന്യൂയോർക്കിലെ രീതി അനുസരിച്ച് പോൾ ചുമൽ കുലുക്കി. അർത്ഥം പണിതീർക്ക് ഒടുവിൽ ചോദിച്ചതു തരാം?

മണിക്കൂറുകൾക്കു ശേഷം അവസാനത്തെ ട്രക്കും നിറഞ്ഞു കഴിഞ്ഞു. ആറു ചവറുവണ്ടികൾ അതിനകം നിറയെ സാധനം കയറ്റി, ഭാരം മൂലം ഞെരിഞ്ഞമർന്ന് മെല്ലെ നീങ്ങിത്തുടങ്ങിയിരുന്നു. ഒടുവിലത്തെ വണ്ടിയും നീങ്ങാറായപ്പോൾ ഫോർമാൻ വന്ന് 'എല്ലാം ശരിയായല്ലോ ഞങ്ങൾ നീങ്ങിക്കോട്ടെ' എന്ന് അനുമതി ചോദിച്ചു.

പോൾ അനുമതി നൽകി "ഗംഭീരം നിങ്ങൾ നല്ലൊരു പണി ചെയ്തു. അപ്പോൾ ഇനി നിങ്ങൾക്കു നിങ്ങളുടെ

പണം വേണം അല്ലേ?” അദ്ദേഹം മെല്ലെ പേഴ്സെടുത്തു.

‘‘എന്തു പണം?’’ ഫോർമാൻ ചോദിച്ചു എന്നിട്ടു ചിരിച്ചു. അതൊരു കൃത്രിമച്ചിരിയായിരുന്നു. ഉള്ളിലെ വികാരത്തള്ളിച്ച പുറത്തറയിക്കാതിരിക്കാൻ ഉണ്ടാക്കിയെടുത്ത ഒരു ചിരി. പിന്നെ ഫോർമാൻ ഗൗരവത്തിലായി. “നോക്ക് മിസ്റ്റർ, നിങ്ങളിവിടെ എന്താ ചെയ്യാൻ പോകുന്നതെന്ന് നിങ്ങളുടെപിള്ളേര് എന്നോടു പറഞ്ഞു. എനിക്കും വീട്ടിലൊരു കൗമാരക്കാരനുണ്ടെന്നു കണ്ടോ. അപ്പോപിന്നെ നിങ്ങളെ സഹായിച്ചതിനു ഞങ്ങൾ പണം വാങ്ങുമോ”

ആ വാക്കുകളോടെ അദ്ദേഹം വണ്ടിയിൽ ചാടിക്കയറി ഗൗരവം ഒട്ടും ചോർന്നു പോകാതിരിക്കാൻ പരുക്കൻ മട്ടിൽ വണ്ടി സ്റ്റാർട്ട് ചെയ്ത് ആവശ്യത്തിലേറെ ഇരപ്പിച്ച് കൊടുങ്കാറ്റു പോലെ പാഞ്ഞുപോയി.

മൂന്നാഴ്ച കഴിഞ്ഞപ്പോൾ ഞങ്ങൾ വീടിന്റെ പണികൾ തുടങ്ങാൻ തയ്യാറായി. വിവിധ സഭകളിൽ നിന്നു പെയിന്റർമാർ എത്തി. അടുത്ത കോളനിയിലെ വിദ്യാർത്ഥികളുടെ പെയിന്റിംഗുകൾ കൊണ്ട് ഞങ്ങൾ ഒരോ മുറിയുടേയും ചുവരുകൾ അലങ്കരിച്ചു. തുടർന്നു പ്ലംബർമാർ എത്തി. അവർ ഭിത്തികൾ പൊട്ടിച്ച് ഉടഞ്ഞപൈപ്പുകളും കുഴലുകളും കണ്ടെത്തി. അറ്റകുറ്റപ്പണി തീർക്കാൻ തുടങ്ങി. ഇതിനെല്ലാം പണം വേണ്ടിയിരുന്നു. ഞാൻ രാജ്യമെങ്ങും ഓടി നടന്ന് അഭ്യർത്ഥനകൾ നടത്തി ഫണ്ടുശേഖരിക്കാൻ തുടങ്ങി. ഞങ്ങൾക്ക് അപ്രതീക്ഷിതമായ ചെലവു വന്നത് വീടിന്റെ പ്രവർത്തനത്തിനുള്ള സർട്ടിഫിക്കറ്റു ലഭിക്കണമെങ്കിൽ കെട്ടിടത്തിൽ ജലവിതരണത്തിന് ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്ന നിബന്ധ പാലിക്കാൻ വേണ്ടിയാണ്. ഇതിന് അയ്യായിരം ഡോളറാണു ചെലവു വരിക. ഇതിനു പണം സംഘടിപ്പിക്കാൻ വേണ്ടിയും ഞാൻ പ്രവർത്തനത്തിൽ നിന്നു ഒഴിവ് എടുത്ത് വിമാനം കയറി പല സ്ഥലങ്ങളിൽ അഭ്യർത്ഥനയുമായി പോകേണ്ടി വന്നു. എന്നാൽ വേണ്ട പണം സമാഹരിക്കുവാൻ എന്നെ കൊണ്ടു മാത്രം കഴിയുമായിരുന്നില്ല. ബോർഡംഗങ്ങളായിരുന്ന ഓരോരുത്തരും അവരവർക്കു കഴിയുന്നത് ഇക്കാര്യത്തിൽ ചെയ്തു. ഉദാഹരണത്തിന് ഒരു ശുശ്രൂഷകൻ ഗ്രേഡിഫിനിൻ രാജ്യം മുഴുവൻ സന്ദർശിച്ച് ഞങ്ങളുടെ ആവശ്യങ്ങൾ ആളുകളെ ബോധ്യപ്പെടുത്തി. ബോർഡിലെ മറ്റൊരംഗം വലരെ പ്രശസ്തനായ ഒരു പ്രൊഫഷണൽ ഗായകനായിരുന്നു. പ്രസിദ്ധമായ പല ഷോകളിലും അതിപ്രശസ്തരായ ചില താരങ്ങളോടൊപ്പം സംഗീതപരിപാടി അവതരിപ്പിച്ചിട്ടുള്ള മാർട്ടിൻകാൾ ആയിരുന്നു അദ്ദേഹം. ഞങ്ങളുടെ സംരംഭത്തിന്റെ സംഗീത അംബാസിഡറായിരുന്ന അദ്ദേഹം പല തുള്ളിപെരുവെള്ളം എന്ന നിലയിൽ രാജ്യമൊട്ടാകെ നിന്നു പണം സമാഹരിച്ചു. അക്ഷരാർത്ഥത്തിൽ തന്നെ മാർട്ടി ഈ വെല്ലുവിളി എല്ലായിടത്തും എത്തിച്ചു. ന്യൂയോർക്കിൽ ആരംഭിക്കുന്ന ഈ കുട്ടികളുടെ കേന്ദ്രത്തെക്കുറിച്ച് അദ്ദേഹം എല്ലായിടത്തും വികാരവായ്പോടെ സംസാരിച്ചു.

ഒടുവിൽ അവസാനത്തെ പെയിന്ററും അവസാനത്തെ പ്ലബറും കേന്ദ്രം വിട്ടുപോയിക്കഴിഞ്ഞപ്പോൾ ഞങ്ങൾ എന്താണു സംഭവിച്ചതെന്നറിയാൻ ചുറ്റും കണ്ണോടിച്ചു. ബാങ്കിൽ നൂറു ഡോളറിൽ താഴെ മാത്രം ഉള്ളപ്പോൾ ദൈവം ഞങ്ങൾക്ക് ഈ വീടു നൽകി. പക്ഷേ ഇപ്പോൾ ഞങ്ങൾ ഈ





വീട് ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. ഞങ്ങൾ ഈ ഭവനത്തെ അവിടുത്തെ മക്കളെകൊണ്ടു നിറയ്ക്കാൻ ആഗ്രഹിച്ചു. എന്നാൽ അതു ചെയ്യുന്നതിനു മുൻപ് ദൈവമക്കൾക്ക് അവിടം ഉപയോഗ യോഗ്യമാക്കിത്തീർക്കണം. ഞങ്ങൾക്ക് മനോഹരമായ ഒരു കെട്ടിടം ഇപ്പോഴുണ്ട്. പക്ഷേ അതിനുള്ളിൽ ഒരു ഫർണിച്ചർ പോലും ഇല്ല.

ഈ ഘട്ടത്തിലാണ് വിവിധതരക്കാരായ ആളുകളെ ഞങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തുവാൻ ദൈവം ഇടയാക്കിയതിന്റെ പിന്നിലെ നടത്തിപ്പ് മനസ്സിലായത്. അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ ഒരു പദ്ധതി എന്ന നിലയിലാണ് ഞങ്ങൾ ഇതാരംഭിച്ചത്. എന്നാൽ ഞങ്ങളുടെ ഇടയിൽ എപ്പിസ്കോപപ്പൽ, പ്രസ്ബിറ്റേറിയൻ, ബാപ്റ്റിസ്റ്റ്, ഡച്ച് റിഫോംഡ് സഭകളിലെ ആളുകളും കമ്മിറ്റി അംഗങ്ങളായി കടന്നു വന്നു. യഥാർത്ഥത്തിൽ സമൂഹത്തിൽ സ്വാധീനമുള്ള ചില ബിസിനസുകാരും ഞങ്ങളുടെ പ്രവർത്തനങ്ങളിൽ താൽപര്യമുള്ളവരായിത്തീർന്നു.

ഉദാഹരണത്തിന് വാൾട്ടർ ഹോവിങ്, ബോൺവിറ്റ്ടെല്ലർ, ന്യൂയോർക്കിലെ ടിഫാനി എന്നീ കമ്പനികലുടെ പ്രസിഡന്റാണദ്ദേഹം. അദ്ദേഹവും ഭാര്യയും സ്വാധീനമുള്ള പല ബിസിനസുകാർക്കും ഞങ്ങളെ പരിചയപ്പെടുത്തി. ഒരു ദിവസം ഉച്ചയ്ക്ക് പ്രസിദ്ധമായ റിവർക്ലബിൽ അവർ ചിലർക്കുവേണ്ടി മിസ്സിസ് ഹോവിങ് ഒരു വിരുന്നു സൽക്കാരം നടത്തി. ‘നിങ്ങളെ പരിചയപ്പെട്ടിരിക്കേണ്ട കുറച്ചുപേരെ മാത്രമാണ് ഈ ഉച്ചവിരുന്നിനു ക്ഷണിച്ചിട്ടുള്ളതെന്നാണു മിസ്സിസ് ഹോവിങ് പറഞ്ഞത്. എന്നാൽ അമ്പതോളം പേർ അതിൽ സംബന്ധിക്കാനെത്തി. ഒരിക്കൽ ലഹരി മരുന്നിന് അടിയായിരുന്ന ഒരു ചെറുപ്പക്കാരൻ തന്റെ ജീവിതം എങ്ങനെയാണു രൂപാന്തരപ്പെട്ടതെന്നു ലളിതമായി വിവരിച്ചു. ആ വിരുന്നിനു വന്നവരിൽ ഒരാൾപോലും ആഴത്തിൽ സ്പർശിക്കപ്പെടാതിരുന്നില്ല.

ഞങ്ങളുടെ ബോർഡിന്റെ ഉപദേശക സമിതിയുടെ പ്രസിഡന്റായി വാൾട്ടർ ഹോവിങ്ങിനെ തിരഞ്ഞെടുത്തിരുന്നു. “മിസ്റ്റർ ഹോവിങ്, നിങ്ങൾ ഇപ്പോൾ ഞങ്ങളിൽ ഒരാളായ സ്ഥിതിക്ക് റിവർക്ലബിലെ വിഭവസമൃദ്ധമായ വിരുന്നിനു പകരമായി ഒന്നു നൽകുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു”. പോൾ ഡൈലെന പറഞ്ഞു.

അങ്ങനെയാണു ഞങ്ങൾ പോൾ ഡൈലെനയുടെ വീട്ടിൽ ഹോവിങ്സ് കുടുംബത്തോടൊപ്പം ഭക്ഷണത്തിനിരുന്നത്. മിസ്സിസ് ഡൈലെന നല്ല ഇറ്റാലിയൻ ഭക്ഷണം തയാറാക്കിയിരുന്നു. അവിടെ ഭക്ഷണമേശയുടെ മുമ്പിൽ ഇരിക്കുമ്പോൾ ഇത്രയും വ്യത്യസ്തമായ പശ്ചാത്തലത്തിൽ നിന്നുള്ള പല സഹോദരന്മാരെ കുട്ടികളുടെ ഇടയിലെ പ്രവർത്തനത്തിനായി ഒന്നിച്ചുകൂട്ടിയ ദൈവത്തെ സ്തുതിക്കാതിരിക്കാൻ എനിക്കു കഴിഞ്ഞില്ല.

ടീൻ ചലഞ്ച് സെന്ററിൽ മറ്റൊരു ബിസിനസുകാരനായ സുഹൃത്തായിരുന്നു സിമ്മൺസ് ബെഡ് കമ്പനിയുടെ പ്രസിഡന്റായ ഗ്രാന്റ് സിമ്മൺസ് ജൂനിയർ. ഹോവിങ്സാണു ഞങ്ങളെ സിമ്മൺസുമായി പരിചയപ്പെടുത്തിയത്. ഞങ്ങൾ സിമ്മൺസിനെ അദ്ദേഹത്തിന്റെ ഓഫിസിൽ പോയി കണ്ടത് വ്യക്തമായ ഒരപേക്ഷയുമായാണ്. ഞങ്ങൾക്ക് 20 കിടക്കകൾ വേണം. സിമ്മൺസിന്റെ പാർക്ക് അവന്യുവിലെ ഓഫിസിലിരുന്ന് ഒരു മണിക്കൂറോളം ഞങ്ങൾ ഞങ്ങളുടെ പ്രതീക്ഷകളെകു

റിച്ചും ദൈവം ഞങ്ങളെ നടത്തിയ വിചിത്രമായ വഴികളെക്കുറിച്ചും നഗരത്തിൽ അവിടുന്നു ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ചും വിവരിച്ചു. മിസ്റ്റർ സിമ്മൺസ് ഇതെല്ലാം കേൾക്കാനായി തന്റെ സമയം ഔദാര്യമായി ഞങ്ങൾക്കു തന്നു. മാത്രമല്ല തന്റെ കമ്പനിയുടെ ഉൽപന്നങ്ങളും അദ്ദേഹം ടീൻ ചലഞ്ച് സെന്ററിനു നൽകി. അന്നു മുതൽ സബ് വേയിലെ ബഞ്ചിൽ കിടന്നുറങ്ങിയരുന്ന പല കുട്ടികളും ടീൻ ചലഞ്ചു സെന്ററിൽ സിമ്മൺസ് കിടക്കകളിലും വിരികളിലും ഉറങ്ങാൻ തുടങ്ങി.

പെന്തക്കോസ്തുകാരുടെ പ്രവർത്തനങ്ങളുമായി വാൾട്ട് ഹോവിങ്സ്, ഗ്രാന്റ് സിമ്മൺസ്, ക്ലിംസ്റ്റോൺ തുടങ്ങിയവരെ ബന്ധപ്പെടുത്തുന്നതായിരുന്നു ഞങ്ങളുടെ ശുശ്രൂഷയുടെ ഒരു ധർമ്മം. ഞങ്ങളുടെ ഭരണസമിതി അംഗങ്ങളിലെ എപ്പിസ്ക്കോപ്പൽ സഭയിൽ നിന്നുള്ള ഒരാൾ ഇങ്ങനെ പറഞ്ഞു: "സത്യം പറഞ്ഞാൽ ആദ്യം എനിക്കിതെല്ലാം ഒരമ്പരപ്പായിരുന്നു. ചെറുപ്പക്കാർ ഇവിടെ 'പ്രയ്സ് ദ ലോർഡ്' പറയുന്നതും കൈ ഉയർത്തി പ്രാർത്ഥിക്കുന്നതും എല്ലാം. പക്ഷേ ഒരു കാര്യം സമ്മതിക്കണം. അപ്പോൾ വളരെ യഥാർത്ഥമായ എന്തോ ഒന്നു ഞങ്ങളുടെ ഹൃദയത്തിലൂടെ കടന്നു പോകുന്നതു പോലെ തോന്നി. ഞങ്ങൾ എപ്പിസ്ക്കോപ്പൽ ആളുകൾ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിധ്യത്തെക്കുറിച്ചു പറയാറുണ്ട്. എന്നാൽ അത് ഇവിടെ ഈ ഭവനത്തിലുണ്ട്".

ഞങ്ങളുടെ ശുശ്രൂഷയ്ക്കു ലഭിച്ച ഏറ്റവും വലിയ അഭിനന്ദങ്ങളിലൊന്നായിരുന്നു അത്. ഭവനത്തിലുണ്ടെന്ന് അദ്ദേഹം വിലയിരുത്തിയ ഈ ക്രിസ്തുവിന്റെ സാന്നിധ്യമാണു ടീൻ ചലഞ്ച് സെന്ററിലെ സൗഖ്യ പ്രവർത്തനങ്ങൾ സാധ്യമാക്കിത്തീർത്തത്. ആ സാന്നിധ്യബോധം ക്രമേണ വർദ്ധിച്ചുവന്നു. എന്നാൽ ഞങ്ങൾ ഞങ്ങളുടെ സ്വപ്നങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ തുടങ്ങിയപ്പോഴാണ് അത് ഏറ്റവും വർദ്ധിച്ചതായി അനുഭവപ്പെട്ടത്.

ടീൻ ചലഞ്ച് സെന്ററിന്റെ കേന്ദ്രമായ സ്നേഹഭവനം താഴെ പറയുന്ന രീതിയിൽ ഉപയോഗിക്കാനാണ് പരിപാടിയിട്ടത്.

ഇപ്പോൾ സെന്ററിൽ ഞങ്ങൾക്കു 20 സന്നദ്ധ പ്രവർത്തകരുണ്ടെന്നു കരുതുക. രാവിലെ ഈ യുവാക്കളും യുവതികളും ഉണർന്നു പ്രഭാത ഭക്ഷണത്തിനുശേഷം ഉച്ചവരെ പ്രാർത്ഥനയ്ക്കും പഠനത്തിനും ഉപയോഗിക്കും. ഇതു ഞങ്ങളുടെ പ്രവർത്തനത്തിലെ ഒഴിച്ചുകൂടാനാവാത്ത ഒരു ഭാഗമായിരുന്നു. കാരണം ശാന്തമായ ധ്യാനത്തിന്റെ അടിത്തറയില്ലാതെ നടത്തുന്ന ഓട്ടമെല്ലാം വൃഥാവാണെന്നു ഞാൻ വളരെ നേരത്തെ തന്നെ കണ്ടെത്തിയിരുന്നു.

ഉച്ചഭക്ഷണത്തിനുശേഷം ഞങ്ങളുടെ തെരുവിലെ ദിവസം ആരംഭിക്കുകയായി. രണ്ടും മൂന്നും പ്രവർത്തകരടങ്ങിയ സംഘങ്ങളായി പിരിഞ്ഞ് നിർദ്ദേശിക്കപ്പെട്ട വഴികളിലൂടെ പ്രവർത്തകർ നടക്കാൻ തുടങ്ങും. എവിടെയെങ്കിലും കുഴപ്പങ്ങളുണ്ടോയെന്നു ശ്രദ്ധിച്ചുകൊണ്ടാണു യാത്ര. ലഹരിമരുന്ന് അടിമകളുടെ പ്രത്യേകതകൾ തിരിച്ചറിയാൻ അവരെ പരിശീലിപ്പിച്ചിട്ടുണ്ട്. കൗമാരക്കാരായ മദ്യപരെ കണ്ടെത്താനും അവർക്കറിയാം. വേശ്യാവൃത്തി ചെയ്യുന്ന പെൺകുട്ടികളുടെ പ്രശ്നങ്ങൾ അവർക്കു പരിചിതമാണ്. വഴക്കാളി സംഘങ്ങളിലെ, പ്രത്യേകിച്ചും അന്യോന്യം പോരടിക്കുന്ന സംഘങ്ങ





ളിലെ അംഗങ്ങളോടു സംസാരിക്കാനും അവർക്കു മടിയില്ല.

എത്രയും കൂടുതൽ മാനസാന്തരങ്ങൾ ഉണ്ടാക്കുക എന്നതിന്നപ്പുറം ആവശ്യങ്ങൾ കണ്ടെത്തുക എന്നതിലായിരുന്നു സന്നദ്ധ പ്രവർത്തകരുടെ കണ്ണ്. മാനസാന്തരപ്പെട്ടവർ തങ്ങളുടെ കാര്യം നോക്കിക്കൊള്ളും. എന്നാൽ നമ്മൾ ഒരു മാനുഷികാവശ്യത്തെ തൃപ്തിപ്പെടുത്തിയാൽ, ആ നിലയിൽ ആവശ്യമുള്ളവരെല്ലാം താനേ നമ്മുടെ പടി വാതിൽക്കൽ എത്തിക്കൊള്ളും.

ഈ നിലയിൽ ഞങ്ങൾ ബന്ധപ്പെടുന്ന എല്ലാവരേയും സ്നേഹഭവനത്തിൽ താമസിപ്പിക്കുകയല്ല ചെയ്യുന്നത്. അവരെ ഞങ്ങൾ അവരുടെ സമീപത്തുള്ള ഏതെങ്കിലും ക്രിസ്തീയ ശുശ്രൂഷകരുമായി ബന്ധപ്പെടുത്തി അവരിലൂടെയാണു തുടർന്നുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. അവർ ഓരോരുത്തരേയും കുറിച്ചു ഞങ്ങൾ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുകയും അവർ സ്വന്തം കാലിൽ നിൽക്കാറാവുന്നതുവരെ നിരന്തരം ബന്ധപ്പെടുകയും ചെയ്യു.

എന്നാൽ ചില ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ശ്രദ്ധ തന്നെ വേണ്ടിവരും. അങ്ങനെയുള്ളവരെ സ്നേഹഭവനത്തിലേക്ക്, കൊണ്ടുവരും. അവരിലെ ആൺകുട്ടികൾ ഞങ്ങളുടെ സ്റ്റാഫിൽപെട്ട പുരുഷന്മാരായ പ്രവർത്തകരുമൊത്ത് ഏറ്റവും മുകളിലത്തെ ഡോർമിറ്ററിയിൽ താമസിക്കും. പെൺകുട്ടികൾ രണ്ടാമത്തെ നിലയിൽ വനിതാ പ്രവർത്തകരോടും വിവാഹിതരോടൊപ്പം കഴിയും. ആൺകുട്ടികളുടെ പ്രശ്നങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നവർ എന്നായിരുന്നു ഞങ്ങളെപ്പറ്റി പൊതുവിലുള്ള ധാരണ. എന്നാൽ ഒരു പെൺകുട്ടി ആവശ്യക്കാരിയാണെന്നു കണ്ടാൽ ഞങ്ങൾ അവളെ നിരാശപ്പെടുത്തി പറഞ്ഞയയ്ക്കുകയില്ല.

എല്ലാ പ്രവർത്തനങ്ങളുടെയും താക്കോൽ സന്നദ്ധ പ്രവർത്തകരുടെ പക്കലായിരുന്നു. ഏറ്റവും നല്ലതെന്തെന്നു വച്ചാൽ അവർക്കതു ചെയ്യാം.

എന്നാൽ മിടുക്കരും, ഉത്സാഹികളും ആരോഗ്യമുള്ളവരും എന്നാൽ ഹൃദയാലുക്കളുമായ ഇരുപത് യുവാക്കന്മാരേയും യുവതികളെയും എനിക്ക് എവിടെ നിന്നു കിട്ടും? ആഴ്ചയിൽ പത്തു ഡോളർ (ഞങ്ങളുടെ ബജറ്റ് അത്രയുമേ അനുവദിക്കുന്നുള്ളു) എന്നുതു നിസ്സാരമായ തുകയ്ക്ക് അവർ ജോലി ചെയ്യാൻ തയാറാവുകയും വേണം.

ഈ തുച്ഛമായ തുകയ്ക്കു പ്രവർത്തിക്കുന്നവർക്ക് അക്ഷരാർത്ഥത്തിൽ തന്നെ പലപ്പോഴും തങ്ങളുടെ ജീവിതത്തെ തെരുവിൽ അപകടപ്പെടുത്തേണ്ടി വരും. സന്നദ്ധപ്രവർത്തകർക്കായുള്ള തെരച്ചിൽ നടക്കുന്ന ആദ്യസമയത്തു തന്നെ ഞങ്ങളുടെ കുട്ടികളിൽ ഒരാൾ തെരുവിൽ കത്തിക്കുത്തിന് ഇരയായി. കാർലോസ് എന്നായിരുന്നു അവന്റെ പേര്. സൂയിസൈഡ്സിലെ അംഗമായിരുന്നു അവൻ. എന്നാൽ മനപരിവർത്തനം സംഭവിച്ചശേഷം തനിക്ക് എന്താണു സംഭവിച്ചതെന്നു സാക്ഷിക്കാൻ തന്റെ പഴയസംഘത്തിന്റെ അടുത്തേക്കു തന്നെ മടങ്ങിപ്പോകാൻ കാർലോസ് ആഗ്രഹിച്ചു. ഒടുവിൽ അവൻ അവരുടെ അടുത്തെത്തിയപ്പോൾ പഴയ കൂട്ടാളികൾ അവനെ വളഞ്ഞു.

''നിനക്കു മതം കിട്ടിയെന്നു കേട്ടല്ലോ'' സൂയിസൈഡ്സിന്റെ നേതാവു ചോദിച്ചു

"ശരിയാണ്" കാർലോസിന്റെ മറു

പടി

"ഇനി ഒരിക്കലും നീ പോരാടുകയില്ലെന്നു കേട്ടു"

"അതും ശരിയാണ്" കാർലോസ് പറഞ്ഞു.

"എന്നാൽ" പൊടുന്നനെ തന്റെ കഠാര ഊരിയെടുത്തുകൊണ്ട് അവൻ വെല്ലുവിളിച്ചു ഞാൻ നിന്നെ കുത്താൻ പോകുകയാണ് നീ പോരാടുമോ എന്നു നോക്കാം."

ഇങ്ങനെ പറഞ്ഞാൽ കുത്തുമെന്നു തന്നെ വർഷങ്ങളുടെ പരിചയം കൊണ്ട് കാർലോസിന് അറിയാമായിരുന്നു. പെട്ടെന്നു തന്നെ അവൻ ഒരു വശത്തേക്കു ചാടി ഒരു വണ്ടിയുടെ റേഡിയോ ആന്റനാ വലിച്ചെടുത്ത് ഒരായുധമായി പിടിച്ചു. എന്നാൽ പൊടുന്നനെ കാർലോസ് മനസ്സുമാറ്റി. ആ ആന്റിന കാലിന്റെ മുട്ടിൽ വച്ച് ഒടിച്ച് നിലത്തേക്കെറിഞ്ഞിട്ടു പ്രഖ്യാപിച്ചു "ഇല്ല ഞാൻ പോരാടുന്നില്ല".

ഉടനെ തന്നെ സൂയിസൈഡ്സിന്റെ നേതാവ് കാർലോസിനെ കുത്തി. അവൻ തന്റെ കഠാര കാർലോസിന്റെ വാരിയെല്ലുകൾക്കിടയിലേക്കു കുത്തിയിറക്കി. ചോരചീറ്റിത്തെറിച്ചു. കാർലോസ് നടപ്പാതയിൽ കുഴഞ്ഞുവീണു. സഹായത്തിനു കേഴുന്ന കാർലോസിനെ ഉപേക്ഷിച്ച് സൂയിസൈഡ്സിലെ അംഗങ്ങൾ ഓടി മറഞ്ഞു. കാർലോസിനെ കംബർലാൻഡ് ഹോസ്പിറ്റലിൽ എത്തിച്ചപ്പോഴേക്കും അവൻ ജീവിക്കുമോ എന്ന കാര്യം ഡോക്ടർമാർക്കു സംശയമായിരുന്നു. ഒടുവിൽ രക്ഷപ്പെട്ടു. ഹോസ്പിറ്റലിൽ നിന്നും സുഖം പ്രാപിച്ച് ഡിസ്ചാർജ് വാങ്ങുമ്പോൾ ഡോക്ടർമാർക്കും സൗഹൃദത്തോടെ ഉപദേശിക്കാൻ ഒരു കാര്യമേ ഉണ്ടായിരുന്നു. ദയവു ചെയ്തു കത്തികൊണ്ടു നടക്കുന്ന കുട്ടികളോടു പ്രസംഗിക്കാൻ പോകരുത്.

കാർലോസ് പക്ഷേ ഈ ഉപദേശം ചെവിക്കൊണ്ടില്ല. ആശുപത്രിയിൽ നിന്നിറങ്ങി അവൻ നേരെ പോയതു തന്റെ തെരുവു പ്രസംഗത്തിനാണ്. ഈ സംഭവം മൂലം കാർലോസ് ഞങ്ങളുടെ ഏറ്റവും പ്രയോജനമുള്ള സന്നദ്ധ പ്രവർത്തകനായി മാറി.

പക്ഷേ ആരാണ് ഇത്തരം അപകടസാധ്യത കൈയാളുക? കാർലോസിനെപ്പോലെ എത്ര കുട്ടികളുണ്ടാകും?

ഈ ചോദ്യങ്ങൾക്കു മറുപടി എന്നോണം ഞങ്ങൾ ഈ കെട്ടിടം ഉപയോഗയോഗ്യമാക്കിത്തീർത്തപ്പോഴേക്കും മിസൗറിയിൽ സ്പ്രിംഗ് ഫീൽഡിലെ സെൻട്രൽ ബൈബിൾ കോളജിൽ നിന്നു ഒരു പ്രസംഗത്തിനുള്ള ക്ഷണം വന്നു. ഞാനതു സ്വീകരിച്ചു. അങ്ങോട്ടു പോയി. അവിടെ കുട്ടികളുടെ മുൻപിൽ ഞങ്ങളുടെ തെരുവിലെ ശുശ്രൂഷയുടെ നഖഃചിത്രം വരച്ചു കാട്ടി. അതൊരു മനോഹരമായ മീറ്റിംഗായിരുന്നു. എല്ലാവർക്കും പരിശുദ്ധാത്മാവിന്റെ ശാന്തമായ ഇടപെടൽ അനുഭവിച്ചറിയാൻ കഴിഞ്ഞു.

പ്രസംഗം കഴിഞ്ഞപ്പോൾ ബൈബിൾ സ്കൂളിന്റെ പ്രസിഡന്റ് അത്ഭുതകരമായ ഒരു പ്രസ്താവന ചെയ്തു. അപ്പോസ്തോലിക കാലത്തെ വെല്ലുവിളികളോടു ചേർന്നുപോകുന്ന ഒരു പ്രവർത്തനമാണു ഞങ്ങളുടേതെന്ന് അദ്ദേഹം കരുതുന്നു. അതുകൊണ്ട് ന്യൂയോർക്കിൽ പോയി ഞങ്ങളുടെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകാൻ ആഗ്രഹിക്കുന്ന ആർക്കും സാമ്പത്തിക സഹായം ചെയ്യാൻ അദ്ദേഹം തയാറാണ്. താൽപര്യമുള്ളവർക്കു മീറ്റിംഗിനു ശേഷം എന്നെ സ്കൂൾ ലൈബ്രറിയിൽ സന്ധിക്കാം.





ചില മിനിറ്റുകൾക്കു ശേഷം ഞാൻ ലൈബ്രറിയിൽ ചെന്നപ്പോൾ അവിടെ എഴുപതു ചെറുപ്പക്കാർ എന്നെ കാത്ത് ഒരു വരിയായി നിൽക്കുകയാണ്!.

ഈ എഴുപതുപേരിൽ 20 പേരെ മാത്രമേ ഞങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുകയുള്ളൂ എന്നെനിക്കറിയാമായിരുന്നു. അതുകൊണ്ടു തന്നെ ന്യൂയോർക്കിലെ ശുശ്രൂഷയുടെ തന്നെ ഇരുണ്ടചിത്രമാണു ഞാൻ വരച്ചു കാട്ടിയത്. ഞാൻ അവർക്കു പണമൊന്നും വാഗ്ദാനം ചെയ്തില്ല. ന്യൂയോർക്കിലേക്കുള്ള യാത്രക്കൂലി പോലും അവർ സ്വന്തം കൈയിൽ നിന്നെടുക്കണം. ഞങ്ങൾക്കാകെ ന്യൂയോർക്കിൽ നൽകുവാൻ കഴിയുന്നതു തലചായിക്കാൻ ഒരിടവും കഴിക്കാൻ ഭക്ഷണവും മാത്രമാണ്. അവർ ജീവിതത്തെ അപകടപ്പെടുത്തേണ്ടി വരുമെന്നു ഞാൻ മുന്നറിയിപ്പു നൽകി. കാർലോസിന്റെ കഥയും തെരുവിൽ മർദ്ദനമേറ്റ മറ്റു രണ്ടു കുട്ടികളുടെ കാര്യവും ഞാൻ വിവരിച്ചു. പാത്രം കഴുകുക, തറ തുടയ്ക്കുക തുടങ്ങിയ വിരസമായ പണികളും ചെയ്യേണ്ടി വരുമെന്നു ഞാൻ തുറന്നു പറഞ്ഞു.

ഇത്രയൊക്കെ പറഞ്ഞിട്ടും ഞങ്ങൾക്ക് ഇരുപതുപേരെ മാത്രമെ ഒഴിവാക്കാൻ കഴിഞ്ഞുള്ളു എന്നത് അത്ഭുതകരമായി തോന്നി.

അതുകൊണ്ടു കുട്ടികളെ തിരഞ്ഞെടുക്കുവാനുള്ള ഉത്തരവാദിത്വം ഞാൻ സ്കൂളിലെ അധ്യാപകരെ തന്നെ ഭരമേൽപ്പിച്ചു. ഒടുവിൽ ഞാൻ സ്പ്രിംഗ് ഫീൽഡുവിടുന്നതിനു മുൻപ് ഈ സ്കൂളിൽ നിന്നു 16 ചെറുപ്പക്കാരെയും ചെറുപ്പക്കാരികളെയും ന്യൂയോർക്കിലെ സന്നദ്ധ പ്രവർത്തകരായി തിരഞ്ഞെടുത്തു. ടെന്നസിയിലെ ലീകോളജിൽ നിന്നു നാലു പേരെ കൂടി ലഭിച്ചു. ചില ആഴ്ചകൾ കഴിഞ്ഞപ്പോൾ അവർ ഓരോരുത്തരായി വരാൻ തുടങ്ങി. സ്യൂട്ട്കേസുകളും പിടിച്ചു വന്ന അവരെല്ലാം അൽപം പരിഭ്രമിച്ചതായി തോന്നി. ന്യൂയോർക്കിലെ പുത്തൻ കാഴ്ചകൾ അവരെ അമ്പരിപ്പിച്ചിരിക്കാം. ഞാൻ അവരെ അവരുടെ പട്ടാളബാരക്കുകൾപോലെയുള്ള ഡോർമിറ്ററിയിൽ കൊണ്ടുചെന്നാക്കിയപ്പോൾ ഒടുവിൽ തങ്ങൾ എവിടെയാണു വന്നുപെട്ടതെന്ന് അവർ അത്ഭുതപ്പെട്ടതായി തോന്നി. ഇവിടെ വന്നതിനെക്കുറിച്ചു ഞങ്ങളുടെ പെൺകുട്ടികളിലൊരാൾ വീട്ടിലേക്കെഴുതിയ കത്തിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ:

എന്റെ എത്രയും പ്രിയപ്പെട്ട....

ന്യയോർക്കിലെ നഗരത്തിൽ നിന്ന് ആശംസകൾ. കഴിഞ്ഞ രാത്രി എട്ടേകാലോടെ ഞാൻ ഈ മഹത്തായ പട്ടണത്തിൽ വന്നു. ഇവിടെ നിറയെ ആളുകളാണ്. പക്ഷേ ദൈവം എന്നെ സഹായിച്ചു. സെന്ററിന്റെ നമ്പർ പുതുതായിരുന്നതുകൊണ്ട് ഡയറക്ടറിയിൽ ഉണ്ടായിരുന്നില്ല. പക്ഷേ ഞാൻ നമ്പർ കണ്ടുപിടിച്ചു ഫോൺ ചെയ്തു. യാത്രയിൽ ഒരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. എന്റെ ബസുകളൊന്നും താമസിച്ചില്ല. ചിക്കാഗോയിൽ നിന്നു ന്യൂയോർക്കിലേക്കുള്ള വരവിൽ ഭക്ഷണത്തിനു മൂന്നു വട്ടം നിർത്തി. രണ്ടു സ്റ്റോപ്പുകളും ഉണ്ടായിരുന്നു. അതുകൊണ്ട് യാത്ര സുഖകരമായിരുന്നു.

ഇവിടെയുള്ള എന്റെ ജോലിയും പരിപാടികളും ഇങ്ങനെ

1. പെൺകുട്ടികളുടെ ഇടയിലെ വ്യക്തിപരമായ സുവിശേഷീകരണം:

തിങ്കൾ : എനിക്കിഷ്ടമുള്ളതു പോലെ

ചൊവ്വ : തെരുവിലെ സുവിശേഷീകരണവും തെരുവുമീറ്റിംഗുകളും

ബുധൻ: കൗമാരക്കാരായ പെൺകുട്ടികളെ ആശുപത്രികളിൽ സന്ദർശിക്കുക.

വ്യാഴം : പെൺകുട്ടികളെ ജയിലിൽ സന്ദർശിക്കുക

വെള്ളി : തെരുവിലെ സുവിശേഷീകരണവും തെരുവു മീറ്റിംഗുകളും

ശനി :സാമുദായിക സഭകളുമായി ചേർന്നുള്ള പ്രവർത്തനം

ഞായർ : പെന്തക്കോസ്തു സഭകളോടു സഹകരിച്ചുള്ള പ്രവർത്തനം

2. പെൺകുട്ടികളുടെ ഡോർമിറ്ററിയുടെ ചുമതല : മുറികൾ ശുചിയാക്കുക വേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

3. മ്യൂസിക് ഡയറക്ടറുടെ ഉത്തരവാദിത്വം.

പെൺകുട്ടികളുടെ സുവിശേഷീകരണത്തിനു എന്നോടൊപ്പം തുടക്കപ്രവർത്തനങ്ങൾക്കായി ഒരു വ്യക്തിയെ ലഭിക്കേണ്ടതിനു ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

ഈയാഴ്ച ജോയുടെ സെക്ഷനിൽ കൊലക്കുറ്റം ചെയ്ത മൂന്നു കുട്ടികൾ ഉണ്ടായിരുന്നു.

എനിക്ക് അത്താഴം ഉണ്ടാക്കാൻ സഹായിക്കാൻ പോകേണ്ടിയിരിക്കുന്നു. നിർത്തട്ടെ ചർച്ചിൽ പോകാൻ മറക്കരുതേ. സ്നേഹപൂർവം

സെന്ററിന്റെ എല്ലാ ക്രമീകരണങ്ങളും പൂർത്തീകരിച്ച് ഒടുവിൽ “നോക്ക്, നമ്മൾ പ്രവർത്തനത്തിനു റെഡിയായി” എന്നു ജെന്നിയോടു പറഞ്ഞ സന്ധ്യ ഞാൻ മറക്കുകയില്ല.

കേന്ദ്രത്തിന്റെ കൊച്ചുചാപ്പലിൽ നിൽക്കുകയായിരുന്നു ഞങ്ങൾ. പഴയ വീടിന്റെ ഔപചാരികമായ ഡ്രോയിങ് റൂമായിരുന്നു ഒരിക്കലിത്. ഒരു ചുവരിനോടു ചേർന്ന് ഫയർ പ്ലെയ്സ് ഉണ്ടായിരുന്നു. കൊത്തുപണികൾ ചെയ്ത അതിന്റെ ചിമ്മിനി മുറിയിലേക്കു തള്ളി നിൽക്കുന്നുണ്ടായിരുന്നു. ജെന്നിയോടു സംസാരിക്കവേ ഞാൻ അതിന്മേലേക്കു ചാഞ്ഞു.

ഞാൻ ജെന്നിയോടു പറഞ്ഞുകൊണ്ടിരുന്നത് ഒന്നരവർഷം മുൻപ് ഫിലിപ്സ്ബർഗിൽ ചന്ദ്രികാ ചർച്ചിതമായ ഒരു രാത്രിയിൽ ഞാൻ കൊയ്ത്തിനു വിളഞ്ഞു കിടക്കുന്ന ഒരു ഗോതമ്പു പാടം കാറ്റിൽ ഉലഞ്ഞു നിൽക്കുന്നതായി കണ്ടതിനെക്കുറിച്ചാണ്. ഇപ്പോഴിതാ കർത്താവു ഞങ്ങളെ ശരിക്കും വയലിലേക്കു കൊണ്ടു വന്നിരിക്കുന്നു. അവിടുന്നു ഞങ്ങൾക്കു കൊയ്യാനുള്ള ഉപകരണങ്ങളും തന്നു. ഇരുപതു ഒന്നാന്തരം പ്രവർത്തകരും പരിശുദ്ധാത്മാവിന്റെ പരിവർത്തന ശക്തിയുള്ള വിശ്വാസവും.

ജെൻ പൊടുന്നനെ പറഞ്ഞു ‘പൊന്നെ നോക്ക്’ അവൾ ചിമ്മനിയിലേക്കു വിരൽ ചൂണ്ടി.

എന്താണ് അവൾ ഉദ്ദേശിക്കുന്നതെന്നറിയാൻ ഞാനും വിരൽ ചൂണ്ടിയ ഭാഗത്തേക്കു ചിമ്മനിയിൽ ഉറ്റുനോക്കി. അവിടെയതാ ഞങ്ങളുടെ ചാപ്പലിന്റെ ഫയർപ്ലേയിൽ ഒന്നാന്തരം ഒരു ചിത്രം കൊത്തിവച്ചിരിക്കുന്നു. അതു മറ്റൊന്നുമല്ല: കൊയ്തുകെട്ടിവെച്ച മണികൾ നിറഞ്ഞ ഒരു ധാന്യക്കറ്റയുടെ ചിത്രം.

(തുടരും)

[THE CROSS AND THE SWITCHBLADE,copyright c 1963. Orginally published in English under the titleTHE CROSS AND THE SWITCHBLADE by David Wilkerson with John and Elizabeth Sherrill, published by Chosen Books LLC,Chappaqua,New York, USA. All rights reserved.]





(പേജ് 12ൽ നിന്നു തുടർച്ച)

ചെയ്യുന്നു.

4) ചിറകുകൾ: ചിറകുകൾ വെള്ളത്തിൽ മുമ്പോട്ടു നീങ്ങുവാൻ മത്സ്യത്തെ സഹായിക്കുന്നു. ഞാൻ ലോകത്തിൽ ജീവിക്കുന്നുവെങ്കിലും ക്രിസ്തുവിനോടു കൂടുതൽ അടുക്കുവാൻ ആത്മീയചിറകുകൾ സൂക്ഷിക്കേണ്ട ആവശ്യമുണ്ട്. എന്നാൽ വെള്ളത്തിലായിരിക്കുമ്പോൾ നീങ്ങുവാൻ ചിറകുകൾ അത്യന്താപേക്ഷിതമല്ല എന്ന സത്യം ഞാനോർക്കണം. വെള്ളം ഒഴുകുന്ന ദിശയിലേക്കു ചിറകുകളുടെ സഹായം കൂടാതെ മത്സ്യത്തിനു നീങ്ങാം. പോകാൻ ആഗ്രഹിക്കുന്ന ദിശയിലേക്കോ പോകേണ്ടതായ ദിശയിലേക്കോ അല്ല വെള്ളത്തിന്റെ ദിശയിലേക്കാവും അപ്പോൾ മത്സ്യം നീങ്ങുന്നത്. എന്നാൽ ഒഴുക്കിനെതിരേ നീന്തണമെങ്കിൽ ചിറകുകൾ ഉപയോഗിച്ചേ മതിയാവൂ. ചിറകുകൾ ബലഹീനമോ പൂർണ്ണവളർച്ച പ്രാപിക്കാത്തതോ എങ്കിൽ ഇതു സാധിക്കയില്ല.

ഇതുപോലെ ലൗകികവ്യവസ്ഥക്കെതിരേ നീന്തുവാൻ ഞാൻ ആത്മീയചിന്തകൾ ശക്തമാക്കേണ്ടതുണ്ട്. ലോകത്തിന്റെ വ്യവസ്ഥിതി എന്റെ ഉള്ളിൽ പ്രവേശിക്കാതിരുന്നാൽ മാത്രം പോരാ (ചെതുമ്പലുകൾ അതിനെന്നെ സഹായിക്കും), ഞാനീ ലോകത്തിന്റെ ഒഴുക്കിനെതിരേ നീന്തിയേ മതിയാകൂ. ഈ ലോകത്തിന്റെ ഒഴുക്കിനെതിരേ നീങ്ങുന്ന എന്റെ വ്യക്തിത്വത്തെ നിർവ്വചിക്കുന്ന എല്ലാകാര്യങ്ങളും-എന്റെ ധനം, പദവി, സൗന്ദര്യം, പ്രശസ്തി തുടങ്ങിയ എല്ലാം-യേശുക്രിസ്തുവിന് അനുയോജ്യമായിരിക്കാൻ ഈ ആത്മീയചിറകുകൾ എത്രയധികം പ്രധാനമാണ്!

ഈ ലോകത്തിൽ ജീവിക്കുന്ന നാം ഓരോരുത്തരും നമ്മുടെ കർത്താവിനോടു കൂടുതൽ അനുരൂപരാകുവാൻ ഇടയാകട്ടെ. അവിടുന്നു നമ്മെ ശുദ്ധിയുള്ളവരായി എല്ലായ്പ്പോഴും കാണട്ടെ!

(അവസാനിച്ചു)

# Just a minute



**He was oppressed and He was afflicted, yet He never said a word. He was brought as a lamb to the slaughter and as a sheep before the shearer....**

**(Isiah.53:7 L.B)**

Pheba Cleetus

# ജീവമൊഴികൾ വെബ്സൈറ്റ് സന്ദർശിക്കുക!

## ഒട്ടേറെ സൗജന്യങ്ങൾ!!

**www.jeevamozhikal.org** എന്ന വെബ്സൈറ്റിൽ നിന്ന് ജീവമൊഴികൾ മാസിക, മാസികയുടെ പഴയ ലക്കങ്ങൾ, ജീവമൊഴി പബ്ലിക്കേഷന്റെ മലയാള പുസ്തകങ്ങൾ, ബ്രദർ സാക് പുന്നന്റെ മലയാളം പരിഭാഷയുള്ള ഇരുനൂറിലേറെ ഓഡിയോ സന്ദേശങ്ങൾ എന്നിവ നിങ്ങൾക്കു വായിക്കുകയും കേൾക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാം.

*കൂടാതെ **Word for the week** ന്റെ മലയാളപരിഭാഷയും ഈ സൈറ്റിൽ ലഭ്യമാണ്. ഇത് ഈമെയിലിൽ ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ jeevamozhikal@gmail.com ൽ ആവശ്യപ്പെടുക.*

**എല്ലാം തീർത്തും സൗജന്യം!!!**

ഇരുനൂറിലേറെ ഓഡിയോ സന്ദേശങ്ങൾ അടങ്ങിയ താഴെപ്പറയുന്ന 33 സിഡികൾ നേരിൽ വേണമെന്നുള്ളവർ **'ജീവമൊഴി പബ്ലിക്കേഷൻസ്, കുമാരനല്ലൂർ പി ഒ. കോട്ടയം-686016**, ഫോൺ:9495234087. എന്ന വിലാസത്തിൽ ഡി ഡി/മണിയോർഡർ അയച്ചാൽ സി ഡി എത്തിച്ചുതരും. ഒരു സിഡിക്ക് **40 രൂപ** മാത്രം(പോസ്റ്റേജ് ഉൾപ്പെടെ).

**സിഡികൾ:**

1. വിജയകരമായ ക്രിസ്തീയജീവിതം
2. യേശു നമ്മുടെ മുന്നോടി
3. ക്രിസ്തുവിന്റെ ശരീരം
4. ക്രൂശിന്റെ വചനം
5. യഥാർത്ഥ സത്യം
6. തേജസ്സിൽ നിന്നു തേജസ്സിലേക്ക്
7. ക്രിസ്തീയജീവിതത്തിലെ വൈരുദ്ധ്യങ്ങൾ
8. അഗ്നിയിൽ സ്ഫുടം ചെയ്യുന്ന ദൈവം
9. കൂടുതൽ തേജസ്സ്
10. യഥാർത്ഥസഭ/നഷ്ടസത്യങ്ങൾ
11. ദൈവമഹത്വം നിറഞ്ഞ ആലയം
12. സന്തോഷത്തോടെ ദൈവത്തിനായി ചെലവായിപ്പോകുക
13. ദൈവികഭവനം
14. വിശ്വാസത്താലുള്ള ജീവിതം.
15. ന്യായപ്രമാണവും പരിശുദ്ധാത്മാവും
16. ക്രിസ്തുവിന്റെ മടങ്ങിവരവിനു തയ്യാറാവുക
17. നിങ്ങൾ എന്ത് അന്വേഷിക്കുന്നു?
18. ക്രിസ്തുവിലുള്ള ഒരു പുതുജീവിതം
19. ആത്മീയരാകുക
20. ക്രിസ്തുവിന്റെ മടങ്ങിവരവിന്റെ ലക്ഷണങ്ങൾ.
21. സമൃദ്ധമായ പ്രവേശനം
22. ദൈവഭയവും താഴ്മയും
23. ദൈവത്തെ അറിയുക
24. ദൈവം നമുക്കായി എന്തു ചെയ്തു?
25. ദൈവത്തിങ്കലേക്കുള്ള അംഗീകാരം
26. പുതുജനനവും ദൈവരാജ്യവും.
27. പാറമേൽ നിങ്ങളുടെ ആലയം പണിയുക
28. സുവിശേഷത്തിന്റെ പരമലക്ഷ്യം
29. സാത്താനെ ജയിക്കുക
30. കൃപ നമ്മെ സമ്പന്നരാക്കുന്നു
31. യഥാർത്ഥമതവും വ്യാജമതവും
32. ദൈവിക ലക്ഷ്യങ്ങൾ നമ്മുടെ നന്മയ്ക്ക്
33. പരിശുദ്ധാത്മാവ്.

ബ്രദർ സാക് പുന്നന്റെ 4 **മലയാളപുസ്തകങ്ങൾ** കൂടി ഇറങ്ങിയിരിക്കുന്നു. പുസ്തകങ്ങൾ ആവശ്യമുള്ളവർ മേൽപ്പറഞ്ഞ അഡ്രസ്സിൽ പണമയച്ചാൽ അയച്ചുതരുന്നതായിരിക്കും.സ്വന്തമേൽവിലാസം ടെലിഫോൺ നമ്പർ സഹിതം എഴുതുമല്ലോ.

| | | | |
|---|---|---|---|
| 1. ചെറിയ ആരംഭങ്ങളുടെ ദിവസം-വാല്യം.2 | വില | 50 | രൂപ |
| 2. ആത്മീയനേതാവ് | " | 40 | " |
| 3. തോൽവിയിലെ ദൈവികലക്ഷ്യം | " | 30 | " |
| 4. ദൈവികശുശ്രൂഷയുടെ പ്രമാണങ്ങൾ | " | 30 | " |



# Under New Management

I heard of a man, very illiterate, who had been living a very bad sort of life. But one day he received Christ at a Salvation Army meeting, and showed he was truely converted.

One suday morning he came home from the Salvation Army's holiness meeting very miserable."What's the matter with you?" asked his wife. "I thought you said you'd got converted"."I am" he said, "but I'm so miserable today because everyone had red jerseys on but me." "Oh" replied his wife, "that's easy. I'll knit you one!"

So she sat down and knitted him a red jersey that week, and the next sunday he went to the meeting proudly wearing it. He came back home miserable."What's the matter with you now?" asked his puzzled wife."Well, you see," he said "everybody else had some lovely white letters on their red jerseys, but I had none.""What can we do about that?" wondered his wife."What are we going to put on it?" The poor woman couldn't read either, so she didn't know what to do. As she sat down at her window, she noticed that across the street a store had put up a new banner, so she decided to copy the letters and sew them on her husband's jersey.The next sunday morning he came home radiant! "Do you know, my dear,"he said "everybody said that I had the best jersey of any one there!" Do you know what was written on it? "Under new management"

Are you "under new management"? Is Jesus Christ king in practice as well as in theory? Is the kingdom of your personality His? Has He had a coronation day in your heart? - Alan Redpath

## പൊതുമാപ്പ്

A Joyful Toon by Mike Waters



അവൻ, അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ചു ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു-കൊലൊ.2:14

JEEVA MOZHIKAL RNI/KERBIL/-2003/21404 Regn No: KL/KTM/606/2009-11
December 2009 www.jeevamozhikal.org WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## നല്ല ശമര്യാക്കാരന്റെ പേര്

ധനികനായ ഒരു സാമൂഹികപ്രവർത്തകനായിരുന്നു ജോഹാൻ ഫ്രഡറിക് ഓബർലിൻ. അദ്ദേഹം ഒരിക്കൽ സ്റ്റാർസ്ബർഗ് എന്ന സ്ഥലത്തുകൂടി യാത്ര ചെയ്യുകയായിരുന്നു. അപരിചിതമായ സ്ഥലം. പ്രതികൂലമായ കാലാവസ്ഥ. എങ്കിലും ഓബർലിൻ മുന്നോട്ടുതന്നെ നടന്നു.

പകൽ അല്പം കഴിഞ്ഞപ്പോൾ മഞ്ഞുപെയ്യാൻ ആരംഭിച്ചു. വിജനമായ സ്ഥലത്തു മഞ്ഞുമഴയിൽപെട്ട അദ്ദേഹം എന്തുചെയ്യണമെന്നറിയാതെ വിഷമിച്ചു. മുന്നോട്ടോടി. പക്ഷേ കാൽതെറ്റി മഞ്ഞുകട്ടകൾ നിറഞ്ഞ ഒരു കുഴിയിൽ വീണുപോയി. മുങ്ങിപ്പോയില്ലെങ്കിലും തണുത്തുമരവിച്ച് ആ മഞ്ഞുകട്ടകൾക്കു മീതെ മുകളിലേക്കുകയറുവാൻ കഴിയാതെ അദ്ദേഹം കിടന്നു. മരവിച്ച് മരിച്ചുപോകുമെന്ന അവസ്ഥ.

ഈ നിലയിൽ കിടന്ന അദ്ദേഹത്തെ ഒടുവിൽ കണ്ടെത്തിയത് ഒരു ക്രിസ്തീയവിശ്വാസി ആയിരുന്നു. ഈ വിശ്വാസി സ്വന്തജീവൻപോലും പണയപ്പെടുത്തി ഓബർലിനെ ആ കുഴിയിൽനിന്നു രക്ഷപ്പെടുത്തി. അദ്ദേഹത്തെ ചുമലിൽ എടുത്ത് ദീർഘദൂരം നടന്ന് സുരക്ഷിതമായ ഒരു സ്ഥലത്ത് എത്തിച്ച് ജീവൻ രക്ഷിച്ചു.

തന്നെ രക്ഷിച്ച വ്യക്തിക്ക് നല്ല ഒരു തുക ഓബർലിൻ നൽകിയെങ്കിലും അദ്ദേഹം അതു സ്വീകരിച്ചില്ല. മറ്റു പല രീതിയിൽ പ്രത്യുപകാരമായി പണം ഏൽപിക്കാൻ ശ്രമിച്ചിട്ടും അദ്ദേഹം ഒഴിഞ്ഞുമാറി.

ഒടുവിൽ ഓബർലിൻ ചോദിച്ചു "താങ്കളുടെ പേരെങ്കിലും ഒന്നു പറയാമോ?"

വിശ്വാസി: "നിങ്ങൾക്കു ബൈബിളിലെ നല്ല ശമര്യാക്കാരന്റെ പേര് അറിയാമോ?"

ഓബർലിൻ: "അതു ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ലല്ലോ."

വിശ്വാസി: "എങ്കിൽ എന്റെ പേര് പറയുന്നതിൽനിന്നും ദയവായി എന്നെ ഒഴിവാക്കുക." (മത്താ.6:3; ലൂക്കോ.22:26)

## ജീവമൊഴി അർദ്ധദിനസമ്മേളനം
### കോഴിക്കോട്ട് ഡിസംബർ 12ന്

സ്ഥലം: ഇൻവെസ്റ്റേഴ്സ് ക്ലബ്, സ്വിമ്മിംഗ്പൂളിനു സമീപം, ജാഫർഖാൻ കോളനി റോഡ്, കോഴിക്കോട്
സമയം: ഡിസംബർ 12 ശനി രാവിലെ 10 മുതൽ 1.30വരെ
ചിന്താവിഷയം: തേജസ്സിൽ നിന്നു തേജസ്സിലേക്ക്

*ജീവമൊഴി വായനക്കാരും വരിക്കാരും*
*സത്യാന്വേഷികളുമായ എവർക്കും സ്വാഗതം*

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
ഫോൺ: 9495575692; 9446646238

Printed, Published and owned by T. Ipe. Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam, Tel: 2569847. Editor-Geoji. T. Samuel.